ക്രിസ്തീയസഭയിൽ ജൂബിലി മ്ശിഹായാൽ ദത്തമായിരിക്കുന്ന അധികാരം പ്രയോഗിച്ചു നൽകുന്ന വിമോചനങ്ങളുടെ കാലഘട്ടമാകുന്നു. ആദ്യ ജൂബിലി ക്രി.ശ. ൦൦-ൽ വ-ാം ബോനിഫേസ് പ്രസ്താവിക്കുകയും ക്രി.ശ. ൦൦-ാം ആണ്ടുകൾതോറും ആഘോഷിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. അനന്തരശതാബ്ദങ്ങളിലും ജൂബിലി പ്രസ്താവിക്കപ്പെടുകയുണ്ടായി. ജൂബിലി ൩൦-ാം ആണ്ടുകൾതോറും ആഘോഷിക്കപ്പെടണമെന്നു ക്രി.ശ. ൩൦-ൽ ന-ാം ക്ലെമെന്റും, നൂറു-ാം വത്സരങ്ങൾതോറുമെന്നു ക്രി.ശ. വ്വൻ-ൽ ന-ാം ഉർബാനും നിശ്ചയിച്ചു. ജൂബിലിയുടെ അനുഭവങ്ങൾ ക്രൂതൽ ആളുകൾക്കു ഉണ്ടാകേണ്ടതിനായി ൨൫-ാം ആണ്ടുകളിൽ അതു ഘോഷിക്കപ്പെടണമെന്നു ക്രി.ശ. ൧൭൦൦-ൽ വ-ാം ഒന്പോസു തീരുമാനിക്കയും ഈ തീരുമാനം ക്രി.ശ. ൧൯൫൫-ൽ ൧൨-ാം സിക്സ്റ്റസ് നടപ്പിൽ വരുത്തുകയും ചെയ്തു. അതുമുതൽ ഈ വിധത്തിൽ നടന്നുവരുന്നു. ചില പ്രത്യേകാവസരങ്ങളിലും, തിരുസഭക്കു മഹാ വിപത്തു നേരിടുമ്പോഴും, തങ്ങളുടെ അഭിഷേകാവസരങ്ങളിലും മാർപ്പാപ്പാമാർ ജൂബിലി പ്രസിദ്ധീകരിക്കാറുണ്ട്. മ്ശിഹായുടെ പ്രതിപുരുഷസ്ഥാനത്തിൽ വി. പത്രോസിന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു ഇപ്പോൾ തിരുസഭാഭരണം നിർവ്വഹിച്ചുവരുന്ന വിശ്വവിഖ്യാതനായ ക്രി-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തന്റെ ഗുരുപട്ടത്തിന്റെ ൩൦-ാംവത്സരപൂർത്തി സംബന്ധിച്ചും, മനുഷ്യരക്ഷ സാധിതമായതിന്റെ ക്രി-ാം ശതാബ്ദപൂർത്തി സംബന്ധിച്ചും ജൂബിലി പ്രഖ്യാപനം ചെയ്തു വസ്തുത നാമേവരും അറിഞ്ഞിട്ടുള്ളതാണല്ലോ. ഭക്തിതികഞ്ഞ സംവൃദ്ധമാക്കണമെന്നും പാപപരിഹാരമനുഷ്ഠിക്കണമെന്നുമുള്ളതാണു ക്രിസ്തീയജൂബിലിയുടെ ഉദ്ദേശ്യം. വ-ാം ബൊനിഫെസ് 'ജൂബിലി' എന്ന പദം തിരുവെഴുത്തിൽ പ്രയോഗിച്ചിട്ടില്ലെങ്കിലും "ജൂബിലിവത്സരം" എന്നാണു ഗ്രന്ഥകാരന്മാരെല്ലാം അതിനു പേർ പറയുന്നതു്. 'വിശുദ്ധവത്സരം', 'സുവർണ്ണവത്സരം' എന്നുകൂടിയും പറഞ്ഞുകാണുന്നുണ്ടു്. സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ചുള്ള സ്മരണീയങ്ങളായ ചില കാലഘട്ടങ്ങളെ ഉദ്ദേശിച്ചും ജൂബിലി ആഘോഷിക്കുക കാലാന്തരത്തിൽ നടപ്പായി.

ഇങ്ങനെ മാർ അപ്രേം വിദ്യാലയത്തിന്റെ സുവർണ്ണജൂബിലിമഹാമഹം ഇന്നു നാം ആഘോഷിക്കുന്നു. 'അപ്രേം' എന്ന പദത്തിനു എബ്രായ സുറിയാനിഭാഷകളിൽ 'വളരുന്നു,' 'ഫലം ചെയ്യുന്നു' എന്നാണല്ലോ അർത്ഥം. മാന്നാനം കുന്നിൽ പരിലസിക്കുന്ന അപ്രേം വിദ്യാലയം സാക്ഷാൽ അപ്രേമിന്റെ എന്നുവെച്ചാൽ വളർച്ചയുടെയും ഫലത്തിന്റെയും ഒരു സ്ഥാപനമാണു്. ഈ വിദ്യാമന്ദിരം സ്ഥാപിതമായ ശേഷമുള്ള ന-ാമത്തെ സംവത്സരത്തിൽ അതിലെ ഒരു വിദ്യാർത്ഥിയാകുവാനുള്ള ഭാഗധേയം എനിക്കു ലഭിച്ചു. മലങ്കരസഭാചരിത്രകർത്താവെന്ന നിലയിൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ദിവ്യശ്രീ ക. നി. മൂ. സ. ബർണ്ണാർദച്ചൻ അവർകൾ അയിരുന്നു അക്കാലത്തു ഇതിന്റെ അദ്ധ്യക്ഷൻ. അന്നു ഒരു മിഡിൽസ്കൂൾ മാത്രമായിരുന്ന ഈ സ്ഥാപനം ഇന്നു ഒരു ഹൈസ്കൂളായിത്തീർന്നിരിക്കുന്നു. പണ്ടേതന്നെ ഗംഭീരമായിരുന്ന സ്കൂൾകെട്ടിടം പുതിയ എടുപ്പുകൾ മുതലായവകൊണ്ടു പൂർവ്വാധികം വിസ്തൃതമായിരിക്കുന്നു. അതേ, അപ്രേം വിദ്യാലയം സാക്ഷാൽ അപ്രേമിന്റേതു-വളർച്ചയുടേതു-തന്നെ. എത്ര മഹത്തായ ഫലങ്ങളാണ് ഈ വിദ്യാലയം പുറപ്പെടുവിച്ചിട്ടുള്ളതു്. നാനാജാതി മതസ്ഥരായ അതിലെ പൂർവ്വവിദ്യാർത്ഥികളിൽ പലരും ഇന്നു ഉന്നതങ്ങളായ സ്ഥാനങ്ങളെ അലങ്കരിച്ചുകൊണ്ടിരിക്കുന്നു. മെത്രാപ്പോലീത്താ, മെത്രാൻ, മോൺസിഞ്ഞോർമാർ, വി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ., യൂണിവേർസിറ്റി, കോളേജുകൾ ഇവയിലെ പ്രൊഫസർമാർ, കവികൾ, ഗ്രന്ഥകാരന്മാർ, പത്രപ്രവർത്തകന്മാർ, പ്രസംഗകന്മാർ, താർക്കികന്മാർ, ചരിത്രകർത്താക്കന്മാർ, വണിക്കുശ്രേഷ്ഠന്മാർ, ബാങ്കർമാർ ആദിയായി പല നിലയിലുള്ള മഹാന്മാരെ ഈ വിദ്യാലയം ജനിപ്പിച്ചിട്ടുണ്ട്. മലങ്കരസഭയുടെ അഭ്യുദയത്തിനും ഉന്നമനത്തിനുമായി അധികാരസ്ഥാനങ്ങളിൽ ഇരുന്നുകൊണ്ടും അല്ലാതെയും പ്രയത്നിച്ചിട്ടുള്ളവരും പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരുമായ ഇടവകവൈദികന്മാരിലും കർമ്മലീത്താസഭാംഗങ്ങളിലും ഭൂരി


പക്ഷം മാർ അപ്രേം വിദ്യാലയമാതാവിന്റെ അരുമസന്താനങ്ങളാണ്. അതെ, അപ്രേം വിദ്യാലയം അതിന്റെ നാമാർത്ഥം സൂചിപ്പിക്കുന്നതുപോലെ അപ്രേമിന്റെ–സൽഫലങ്ങളുടെ–ആലയം തന്നെ. ഇങ്ങനെ തന്റെ നാമം അനുപദ്ധമാക്കിത്തീർത്തിരിക്കുന്ന മാർ അപ്രേം വിദ്യാലയത്തിന്റെ സുവർണ്ണജൂബിലിമഹാമഹാഘോഷം അത്യന്തം മോടി പിടിപ്പിക്കുവാൻ പൂർവ്വവിദ്യാർത്ഥികളും ആധുനിക വിദ്യാർത്ഥികളുമായ അവളുടെ സന്താനങ്ങൾ ഒന്നാകെ ഇളകി അത്യുത്സാഹഭരിതരായി കാണപ്പെടുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. സുവർണ്ണജൂബിലിമഹാമഹം സർവ്വഥാ മംഗളമായി പരിണമിക്കട്ടെ. സ്നേഹമാതാവായ മാർ അപ്രേം വിദ്യാലയം തന്റെ വജ്ര ജൂബിലി ഘോഷങ്ങളും നിരവധി ശതാബ്ദഘോഷങ്ങളും കണ്ട അനശ്വരകീർത്തി ധാവള്യത്തോടെ എന്നും വിജയിക്കട്ടെ.

ഉൽക്കാപാതവും ധൂമകേതുക്കളും.


വി. ജെ. ജോസഫ്, എം. എ.

പ്രകൃതിഘടനയിൽ പ്രധാനമായ രണ്ടു വിഭാഗങ്ങളുണ്ട്. ഇവ സ്ഥലവും സ്ഥലത്തെ അധിവസിക്കുന്ന ദ്രവ്യഗോളങ്ങളുമാണ്. ഇവയിൽ സ്ഥലം എല്ലാ ഭാഗത്തേക്കും അനന്തമായി വ്യാപിച്ചിരിക്കുന്നു. ഏതൊരു ഭാഗത്തേക്കും അതിന്റെ ദൈർഘ്യത്തിനും വിസ്താരത്തിനും യാതൊരു അറവും അവധിയും ഇല്ല. സ്ഥലത്തിന്റെ ആഴത്തെയോ വിസ്താരത്തെയോ കുറിച്ചുള്ള ഏറ്റവും മഹത്തായ നമ്മുടെ ഊഹങ്ങൾപോലും യഥാർത്ഥത്തോടു തുലനംചെയ്യാൽ തുലോം നിസ്സാരങ്ങൾ മാത്രമാണ്. ഇങ്ങനെ അനന്തമായ സ്ഥലത്തിൽ അവിടവിടെയായി സ്ഥിതിചെയ്യുന്ന ദ്രവ്യഗോളങ്ങളിൽ പലതും അവയ്ക്കുതുല്യമായ വലിപ്പമുള്ളവയാകുന്നു. നാം വസിക്കുന്ന ഭൂമി എത്ര ബൃഹത്തായ ഒരു ഗോളമാണെന്നു നമുക്കുതന്നെ നിശ്ചയമാണല്ലോ. എന്നാൽ ഭൂമി സൂര്യന്റെ ഒരു ഗ്രഹം മാത്രമാണെന്നും ഭൂമിയേക്കാൾ അനേക മടങ്ങു വലിപ്പമുള്ള മറ്റു ഗ്രഹങ്ങൾ സൂര്യനുണ്ടെന്നും പറയുമ്പോൾ സൂര്യന്റെയും സൂര്യമണ്ഡലത്തിലെ മറ്റു ഗ്രഹങ്ങളുടേയും വലിപ്പത്തെക്കുറിച്ചു ഏതാണ്ടൊരു ബോധം നമുക്കുണ്ടാകുന്നു. ആകാശത്തിൽ നാം കാണുന്ന അനവധി നക്ഷത്രങ്ങളിൽ ഓരോന്നും പല ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അടങ്ങിയ സൂര്യമണ്ഡലംപോലുള്ള മറ്റു മണ്ഡലങ്ങളുടെ മദ്ധ്യവർത്തിയും ചലനദാതാവും ആയ ഓരോ സൂര്യനാണെന്നും അവയിൽ പലതും നമ്മുടെ സൂര്യനേക്കാൾ വളരെ മടങ്ങു വലിപ്പംകൂടിയവയാണെന്നും ദൂരസ്ഥിതികൊണ്ടു മാത്രം അവ തീരെ ചെറുതായി നമുക്കു തോന്നുന്നതാണെന്നും ക്രമീകരിച്ചാൽ പിന്നെ ഈ മഹാഗോളങ്ങളുടെ വലിപ്പം എന്തായിരിക്കണമെന്നു നമുക്കൂഹിക്കാമല്ലോ.


ഈ മഹാഗോളങ്ങളെല്ലാം നിശ്ചലന്മാരായി നിൽക്കാതെ പരിശ്രമശീലത്തിന്റെ സൂതിപാഠകന്മാരായി ഒരേ മുഹൂർത്തത്തിൽ തന്നെ ഒന്നോ ഒന്നിലധികമോ പ്രകാരത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. ന്യൂട്ടന്റെ (Newton) നിയമമനുസരിച്ചു ഏതെങ്കിലും രണ്ടു ഗോളങ്ങൾക്കു തമ്മിൽ അവയുടെ പരിമാണഫല (product of the masses) മനുസരിച്ചു വർദ്ധിക്കുന്നതും മദ്ധ്യസ്ഥാനങ്ങളുടെ ദൂരവർഗ്ഗ (square of the distance between the centres) മനുസരിച്ചു കുറയുന്നതുമായ ഒരാകർഷണശക്തിയുണ്ട്. തൻമൂലം ഒരു ഗ്രഹം അതുൾപ്പെട്ടിരിക്കുന്ന മണ്ഡലത്തിലെ സൂര്യനാലും മറ്റെല്ലാ ഗ്രഹങ്ങളാലും ആകർഷിക്കപ്പെടുന്നു. പക്ഷെ സൂര്യന്റെ പരിമാണം മറ്റു ഗ്രഹങ്ങളുടേതിനെക്കാൾ എത്രയും ഉപരിയായിരിക്കുന്നതുകൊണ്ടു ആ ഗ്രഹത്തിനു സൂര്യനിലേക്കുള്ള ആകർഷണം സർവ്വപ്രധാനമായിരിക്കും. ഈ ആകർഷണഫലമായി ഓരോ ഗ്രഹവും കെപ്ലറിന്റെ (Keplar) നിയമമനുസരിച്ചുള്ള വേഗതയോടെ അതിന്റെ സൂര്യനെ ചുറ്റി വൃത്തത്തിലോ, ദീർഘവൃത്തത്തിലോ, (ellipse) ഹൈപ്പർബോളായിലോ (hyperbola) ആയ



ചിത്രം 1. വൃത്തം.



ചിത്രം 2. ദീർഘവൃത്തം.



ചിത്രം 3. ഹൈപ്പർബോളാ.

പന്ഥാവുകളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കണം. മിക്ക ഗ്രഹങ്ങളുടേയും പന്ഥാവുകൾ ദീർഘ വൃത്തങ്ങളും, അവയുടെ വേഗത സെക്കണ്ടൊന്നിനു അനേക മൈൽസു വീതവുമാണ്. യാതൊരു ഒഴികഴിവും കൂടാതെ എല്ലാ ഗ്രഹങ്ങളും ഒരുപോലെ അനുസരിക്കേണ്ടവയായ ന്യൂട്ടന്റെയും കെപ്ലറിന്റെയും നിയമങ്ങൾ അനുസരിച്ചുള്ള ഈ ചലനം കൂടാതെ പല ഗോളങ്ങൾക്കും ഭ്രമിക്കുള്ളതുപോലെ അവയിൽക്കൂടെയുള്ള ഒരച്ചുതണ്ടിന്മേൽ തിരിയുന്ന വേറൊരു ചലനംകൂടിയുണ്ട്. ഇവയ്ക്കു രണ്ടിനും പുറമെ, സൂര്യമണ്ഡലം ആകപ്പാടെ ചില നക്ഷത്രമണ്ഡലങ്ങളിലേക്കു സഞ്ചരിക്കുന്നുണ്ടെന്നു ഹേഷ്ൽ (Herschel) സ്ഥാപിച്ചതുപോലെ മറ്റെല്ലാ മണ്ഡലങ്ങൾക്കും ഓരോരോ ഭാഗത്തേക്കു ഓരോരോ വേഗതയുണ്ടായിരിപ്പാനും മാർഗ്ഗമുണ്ട്.


ബൃഹത്തായ ഈ മഹാ ഗോളങ്ങൾക്കു മാത്രമല്ല സ്ഥലത്തിൽ സ്ഥാനം അനുവദിച്ചിട്ടുള്ളതു്. വലുതെന്നും ചെറുതെന്നും ഉള്ള വ്യത്യാസം പ്രകൃതി നമ്മെപ്പോലെതന്നെ അത്ര ഗൗരവമായി ഗണിക്കുന്നുണ്ടോ എന്നു തോന്നുന്നില്ല. അനന്തമായ സ്ഥലത്തിൽ ഒരു സ്ഥാനം ലഭിക്കുന്നതിനു കുറഞ്ഞപക്ഷം ഇത്ര വലിപ്പം വേണമെന്നു ക്ലിപ്തമായ ഒരു തോതും ഇല്ല. സൂര്യനേക്കാൾ പത്തു മടങ്ങു വലിപ്പംക്കുറഞ്ഞ സിരിയസ് (Sirius) എന്ന നക്ഷത്രം മുതൽ സൂര്യമണ്ഡലത്തിലെ ഏറ്റവും ചെറുതെന്നു ഗണിച്ചിരിക്കുന്നതും ഉദ്ദേശം പത്തു മൈൽസു വ്യാസവും കുറെ ആയിരം ടൺസു മാത്രം തൂക്കവുമുള്ള മാർസി (Mars) ന്റെ ഒരുപഗ്രഹംവരെ പലേ വലിപ്പങ്ങളിലായി അനേകായിരം സൂര്യന്മാരും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ട്. ഈ മഹാ ഗോളങ്ങൾക്കുള്ള പരസ്പരദൂരം ചിന്തിച്ചാൽ ഇവ വായുവിൽ പറക്കുന്ന പൊടിത്തരികളോടുപമിക്കുന്നതുപോലെ അത്ര ചെറുതായി വിചാരിപ്പാനേ തരമൊള്ളു. ഇങ്ങനെ ഈ മഹാഗോളങ്ങൾക്കിടയിൽ എത്രയോ വിസ്താരത്തിലുള്ള സ്ഥലം മുഴുവൻ വ്യർത്ഥമാണെന്നു നാം ധരിക്കരുതു്. നേരേമറിച്ചു ഈ പ്രദേശം വലിപ്പത്തിൽ വളരെ താണതല്ലാത്ത മറ്റു അസംഖ്യം ചെറുഗോളങ്ങളുടെ വാസസ്ഥലവും വിഹാരഭൂമിയുമാണ്. ഈ ചെറുഗോളങ്ങൾ നമ്മുടെ ദൃഷ്ടിയിൽ വരുമ്പോൾ ഇവയെ നാം ധൂമകേതുക്കൾ എന്നോ വാൽനക്ഷത്രങ്ങൾ എന്നോ വിളിക്കുന്നു.

ഇവകൾക്കും പുറമെ ഏതാനും ടൺസു മുതൽ ഏതാനും ഔൺസുവരെമാത്രം പരിമാണമുള്ളതായി അനവധി ദ്രവ്യവസ്തുക്കൾ ഓരോരോ ഗതിക്കു സെക്കണ്ടൊന്നിനു അനേക മൈൽസു വേഗതയോടേ ഈ പ്രദേശത്തുകൂടി സഞ്ചരിക്കുന്നുണ്ടു്. ഇവയുടെ ചെറുപ്പംകൊണ്ടും നമ്മിൽ നിന്നുള്ള ദൂരംകൊണ്ടും ഇവയേയും നമുക്കെല്ലാപ്പോഴും കാണുവാൻ സാധിക്കുന്നില്ല. എങ്കിലും ചില പ്രത്യേക കാരണവശാൽ ഇവയും ചിലപ്പോൾ നമ്മുടെ ദൃഷ്ടിയിൽപെടുന്നു. ഇങ്ങനെ ദേശത്തിന്റെ അഗാധത്തിൽ കൂടി സഞ്ചരിക്കുന്ന ഈ ചെറിയ ദ്രവ്യവസ്തുക്കൾക്കു ഉൽക്കകൾ എന്നും, അവ നമ്മുടെ ദൃഷ്ടിയിൽപ്പെടുന്നതിനു ഉൽക്കാപാതം എന്നും പറയാം.

ധൂമകേതുക്കളുടേയും ഉൽക്കകളുടേയും എണ്ണത്തിനു ഒരു കയ്യും കണക്കുമില്ല. സമുദ്രത്തിൽ എത്ര മത്സ്യങ്ങളുണ്ടോ ആകാശത്തിൽ അത്രയും ധൂമകേതുക്കളും ഉണ്ടെന്നാണു കെപ്ലർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഉൽക്കകളുടെ എണ്ണം ധൂമകേതുക്കളുടേതിനേക്കാൾ അസംഖ്യം മടങ്ങു വലുതാണു്. ധൂമകേതുക്കളും ഉൽക്കകളും സമുദ്രത്തിലെ മത്സ്യങ്ങളെപ്പോലെതന്നെ ആകൃതിയിലും വലിപ്പത്തിലും അത്ര വിവിധങ്ങളുമാകുന്നു.


ഉൽക്കാപാതത്തിനു സാധാരണ ഭാഷയിൽ "കൊള്ളിമീൻചാട്ടം" എന്നും "ചെങ്കോലു പാച്ചിൽ" എന്നും പറയാറുണ്ടു്. സാധാരണയായി രാത്രികാലങ്ങളിൽ മാത്രമേ ഇതു നമുക്കു കാണുവാൻ സാധിക്കയുള്ളു. ഒരു നക്ഷത്രംപോലെ ഏതോ ഒന്നു് ആകാശത്തിന്മേൽ ഉരഞ്ഞു വളരെ ശോഭയോടേ സല്പന്ഥാരം താഴോട്ടു വന്നു പെട്ടെന്നു നശിച്ചുപോകുന്നതായിട്ടാണു നാം ഇതു സാധാരണ കാണുന്നതു്. ചിലപ്പോൾ ഒരു പഴുത്ത തീക്കട്ടപോലെ ഇതു താഴോട്ടുവന്നു ഭ്രമിയിൽ എത്തുന്നതിനു മുമ്പു പൊട്ടിത്തകരുന്നതായും കാണാറുണ്ടു്. അപൂർവ്വം ചിലവ ഭ്രമിയിൽ എത്തിയെന്നും വന്നേക്കാം. ഇങ്ങനെ ഭ്രമിയിൽ വീണശേഷം ഇവയെ കുഴിച്ചെടുത്തിട്ടുള്ളതിൽ നിന്നും ഇവ ഉരുകിയുറച്ച ലോഹക്കട്ടകളോ ശിലാകഷണങ്ങളോ ആണെന്നു കണ്ടിരിക്കുന്നു.

ഉൽക്കകൾ സ്ഥലത്തിന്റെ അഗാധത്തിലൂടെ സഞ്ചരിക്കുന്ന ദിവ്യവസ്തുക്കളാണെന്നു നാം പറഞ്ഞുവല്ലോ. ഇവയിൽ ഒന്നു അതിന്റെ യാത്രയിൽ സൂര്യാകർഷണപരിധിക്കുള്ളിൽപെട്ടു എന്നു വിചാരിക്കുക. തൽക്ഷണം അതു അതിന്റെ പൂർവ്വഗതിയെ ത്യജിച്ചു സൂര്യനിലേക്കു സഞ്ചരിച്ചു തുടങ്ങുന്നു. സൂര്യനെ സമീപിക്കുംതോറും സൂര്യന്റെ ആകർഷണശക്തി വർദ്ധിക്കുന്നതിനാൽ യാത്രയിൽ അതിന്റെ വേഗത എളുപ്പത്തിൽ വർദ്ധിച്ചു ഭൂമിയോടു സമീപിക്കുമ്പോഴേക്കും അതു സെക്കണ്ടൊന്നിനു പന്ത്രു മൈൽസു വീതമായിത്തീരുന്നു. ഇതു ശീഘ്രത്തിൽ പറക്കുന്ന ഈ ദ്രവ്യവസ്തു ഭൂമിക്കു ചുറ്റിയുള്ള വായുമണ്ഡലത്തിൽപ്പെട്ടു എന്നു ചിന്തിക്കുക. ഭൂമിയും അതിനെ പൊതിഞ്ഞുള്ള വായുമണ്ഡലവും സെക്കണ്ടൊന്നിനു ഏൻ മൈൽസു വേഗതയോടെ അതിന്റെ പന്ഥാവിൽക്കൂടി സഞ്ചരിക്കുന്നു. ഭൂമിയുടേയും ഉൽക്കയുടേയും ഗതികൾ എതിരാകുന്ന (ചിത്രത്തിൽ മുകളിൽ കാണിച്ചിരിക്കുന്ന ഉൽക്ക) പക്ഷം ഉൽക്കയും അതു മുന്നിരിക്കുന്ന വായുവും തമ്മിലുള്ള പരസ്പരവേഗത (relative velocity) സെക്കണ്ടൊന്നിനു പന്ത്+ഏൻ=രൗ മൈൽസാകുന്നു. ഇതു ഭയജനകമായ പരസ്പരവേഗതയോടെ ഭൂമിയിൽ നിന്നനേകം മൈൽസുയരത്തിൽ ഉൽക്ക വായുവിലേക്കു പ്രവേശിച്ചു അതിൽക്കൂടി ചീറിപ്പായുമ്പോൾ ആ പ്രദേശങ്ങളിൽ എത്രയും നേർമ്മയിൽ മാത്രം സ്ഥിതി ചെയ്യുന്ന വായുപോലും ഉൽക്കയിന്മേൽ അസാമാന്യമായ ഉരവുശക്തി (friction) പ്രയോഗിച്ചു് അതിൽനിന്നും പല കഷണങ്ങളെ ചീന്തി വേർതിരിക്കുന്നു. കഠോരമായ ഈ ഉരവുശക്തിയുടെ ഫലമായുണ്ടാവുന്ന ഉഗ്രമായ ചൂടിൽ ഇവയും ഉൽക്ക തന്നെയും ഉരുകി അവയിലുള്ള ഇരിമ്പു മുതലായ ലോഹങ്ങൾ അതിശോഭയോടെ ക്ഷണത്തിൽ കത്തിദഹിച്ചു ഭസ്മമായി തീരുകയും ചെയ്യുന്നു.



ചിത്രം 4.

ഭൂമണ്ഡലത്തിന്റെയും ഉൽക്കയുടെയും ഗതികൾ ഒന്നുതന്നെയാകുന്ന (രൗ–ാം ചിത്രത്തിൽ അടിഭാഗത്തു കാണിച്ചിരിക്കുന്ന ഉൽക്ക) പക്ഷം ഉൽക്കയും വായുവും തമ്മിലുള്ള പരസ്പരവേഗത സെക്കണ്ടൊന്നിനു പന്ത്–ഏൻ=ഒ മൈൽസു മാത്രമാണു. ഇതും നമുക്കുരിപ്പാൻപോലും സാധിക്കാത്തവിധം അതു വലിയ ഒരു വേഗതയാണെങ്കിലും ഇതിന്റെ ഫലമായുണ്ടാകുന്ന ഉരവുശക്തിക്കു ക്രമേണ ഉൽക്കയുടെ ഉപരിഭാഗത്തെയല്ലാതെ അതിനെ പെട്ടെന്നു പൂർണ്ണമായി ഉരുക്കുവാനോ ദഹിപ്പിക്കുവാനോ സാധിക്കുന്നില്ല. തൻമൂലം ഭൂമിയുടെ ആകർഷണഫലമായി ഉൽക്ക അതിന്റെ സൂര്യനിലേക്കുള്ള ഗതിയെ ത്യജിച്ചു വായുമണ്ഡലത്തിൽക്കൂടി ഭൂമിയിലേക്കുള്ള അതിന്റെ യാത്ര പൂർത്തിയാക്കിയാലും ഉൽക്കയുടെ ഒരംശം ശേഷിച്ചു എന്നുവരാം. ഇങ്ങിനെയാണു ഉൽക്കകൾ ചിലപ്പോൾ ഭൂമിയിൽ വീഴാറുള്ളതു്. പക്ഷേ വായുമണ്ഡലത്തിൽ നിമിഷംപ്രതി പ്രവേശിച്ചുകൊണ്ടിരിക്കുന്ന അസംഖ്യം ഉൽക്കകൾ എല്ലാം തന്നെ ഭൂമിയിലേക്കുള്ള അവയുടെ യാത്രയിൽ വായുവുമായി ഉരഞ്ഞു നശിച്ചുപോകുന്നതിനാൽ അപൂർവ്വം ചിലതു മാത്രമെ മേൽ വിവരിച്ച പ്രകാരം ഭൂമിയിൽ എത്തുന്നൊള്ളു. ഇതിപ്രകാരമല്ലായിരുന്നെങ്കിൽ പോക്കളത്തിലെ വെടിയുണ്ടകൾപോലെ കയ്യും കണക്കുമില്ലാതെ ഉൽക്കകൾ ഭൂമിയിൽ സദാ വർഷിച്ചു * കൊണ്ടിരുന്നു് അതിനെ നിവാസയോഗ്യമല്ലാതാക്കി തീർക്കുമായിരുന്നു. ഇതിൽനിന്നു് വായു ഉൽക്കകളുടെ ആക്രമണത്തെ തടയുവാനുള്ള എത്ര



ചിത്രം 5.

* ചന്ദ്രനിൽ വായുവില്ലാത്തതുകൊണ്ടു ഉൽക്കകൾ സദാ ചന്ദ്രനിലേക്കു വർഷിച്ചുകൊണ്ടിരിക്കുണ്ടാം. ചന്ദ്രൻ നിവാസയോഗ്യമല്ലാത്തതിന്റെ ഒരു കാരണം ഇതാകുന്നു.

യും ശക്തിമത്തായ ഒരു കോട്ടയാണെന്നും നമ്മുടെ സംരക്ഷണത്തിനായിക്കൊണ്ടു ഈ കോട്ടയ്ക്കു നാം എത്ര കടപ്പെട്ടിരിക്കുന്നു എന്നും ധരിക്കണം.

ഇപ്രകാരം രാത്രികാലങ്ങളിൽ ആകാശത്തു നാം കാണുന്ന അനേകായിരം ഉൽക്കാപാതങ്ങളിൽ ഓരോന്നും പ്രകൃതിയുടെ ആരംഭം മുതൽ സ്ഥലത്തിന്റെ അഗാധത്തിലൂടെ ചീറിപ്പാഞ്ഞുകൊണ്ടിരുന്ന ഓരോ ഉൽക്കയുടേയും മരണത്തെയാണു കുറിക്കുന്നതു്. വായുമണ്ഡലത്തിൽ പ്രവേശിക്കുന്ന ക്ഷണം തന്നെ അവ അതി തേജസ്സോടെ കത്തിശോഭിച്ചു കാന്തിയേറുന്ന തങ്ങളുടെ രശ്മികളെ നാനാഭാഗത്തേക്കും അയച്ചു മാലോകരെയെല്ലാം തങ്ങളുടെ മരണവൃത്താന്തം കമ്പിയില്ലാക്കമ്പിയോടൊപ്പം വേഗത്തിൽ അറിയിക്കുന്നു. ഈ ഭാഗ്യംകൂടി സിദ്ധിക്കാതെയും യാവനൊരുത്തനാലും അറിയപ്പെടാതെയും കാണപ്പെടാതെയും മറ്റും എത്രയോലക്ഷം ഉൽക്കകൾ പകൽസമയത്തു ഭൂമിയുടെ വായുവിൽപ്പെട്ടു ഭസ്മസമമായി തീരുന്നു! ഇങ്ങനെ രാവും പകലും പ്രതിനിമിഷം അനേകായിരം ഉൽക്കകൾവീതം ഭൂമിയുടെ വായുമണ്ഡലത്തിൽപ്പെട്ടു പരലോകപ്രാപൂരാകുന്നുണ്ടെങ്കിൽ ഭസ്മസമമായ അവയുടെ അവശിഷ്ടങ്ങൾ വായുവിൽ ക്രമേണ താണു ഭൂമിയിൽ പതിച്ചു ഭൂമിയുടെ പരിമാണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കണമെന്നും ഭൂമിയുടെ ഈ പരിമാണവർദ്ധനയ്ക്കു സൂര്യനിലേക്കുള്ള അതിന്റെ ആകർഷണശക്തിയെ വർദ്ധിപ്പിച്ചു നമ്മുടെ വത്സരത്തിന്റെ ദീർഘം കുറയ്ക്കുമെന്നും അനുമാനിപ്പാനവകാശമുണ്ടു്. ഹിമാലയം മുതലായി എത്രയോ ഉയർന്നതും ജനബാഹുല്യമുള്ള പട്ടണങ്ങളിൽ നിന്നകന്നതും ആയ പർവ്വതോന്നതങ്ങളിലെ ഹിമസഞ്ചയത്തിൽപ്പോലും പൊടിത്തരികൾ കാണ്മാനുണ്ടെന്നും ഈ തരികൾ ഉരുകിയുറച്ച ഇരിമ്പു, ശിലാമുതലായവയുടെ അണുക്കളാണെന്നും പരിശോധനാഫലമായി കണ്ടുപിടിച്ചിട്ടുള്ളതു ഉൽക്കാപാതത്തെക്കുറിച്ചുള്ള നമ്മുടെ പ്രസ്താവനകൾ വാസ്തവമായിരിക്കണമെന്നുള്ളതിന്റെ തെളിവുകളാണു്. എന്നാൽ ഇപ്രകാരം ഉൽക്കാപാതം ഹേതുവായി ഭൂമിക്കു സിദ്ധിച്ചുകൊണ്ടിരിക്കുന്ന ദ്രവ്യസാധനങ്ങളുടെ പരിമാണം ഭൂമിയുടേതിനോടു താരതമ്യപ്പെടുത്തിയാൽ തീരെ നിസ്സാരമാകകൊണ്ടു സൂര്യന്റെ ഭൂമിയിന്മേലുള്ള ആകർഷണത്തിലോ ഭൂമിയുടെ വത്സരത്തിന്റെ ദീർഘത്തിലോ ദൃശ്യമായ വ്യത്യാസം ഉണ്ടാകുന്നതിനു അനേകായിരം ശതവർഷങ്ങൾ വേണ്ടിയിരിക്കുന്നു.

ഗ്രഹങ്ങളെപ്പോലെ തന്നെ ഉൽക്കകളും ദ്രവ്യനിർമ്മിതങ്ങളാകയാൽ അവയും സൂര്യനാൽ ആകർഷിക്കപ്പെടുന്നു. തന്നെയുമല്ല, സൂര്യന്റെ ഈ ആകർഷണം ഏതൊരു ഗ്രഹത്തിന്റെതിനേയുംകാൾ എത്രയും ഉപരിയുമായിരിക്കും. തൻമൂലം സൂര്യമണ്ഡലത്തിലെ ഉൽക്കകളിൽ ഓരോന്നും കെപ്ലറിന്റെ നിയമമനുസരിച്ചു സൂര്യനെ ചുറ്റി ദീർഘവൃത്തത്തിലോ ഹൈപ്പർബൊളയിലോ ഉള്ള ഓരോ പ്രത്യേക പന്ഥാവുകളിലൂടെ സഞ്ചരിക്കയായിരിക്കണം. ഉൽക്കകളെ നമുക്കു സാധാരണ കാണ്മാൻ പാടില്ലെന്നും വായുമണ്ഡലത്തിൽ പ്രവേശിക്കുന്ന അവസരത്തിൽ മാത്രമെ അവ നമ്മുടെ ദൃഷ്ടിയിൽ പെട്ടുന്നൊള്ളുയെന്നും ആ അവസരം അവയുടെ മരണമാത്രയാണെന്നും മുമ്പു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു അവയുടെ പന്ഥാവുകളെ ക്രിപൂമായി നിർണ്ണയിക്കുവാൻ അസാദ്ധ്യമെന്നു വിചാരിച്ചേക്കാം. പക്ഷേ, ധൂമകേതുക്കളെപ്പറ്റി നമുക്കു ലഭിച്ചിട്ടുള്ള അറിവിൽ നിന്നു ഇതും ഒരുവിധത്തിൽ സാദ്ധ്യമായിതീർന്നിട്ടുണ്ടു്.

ധൂമകേതുക്കൾക്കു സാധാരണഭാഷയിൽ വാൽനക്ഷത്രങ്ങൾ എന്നു പറയും. ഇവയുടെ ആഗമനം രാഷ്ട്രീയ കലഹത്തെയോ രാജമൃത്യുവിനേയോ കുറിക്കുന്ന ദുശ്ശകുനമായിട്ടാണു അറിവില്ലാത്തവർ ഇപ്പോഴും വിചാരിച്ചുപോരുന്നതു്. ഈ അന്ധവിശ്വാസമല്ലാതെ ഇവയെപ്പറ്റി പറയത്തക്ക യാതൊരറിവും ക്രസ്തവ്വം–നു മുമ്പു നമുക്കു സിദ്ധിച്ചിട്ടില്ലായിരുന്നു. ക്രസ്തവ്വം–ൽ കാണപ്പെട്ട വാൽനക്ഷത്രത്തെക്കുറിച്ചുള്ള സൂട്ടന്റെ അനുമാനങ്ങളാണു് ധൂമകേതുക്കളുടെ ഘടനയേയും വാസ്തവസ്വഭാവത്തേയും കുറിച്ചുള്ള ആദ്യപ്രസ്താവനകൾ. ധൂമകേതുക്കൾക്കു ക്രിപൂപന്ഥാവുകളില്ലെന്നും യാതൊരു നിയമങ്ങൾക്കും കീഴ്പെടാതെ അവ സ്ഥലത്തിന്റെ അഗാധത്തിലൂടെ സദാ അലഞ്ഞു നടക്കുന്നെന്നുമായിരുന്നു സൂട്ടനു മുമ്പുള്ളവർ വിചാരിച്ചുപോന്നതു്. ക്രസ്തവ്വം–ലെ വാൽനക്ഷത്രം സൂക്ഷിച്ചതിൽ സൂര്യമണ്ഡലത്തിലെ ഗ്രഹങ്ങളെപ്പോലെ തന്നെ അതും വളരെ

ദൂരത്തിൽ നിന്ന് വന്ന സൂര്യനെ പ്രദക്ഷിണംചെയ്തു തിരികെ പോയതായിട്ടാണ് ന്യൂട്ടൻ കണ്ടത്. തൻമൂലം ധൂമകേതുക്കളുടെ ചലനഹേതു സൂര്യാകർഷണമാണെന്നു ലഭിക്കുന്നു. ഇതിൽനിന്ന് അവയുടെ ഘടനയേയും സ്വഭാവത്തേയും സംബന്ധിച്ചു രണ്ടനുമാനങ്ങൾ ന്യൂട്ടനു സിദ്ധിച്ചു. ക. ധൂമകേതുക്കളും ഗ്രഹങ്ങളേപ്പോലെ സൂര്യമണ്ഡലത്തിന്റെ അംഗങ്ങളാണ്. പക്ഷേ സ്ഥിരാംഗങ്ങളല്ലായിരിക്കാം. ഖ. സൂര്യനാൽ ആകർഷിക്കപ്പെടുന്നതുകൊണ്ടു ധൂമകേതുക്കളും ഗ്രഹങ്ങളെപ്പോലെ തന്നെ ദ്രവ്യനിർമ്മിതങ്ങളാണ്. ഇങ്ങിനെ ധൂമകേതുക്കളുടെ ചലനം ആകർഷണനിയമങ്ങൾക്കു അനുസൃതമാണെന്നു ന്യൂട്ടൻ സ്ഥാപിച്ചു.

ഗ്രഹങ്ങളുടെ പന്ഥാവുകൾ സാധാരണയായി ദീർഘവൃത്തങ്ങളാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ധൂമകേതുക്കളുടെ പന്ഥാവുകൾ ഇവയിൽനിന്നു വളരെ വ്യത്യാസപ്പെട്ടവയാണ്. അവ വളരെ ദീർഘമുള്ള ദീർഘവൃത്തങ്ങളോ, പരാബൊളായോ ആയിരിക്കും. ഹന്നവും–ലെ വാൽനക്ഷത്രത്തിന്റെ പന്ഥാവു അസാമാന്യ ദീർഘമുള്ള ഒരു ദീർഘവൃത്തമാണെന്നും വീണ്ടും വാൽനക്ഷത്രം അതിനെ ചുറ്റിവരുന്നതിനു അനേക ശതവർഷങ്ങൾ എടുക്കുമെന്നുമായിരുന്നു ന്യൂട്ടന്റെ അനുമാനം. എന്നാൽ പിന്നീടു ഇതേക്കുറിച്ചു ഗണിച്ചിട്ടുള്ളതിൽ നിന്നും ആ പന്ഥാവിനു ന്യൂട്ടൻ കണക്കാക്കിയ അത്ര ദീർഘമില്ലെന്നും അതിന്റെ പന്ഥാവിൽക്കൂടി ഒന്നു ചുറ്റുന്നതിനു ഉദ്ദേശം ഒരായിരം വർഷങ്ങൾ മതിയാവുമെന്നും കണ്ടിരിക്കുന്നു. ഇതു ശരിയാണെങ്കിൽ ഹന്നവും–ലും, ഡിനു–ലും, ജൂലിയസ് സീസർ മരിച്ച കൊല്ലത്തിലും കണ്ട വാൽനക്ഷത്രങ്ങൾ ഇതുതന്നെയായിരിക്കണം. തന്നെയുമല്ല ഫഫഫ–ൽ ഇതു വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യും.

ഹന്നവഫ–ൽ കണ്ട ഹാലി ധൂമകേതു (Halley's comet) യിനെപ്പറ്റിയുള്ള നമ്മുടെ അറിവു, ധൂമകേതുക്കൾ ന്യൂട്ടന്റെ ആകർഷണനിയമങ്ങളെ അനുസരിക്കുന്നുണ്ടെന്നുള്ളതിലേക്കു ഏറെക്കുറെ ഒരു വലിയ തെളിവായിട്ടാണു തീർന്നിരിക്കുന്നത്. ആകർഷണനിയമങ്ങളെ അടിസ്ഥാനപ്പെടുത്തി അതിന്റെ പന്ഥാവു ഹാലി നിർണ്ണയിക്കുകയും ഈ പന്ഥാവിൽക്കൂടി ഒരിക്കൽ ചുറ്റുന്നതിനു ഏൽ വർഷങ്ങൾ വേണ്ടിവരുമെന്നു അദ്ദേഹം കണക്കാക്കുകയും ചെയ്തു. ഇതനുസരിച്ചു ഫരെ–ലോ ഫരെവ–ലോ വീണ്ടും ധൂമകേതു പ്രത്യക്ഷപ്പെടുമെന്നു അദ്ദേഹം പ്രവചിച്ചു. ഇതു ശരിയായിരുന്നെന്നു മാത്രമല്ല അതിൽ പിന്നീടും ഓരോ ഏൽ കൊല്ലങ്ങളുടെശേഷമായി ഫവ്വനഭ–ലും ഫൻഫഫ–ലും അതു കാണപ്പെടുകയും ചെയ്തു. ഫൻവ്വ–ൽ അതു ഇനിയും പ്രത്യക്ഷപ്പെടുന്നതുമായിരിക്കും.

ഹാലി ധൂമകേതു കഴിഞ്ഞാൽ പിന്നെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു ഫവ്വനഫ–ലും ഫവ്വഭവ–ലും കണ്ട വലിയ ധൂമകേതുക്കളാണ്. ഇവയുടെ ചരിത്രത്തെപ്പറ്റി കൃത്യതലായി നമുക്കു യാതൊരറിവുമില്ല. മിക്കവാറും ഇവ ആദ്യമായി സൂര്യമണ്ഡലത്തിൽ പ്രവേശിച്ചതായിരിക്കാം ഇവയിൽ രണ്ടാമത്തേതു ഒരുപക്ഷേ നവ്വാവ്വ–ൽ വീണ്ടും വരുവാനിടയുണ്ട്.

ബൃഹത്തായ ഈ ധൂമകേതുക്കൾ കൂടാതെ ഇവയെക്കാൾ ചെറുതായി നിരവധി വാൽനക്ഷത്രങ്ങൾ ഉണ്ട്. ഇവയെ ദൂരദർശിനിയിൽക്കൂടി മാത്രമെ നമുക്കു കാണാൻ സാധിക്കയുള്ളു.

ഈ ധൂമകേതുക്കൾക്കെല്ലാം വളരെ തേജസ്സോടെ ശോഭിക്കുന്നതും അനേകായിരം മൈൽസു വീതിയിലും ഘനത്തിലുമായി ലക്ഷോപലക്ഷം മൈൽസുവരെ നീണ്ടുനിൽക്കുന്നതുമായ വലിയ വാലുകൾ ഉണ്ട്. ഈ വാലുകളിലൂടെ അവസ്സു പിൻഭാഗത്തു ആകാശത്തിൽ ശോഭിക്കുന്ന നക്ഷത്രങ്ങളെ നമുക്കു കാണാൻ സാധിക്കുന്നതുകൊണ്ടു, ഒരു ധൂമകേതു എത്രതന്നെ സാന്ദ്രത (density) കുടിയ ഒരു ഘനവസ്തുവായിരുന്നാലും അതിന്റെ വാൽ പുക, മഞ്ഞു മുതലായവപോലെ വളരെ സാന്ദ്രത കുറഞ്ഞതായിട്ടേ വിചാരിപ്പാൻ തരമൊള്ളു. ക്രമേണയും ധൂമകേതുക്കൾ സൂര്യനെ സമീപിക്കുംതോറും അവയുടെ വാലുകളുടെ ദൈർഘ്യവും ശോഭയും അസാമാന്യമായി വർദ്ധിക്കുന്നതുകൊണ്ടു സൂര്യന്റെ ചൂടും വെളിച്ചവും ഹേതുവായി ധൂമകേതുക്കളിൽ നിന്നും ആവിമയമായി രൂപാന്തരപ്പെടുന്ന ദ്രവ്യപദാർത്ഥങ്ങളാണു അവയുടെ വാലുകളായി പരിണമിക്കുന്നതെന്നു അനുമാനിച്ചിരിക്കുന്നു.


ഇങ്ങനെ സൂര്യസാന്നിധ്യംമൂലം ആവിയായി ഒരു ധൂമകേതുവിൽ നിന്നു രൂപാന്തരപ്പെടുന്ന വസ്തുക്കൾ തിരികെ അതിലേക്കു ചേരുന്നില്ല. തൻമൂലം ഓരോ പ്രാവശ്യവും ധൂമകേതു സൂര്യനെ സമീപിച്ചു് അതിനെ ചുറ്റിക്കറങ്ങുമ്പോൾ ഉണ്ണംകൊണ്ടു് എളുപ്പത്തിൽ ആവിയാക്കിതീർക്കാവുന്നതായി അതിലുള്ള പദാർത്ഥങ്ങൾ അതിനു നഷ്ടീഭവിച്ചു് ഈവക പദാർത്ഥങ്ങൾ ക്രമേണ അതിലില്ലാതായിത്തീരുന്നു. പല പ്രാവശ്യവും നമുക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ള ധൂമകേതുക്കളുടെ വാലുകൾക്കു ഗണ്യമായ ദൈർഘ്യമാവട്ടെ ശോഭയാവട്ടെ ഇല്ലാത്തതിന്റെ കാരണം ഇതുതന്നെയാണു്. നേരേ മറിച്ചു ഈ കാരണംകൊണ്ടുതന്നെ ആദ്യമായി സൂര്യമണ്ഡലത്തിൽ പ്രവേശിക്കുന്ന ധൂമകേതുക്കൾക്കു ഏറ്റവും മനോഹരവും വലുതും ആയ വാലുകൾ ഉണ്ടായിരിക്കയും ചെയ്യും.

ധൂമകേതുക്കളുടെ വാലുകൾ എല്ലായ്പോഴും സൂര്യന്റെ എതിരുവശത്തേക്കു തിരിഞ്ഞു നിൽക്കുന്നതായിട്ടാണു കാണുന്നതു്. ഇതിനു പല കാരണങ്ങളും സങ്കല്പിക്കാവുള്ളതിൽ ഏറ്റവും പ്രധാനമായതു സൂര്യനിലും ധൂമകേതുവിലും ഒരേതരം വിദ്യുച്ഛക്തിയുണ്ടെന്നുള്ളതാകുന്നു. ഒരേതരം വിദ്യുച്ഛക്തിയുള്ള രണ്ടു വസ്തുക്കളെ പരസ്പരം അകറ്റുന്നതായ ഒരു ശക്തി അവ തമ്മിൽ എല്ലായ്പോഴും പ്രവൃത്തിച്ചുകൊണ്ടിരിക്കും. ഈ ശക്തിയായിരിക്കാം ധൂമകേതുക്കളുടെ ആവിമയമായ വാലുകളെ സൂര്യന്റെ എതിർവശത്തേക്കു ലക്ഷോപലക്ഷം മൈലോളം ദിഗ്വിപ്പിക്കുന്നതു്.

ഇനി ധൂമകേതുക്കളും ഉൽക്കകളും തമ്മിലുള്ള സംബന്ധത്തെപ്പറ്റി നമുക്കാലോചിക്കാം. രണ്ടും ന്യൂട്ടന്റെയും കെപ്ലറിന്റെയും ആകർഷണനിയമങ്ങളനുസരിച്ചു പ്രത്യേക പന്ഥാവുകളിലൂടെ സൂര്യനെ ചുറ്റി പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുന്ന ദ്രവ്യവസ്തുക്കളാകുന്നു. രണ്ടും പ്രത്യേക കാരണവശാലല്ലാതെ സാധാരണയായി നമുക്കു കാണുവാൻ സാധിക്കയില്ല. ഉൽക്കകൾ ഭൂമിയെ പൊതിഞ്ഞുള്ള വായുമണ്ഡലത്തിൽപ്പെടുമ്പോഴും ധൂമകേതുക്കൾ സൂര്യനെ സമീപിക്കുമ്പോഴും മാത്രമെ നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നൊള്ളു. ഈ യോജ്യതകൊണ്ടു ധൂമകേതുക്കൾ വലിപ്പത്തിൽ ഒരുപടി ഉയർന്ന ഒരുതരം ഉൽക്കകൾ തന്നെയല്ലയോ എന്നും സൂര്യനെ സമീപിക്കുമ്പോൾ അവ ശോഭിക്കുന്നതു സൂര്യന്റെ വായുമണ്ഡലത്തിൽ അവ പ്രവേശിക്കുന്നതുകൊണ്ടല്ലയോ എന്നും സംശയിപ്പാനിടയുണ്ടു്. സൂര്യന്റെ വായുമണ്ഡലത്തിൽപ്പെട്ടാൽ ഭൂമിക്കു ചുറ്റിയുള്ള വായുമണ്ഡലത്തിൽ പ്രവേശിക്കുന്ന ഉൽക്കകളെപ്പോലെ ധൂമകേതുക്കളും ക്ഷണത്തിൽ ഭസ്മസമമായി തീരണം. ശരിതന്നെ. പക്ഷേ സൂര്യന്റെ പ്രധാന വായുമണ്ഡലാതിർത്തിയിൽനിന്നനേകം ലക്ഷം മൈൽസു ദൂരംവരെ വളരെ ലോലമായിട്ടെങ്കിലും വായുവുണ്ടായിരിപ്പാനിടയുണ്ടു്. ഈ പ്രദേശത്തുമാത്രം ധൂമകേതു പ്രവേശിക്കുന്നപക്ഷം ധൂമകേതുവും വായുവും തമ്മിലുള്ള ഉരവുശക്തി അതിനെ പെട്ടെന്നു നശിപ്പിക്കുന്നതിനു പകരം അതിൽ നിന്നും അനവധി ചെറിയ കഷണങ്ങളെ പിഴുതു വേർതിരിക്കുകമാത്രം ചെയ്യും. ഇവ അതിശീഘ്രത്തിൽ ധൂമകേതുവിനെ പിന്തുടരുമ്പോഴുണ്ടാകുന്ന ചൂടിൽ ഉരുകി ദഹിച്ചു ആവിമയമായി ശോഭിക്കുന്നതാണു ധൂമകേതുവിന്റെ വാലായി നമുക്കു തോന്നുന്നതു്. ഈ ഉരച്ചിലിന്റെ ഫലമായിതന്നെ വാലിൽ വിദ്യുച്ഛക്തിയും ജനിക്കുന്നതാണു്.

ഇങ്ങനെ ധൂമകേതുക്കളും ഉൽക്കകളും തമ്മിലുണ്ടായിരിപ്പാനിടയുള്ളതായ ഈ ബന്ധം വാസ്തവമാണെന്നു കാണിക്കുന്ന വേറെയും ന്യായങ്ങൾ ഉണ്ടു്. ഇവ നമുക്കു ലഭിക്കുന്നതു് എൻകി ധൂമകേതു (Encke's comet) ബീല ധൂമകേതു (Biela's comet) നവമ്പറിലെ ഉൽക്കൌഘം (November Swarm of meteors) എന്നിവയെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനത്തിൽ നിന്നാണു്.

എൻകി ധൂമകേതു ദൂരദർശിനിയിൽക്കൂടി മാത്രം നമുക്കു കാണാവുന്ന ഒരു ചെറിയ വാൽനക്ഷത്രമാകുന്നു. ഇതിന്റെ പന്ഥാവു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ടു്. ഈ പന്ഥാവിൽക്കൂടി ഒരിക്കൽ ചുറ്റുന്നതിനു ധൂമകേതു എടുക്കുന്ന സമയം നാൽ വർഷങ്ങളാകുന്നു. പക്ഷേ ഈ കാലം സ്ഥിരമായിരിക്കാതെ അല്പാല്പമായി ക്രമേണ കുറഞ്ഞുവരുന്നതായി കണ്ടിരിക്കുന്നു. സൂര്യനെ സമീപിക്കുമ്പോൾ ലോലമായ ഒരു വായുമണ്ഡലത്തിൽക്കൂടിയാണു ധൂമകേതു സഞ്ചരിക്കുന്നതെങ്കിൽ ഇതിങ്ങനെ ആയിരിപ്പാനേ മാർഗ്ഗമൊള്ളു. ധൂമകേതുവിന്റെ യാത്രയ്ക്കു വായു ഒരു ചെറിയ പ്രതിബന്ധമാകുന്നതിനാൽ ഓരോ പ്രാവശ്യവും അതു സൂര്യനെ ചുറ്റുമ്പോൾ അതിന്റെ വേഗ




ചിത്രം 6.

തയ്യ് അല്പം കുറവുവരുന്നു. തൻമൂലം ഓരോ പ്രാവശ്യവും അതു സൂര്യനിൽനിന്നു മടങ്ങിപ്പോകുമ്പോൾ മുമ്പു പോയടത്തോളം ദൂരം അതിനു പോകുവാൻ സാധിക്കുന്നില്ല. ഇങ്ങനെ എൻകി ധൂമകേതുവിന്റെ പന്ഥാവിന്റെ ദീഘ്രം ക്രമേണ കുറഞ്ഞുവരികയും അതുകൊണ്ട് അതു സൂര്യനെ ചുറ്റുവാനെടുക്കുന്ന കാലം കുറയുകയും ചെയ്യുന്നു. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു കാലത്തു് അതു നിശ്ചയമായി സൂര്യനിൽ പതിക്കുകയും ചെയ്യും. പക്ഷേ വായുവിന്റെ തടസ്സം ഏറ്റവും നിസ്സാരമായതുകൊണ്ടു ഇതിനു വളരെ കാലതാമസം വേണ്ടിവരുമായിരിക്കാം. ഇതെങ്ങനെ ആയാലും എൻകി ധൂമകേതുവിന്റെ ചലനകാലം ക്രമേണ കുറഞ്ഞുവരുന്നു എന്നുള്ളതു സൂര്യനിൽ നിന്നു ലക്ഷോപലക്ഷം മൈൽസു ദൂരത്തിൽപോലും, വളരെ നേർമ്മയിലും ലോലത്തിലും ആയാലും, വായുവുണ്ടെന്നുള്ളതിലേക്കു ഏറക്കുറെ ഒരു വലിയ തെളിവായിട്ടാണു തീർന്നിരിക്കുന്നതു്.

എൻകി ധൂമകേതുവിനെപ്പോലെ ദൂരദർശിനിയിൽക്കൂടി മാത്രം കാണാവുന്ന ഒരു ചെറിയ വാൽനക്ഷത്രമായിരുന്നു ബീലധൂമകേതു. ആറു സംവത്സരത്തിലൊരിക്കൽമാത്രം സൂര്യസന്നിധിയിൽ പ്രവേശിച്ചു നമുക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഈ ധൂമകേതുവിന്റെ യാത്രയിൽ ഒരിക്കൽ ഇതു ജ്യൂപ്പിറർ (Jupiter) എന്ന ഗ്രഹത്തെ സമീപിക്കുവാനിടയുണ്ടെന്നും തൽഫലമായി ഇതിന്റെ ഗതിയിലും ഘടനയിലും വ്യത്യാസങ്ങൾ നേരിട്ടേക്കാമെന്നും ചില ജ്യോതിഷികന്മാർ അഭിപ്രായപ്പെട്ടുകയുണ്ടായി. ഈ വ്യത്യാസങ്ങൾ പരിശോധിച്ചു വ്യവസ്ഥപ്പെടുത്തുവാൻ ഒട്ടനേകം ജ്യോതിഷികന്മാർ അതിന്റെ അടുത്ത വരവു പ്രതീക്ഷിച്ചിരുന്നു. ധൂമകേതുവിന്റെ ആഗമനം ക്ലിപ്തകാലത്തുണ്ടായില്ലെന്നു മാത്രമല്ല, ഒടുവിൽ അതുണ്ടായപ്പോൾ അതു രണ്ടംശങ്ങളായി പിളർന്നു വേർപെട്ടിരിക്കുന്നതായി കാണപ്പെട്ടു. ഇതു ഫ്വ്രര—ൽ ആയിരുന്നു. ഫ്വ്രരവ—ൽ അതു വീണ്ടും പ്രത്യക്ഷമായപ്പോൾ അതിന്റെ രണ്ടംശങ്ങൾ തമ്മിലുള്ള ദൂരം വളരെ വർദ്ധിച്ചിരുന്നു. ഫ്വ്രരവ—ലെ അതിന്റെ അടുത്ത ആഗമനം പ്രതീക്ഷിച്ചിരുന്നതു വിഫലമായി എന്നു മാത്രമല്ല പിന്നീടു ഒരിക്കൽപോലും ഇതുവരെ അതിനെ കണ്ടിട്ടുമില്ല.


ഇങ്ങനെ ഫ്വ്രരവ—നു ശേഷം ബീല ധൂമകേതു നമുക്കു പ്രത്യക്ഷപ്പെട്ടിട്ടില്ലെങ്കിലും ധൂമകേതുക്കളെക്കുറിച്ചുള്ള നമ്മുടെ ക്രുത്രതൽ ജ്ഞാനസമ്പാദനത്തിനു അതു നമുക്കു വീണ്ടും ഉപകരിച്ചിട്ടുണ്ടു്. ഈ ധൂമകേതുവിന്റെ പന്ഥാവു കൃത്യമായി നിർണ്ണയിച്ചിട്ടുള്ള ഒന്നായിരുന്നു. യോഗ്യന്മാരായ പല ജ്യോതിഷികന്മാരുടെയും ഗണനാഫലമായി ഫ്വ്രരെ—ൽ ഒരു രാത്രി ഭ്രമി ഈ പന്ഥാവിനെ വിലങ്ങിക്കടക്കുമെന്നും ധൂമകേതു ഇനിയും നശിച്ചിട്ടില്ലെങ്കിൽ അതു അപ്പോൾ ഭ്രമിക്കു വളരെ സമീപമായിരിക്കുമെന്നും കാണപ്പെട്ടു. ക്രുദാതെയും ഭ്രമിയും ധൂമകേതുവും തമ്മിൽ ക്രുട്ടിമുട്ടുവാനും ഏറെക്കുറെ ഇടയുള്ളതായി പല ജ്യോതിഷികന്മാരും പ്രസ്താവിച്ചു. ഈ ശ്രുതി ലോകമെങ്ങും പരന്നു. ജനങ്ങളെല്ലാം ഭയാകുലന്മാരായി. എന്തിനു്? ഓരോരുത്തരും അവനവന്റെ മൃത്യുവും പ്രതീക്ഷിച്ചു കൃത്യരാത്രി പാർത്തിരുന്നു. ഒടുവിൽ കൃത്യരാത്രി വന്നു. ഭ്രമി ധൂമകേതുവിന്റെ പന്ഥാവിനെ വിലങ്ങിക്കടന്നു. ധൂമകേതുവിനെ കാണുകപോലും ഉണ്ടായില്ലെന്നു പറഞ്ഞാൽ മതിയല്ലോ. പക്ഷേ അന്നു അദ്ഭുതപൂർവ്വമായി ആകാശത്തിൽ അനവധി ഉൽക്കാപാതങ്ങൾ ഉണ്ടായി. ഈ അസംഖ്യം ഉൽക്കകൾ ബീല ധൂമകേതുവിന്റെ പന്ഥാവിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്നവയായിരിക്കണം. ഇപ്രകാരംതന്നെ എല്ലാ ധൂമകേതുക്കളുടേയും പന്ഥാവുകളിൽക്കൂടി അസംഖ്യം ഉൽക്കകൾ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും ഇങ്ങനെ സഞ്ചരിക്കുന്ന ഉൽക്കകളുടെ എണ്ണം ധൂമകേതുക്കളുടെ സമീപപ്രദേശങ്ങളിൽ വളരെ ക്രുത്രതലായിരിക്കുമെന്നും അനുമാ



ചിത്രം 7.

നിച്ചിരിക്കുന്നു. തന്നെയുമല്ല, അത്ഭുതപൂർവ്വമായി അസംഖ്യം ഉൽക്കാപാതങ്ങൾ നാം എപ്പോഴെല്ലാം കാണുന്നുവോ, അപ്പോഴൊക്കെയും ഭൂമി ഏതോ ചില ധൂമകേതുക്കളുടെ പന്ഥാവുകളിൽക്കൂടി കടക്കുകയാണെന്നും അനുമാനിക്കാം.

നവമ്പർ ഉൽക്കൌഘത്തിന്റെ ചരിത്രം നമ്മുടെ ഈ അനുമാനങ്ങളെ ഏറക്കുറെ ദൃഢീകരിക്കുന്നുണ്ട്. ചില പൂർവ്വഗ്രന്ഥങ്ങൾ പരിശോധിച്ചതിൽ നിന്നും നൂറു കൊല്ലത്തിലൊരിക്കൽവീതം നവമ്പർമാസത്തിൽ എത്രയും മനോഹരമായി അസംഖ്യം ഉൽക്കാപാതങ്ങൾ ആകാശത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുക പതിവായിരുന്നെന്ന് അമേരിക്കയിലെ പ്രസിദ്ധനായ പ്രൊഫസർ സ്യൂട്ടൻ കണ്ടുപിടിച്ചു. ഒടുവിലായി ഇതുണ്ടായതു ക്രിസ്തുവർഷം 1799-ലായിരുന്നതുകൊണ്ട് ക്രിസ്തുവർഷം 1899-ൽ അതു വീണ്ടും ഉണ്ടാകുന്നതാണെന്നു അദ്ദേഹം ഖണ്ഡിച്ചു പ്രസ്താവിച്ചു. അതനുസരിച്ചു ക്രിസ്തുവർഷം 1899 നവമ്പറിൽ ഒരു രാത്രിയിലുണ്ടായ എത്രയും മനോഹരമായ ഉൽക്കാപാതദർശനം നമ്മുടെ ഇടയിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന ചില വൃദ്ധന്മാരുടെ ഓർമ്മയിൽ നിന്നു തീരെ മാഞ്ഞുപോയിട്ടില്ലായിരിക്കാം. ക്രിസ്തുവർഷം 1900-ൽ ഇതു വീണ്ടും പ്രതീക്ഷിച്ചിരുന്നതു നിഷ്ഫലമായെന്നു മാത്രമല്ല പിന്നീടു ക്രിസ്തുവർഷം 1901-ലും ഇതുണ്ടായിട്ടില്ല.




ചിത്രം 8.

ക്രിസ്തുവർഷം 1833 വരെ ഈ ഉൽക്കൌഘത്തിന്റെ പന്ഥാവു ചിത്രത്തിൽ കാണിച്ചിരിക്കുന്നപോലുള്ള ഒരു ദീർഘവൃത്തമായിരുന്നു. ഈ പന്ഥാവിൽ ക്രൂടി ഒന്നു ചുറ്റിത്തിരിയുന്നതിനു ഉൽക്കൌഘം എടുത്തിരുന്ന സമയം നൂറു വർഷങ്ങൾ ആയിരുന്നു. ഓരോ കൊല്ലത്തിലും നവമ്പർ മാസത്തിൽ ഭൂമി ഈ പന്ഥാവിനെ വിലങ്ങിക്കടന്നിരുന്നെന്നു ചിത്രത്തിൽ നിന്നു നമുക്കു മനസ്സിലാകുന്നു. ഈ അവസരങ്ങളിൽ ഉൽക്കൌഘത്തിൽ നിന്നും വേർപെട്ടു അതിന്റെ പന്ഥാവിൽക്കൂടി തന്നെ അതിനെ പിന്തുടർന്നുകൊണ്ടിരുന്ന ഉൽക്കകളിൽ ഏതാനും ഭൂമിയുടെ വായുവിൽപെട്ടു നമുക്കു പ്രത്യക്ഷപ്പെടുക പതിവായിരുന്നു. അതുകൊണ്ടാണു നവമ്പർ മാസങ്ങളിൽ മറ്റു മാസങ്ങളിലേക്കാൾ കൂടുതൽ ഉൽക്കാപാതങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതു്.

ഭൂമിയും ഉൽക്കൌഘവുമായി ഇടയുവാൻ നൂറു വർഷത്തിലൊരിക്കൽ മാത്രമെ ഇടയുണ്ടായിരുന്നൊള്ളു എന്നു വിശദമാണല്ലൊ. ഇതു നവമ്പർ മാസത്തിൽ മാത്രമെ ആയിരിക്കയൊള്ളു. ഇങ്ങിനെ ഇടയുമ്പോഴുണ്ടാകുന്ന അത്ഭുതപൂർവ്വമായ ഉൽക്കാപാതദർശനം ൪ മണിക്കൂർസമയത്തേക്കു ദീർഘിച്ചിരുന്നതുകൊണ്ടു ഭൂമി ഈ ഉൽക്കൌഘത്തെ വിലങ്ങിക്കടക്കുന്നതിനു എടുത്തിരുന്ന സമയം ൪ മണിക്കൂറാണെന്നു സിദ്ധിക്കുന്നു. ഇതിൽനിന്നും ഉൽക്കൌഘത്തിന്റെ വീതി സെക്കണ്ടൊന്നിനു ക്രമേൽസു വേഗതയുള്ള ഭൂമി ൪ മണിക്കൂറിൽ സഞ്ചരിക്കുന്ന ദൂരം, അതായതു ൪×൬൦×൬൦×ക്രമേൽ=൧൪൪൦൦ മൈൽസു ആണെന്നു കണക്കാക്കാം. എന്നാൽ ഇതിന്റെ നീളത്തോട്ടു താരതമ്യപ്പെടുത്തിയാൽ ഈ വീതി എത്രയോ നിസ്സാരമാണ്. സെക്കണ്ടൊന്നിനു ൨൪ മൈൽസു വേഗതയുള്ള ഈ ഉൽക്കൌഘത്തിനു അതിന്റെയത്ര നീളം സഞ്ചരിക്കുന്നതിനു ഒരു വർഷത്തിൽ കൂടുതൽ സമയം വേണ്ടിയിരിക്കുന്നു. ഇതു നമുക്കു സിദ്ധിക്കുന്നതു നൂറു വർഷത്തിലൊരിക്കൽ ഭൂമി നിശ്ചയമായും ഈ ഉൽക്കൌഘവുമായി ഇടഞ്ഞുകൊണ്ടിരുന്ന എന്നുള്ളതിൽ നിന്നാണ്. ഏതെങ്കിലും ഒരു നവമ്പറിൽ ഭൂമിക്കു അതിന്റെ മുന്നണികളുമായി ഇടയുന്നതിനു അവ തമ്മിലുള്ള സ്വല്പ ദൂരംകൊണ്ടു സാധിച്ചില്ലെന്നു വിചാരിക്കുക. അടുത്ത നവമ്പറിൽ ഭൂമി ഉൽക്കൌഘവുമായി നിശ്ചയമായും ഇടയുന്നതുകൊണ്ടു ഒരു വർഷക്കാലത്തിനുള്ളിൽ ഉൽക്കൌഘത്തിന്റെ പിന്നണികൾ ഭൂമി അതിന്റെ പന്ഥാവിനെ വിലങ്ങിക്കടക്കുന്ന ദിക്കിൽ എത്തുന്നില്ലെന്നു വിശദമാകുന്നു. ഇതിൽനിന്നാണു ഉൽക്കൌഘത്തിനു അതിനോളം നീളം സഞ്ചരിക്കുന്നതിനു ഒരു വർഷത്തിൽ കുറയാത്ത കാലം വേണ്ടിയിരിക്കുന്നെന്നു അനുമാനിച്ചിരിക്കുന്നതു്. ഈ കാലം ഒരു വർഷ

മെന്നു കണക്കാക്കിയാൽപോലും, ഉൽക്കൌഘത്തിന്റെ വേഗത സെക്കണ്ടൊന്നിനു ൨൫ മൈൽസാ യത്തുകൊണ്ടു, അതിന്റെ നീളം ൧൦൦×൨൫×൧൦×൧൦×൨൫=൬൨൫൦൦൦൦ മൈൽസാകുന്നു.

ഇങ്ങിനെ ഉദ്ദേശം ൯ കോടി മൈൽസു നീളവും ൧൯ ലക്ഷം മൈൽസു വീതിയും അത്രയുംതന്നെ ഘനവും ഉള്ള ഈ ഉൽക്കാസമൂഹത്തിന്റെ യാത്ര ഏറ്റവും മനോഹരവും ശ്രേഷ്ഠവുമായ ഒന്നായിരിക്കണം. സമൂഹത്തിലെ ഉൽക്കകളുടെ പരസ്പരദൂരം രണ്ടോ മൂന്നോ മൈൽസാണെന്നു വിചാരിച്ചാൽപോലും അതുകളുള്ള അവകളുടെ എണ്ണം എത്ര സംഖ്യാതീതം! ആകൃതിയിലും വലിപ്പത്തിലും ഈ ഉൽക്കകൾ തമ്മിൽ എന്തൊരു വിവിധത്വം, എന്തൊരു നാനാത്വം! ഓരോന്നിന്റെയും വേഗതയോ സെക്കണ്ടൊന്നിനു ൨൫ മൈൽസു. ഇപ്രകാരമുള്ള ഈ ഉൽക്കാസമൂഹം നമുക്കുഗ്രഹിപ്പാൻപോലും സാദ്ധ്യമല്ലാത്ത വേഗതയോടെ അതിന്റെ പന്ഥാവിനെ ചുറ്റി പ്രദക്ഷിണം വെക്കുമ്പോൾ സെക്കണ്ടൊന്നിനു ൧൯ മൈൽസു വേഗതയുള്ള ഭൂമി അതിലേക്കു പ്രവേശിക്കുന്നെന്നു വിചാരിക്കുക. ഭൂമി അതിനെ വിലങ്ങിക്കടക്കുന്ന നാലഞ്ചു മണിക്കൂർ നേരത്തിനുള്ളിൽ അതിൽനിന്നും എത്രയോ അസംഖ്യം ഉൽക്കകളാണു ഭൂമിയുടെ വായുവിൽപെട്ടു നശിച്ചുപോകുന്നതു്. ഈ നാശം ഒരിക്കൽമാത്രം സംഭവിക്കുന്നതുകൊണ്ടു സമൂഹത്തിൽ ആകെയുള്ള ഉൽക്കകളുടെ എണ്ണത്തിൽ ഗണ്യമായ ഒരു കുറവു വരികയില്ലായിരിക്കാം. എന്നാൽ നൂറു വർഷത്തിലൊരിക്കൽവീതം ക്രമമായി അനേക ശതവർഷക്കാലത്തേക്കു ഈ നഷ്ടം സംഭവിച്ചുകൊണ്ടിരുന്നാൽ ഉൽക്കാസമൂഹം തന്നേയും തീരെ നാമാവിശേഷമായി തീരുകയില്ലയോ എന്നു വിചാരിപ്പാനവകാശമുണ്ടു്.




ചിത്രം 9.

ഈ അനുമാനം തീരെ അടിസ്ഥാനരഹിതമല്ലെന്നു് ആഗസ്റ്റിലെ ഉൽക്കൌഘത്തിന്റെ ചരിത്രത്തിൽനിന്നും നമുക്കു മനസ്സിലാക്കാം. ഈ ഉൽക്കൌഘം സൂര്യമണ്ഡലത്തിലെ ഉൽക്കൌഘങ്ങളിൽ വെച്ചു് ഏറ്റവും പുരാതനമായിട്ടുള്ള ഒന്നാണു്. ഭൂമി ഇതിന്റെ പന്ഥാവിനെ ആണ്ടുതോറും ആഗസ്റ്റ് മാസത്തിൽ വിലങ്ങിക്കടക്കുന്നതുകൊണ്ടു് എല്ലാ ആഗസ്റ്റിലും അനവധി ഉൽക്കാപാതങ്ങൾ ഉണ്ടാകുന്നു. എന്നാൽ ഏതെങ്കിലും ഒരു ആഗസ്റ്റിൽ ഉണ്ടാകുന്ന ഉൽക്കാപാതങ്ങൾ മറ്റൊരാഗസ്റ്റിലേതിനേക്കാൾ കൂടുതലോ കുറവോ ആയിരിക്കുന്നില്ല. ഇതിൽനിന്നും ഈ ഉൽക്കൌഘം മിക്കവാറും നശിച്ചുപോയിരിക്കുന്നെന്നും അതിന്റെ അവശിഷ്ടങ്ങൾ അതിന്റെ പന്ഥാവിലെങ്ങും ചിന്നിച്ചിതറി ഒരുപോലെ വിഭജിക്കപ്പെട്ടിരിക്കുന്നെന്നും അനുമാനിച്ചിരിക്കുന്നു.

നവമ്പർ ഉൽക്കൌഘത്തിന്റെ ഭാവി ആഗസ്റ്റ് ഉൽക്കൌഘത്തിന്റെ പ്രസ്തുത സ്ഥിതി, ആയിരിക്കുമെന്നു

പലരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ "അന്യഥാ ചിന്തിതം കാര്യം, ദൈവമന്യത്ര ചിന്തയേൽ" എന്നുണ്ടല്ലോ. സൂട്ടന്റെ പ്രസ്താവനയനുസരിച്ചു ഫ്വൻൻ-ൽ ഭൂമി ഈ ഉൽക്കൂട്ടവുമായി ഇടയേണ്ടിയിരുന്നു. പക്ഷേ ഉൽക്കൂട്ടം അതിന്റെ യാത്രയിൽ മറെറാരു വലിയ ഗ്രഹവുമായി അതിനുണ്ടായ സാമീപ്യം ഹേതുവായി അതിന്റെ പന്ഥാവിനെ തൃജിച്ചു ഭൂമിയിൽ നിന്നും വളരെ ദൂരെയുള്ള വേറൊരു പന്ഥാവിലേക്കു നയിക്കപ്പെട്ടു.

ഈ ഉൽക്കൂട്ടത്തിന്റെ ഉത്ഭവം ഒരു പരാബോളായിൽക്കൂടി സൂര്യനെ ചുററി പ്രദിക്ഷണം വെച്ചിരുന്ന ഒരു ധൂമകേതുവിൽനിന്നാണെന്നാണനുമാനിച്ചിരിക്കുന്നതു്. ഏതോ കാരണവശാൽ ഈ ധൂമകേതു പൊട്ടിത്തകർന്നു് ഒരുൽക്കൂട്ടമായി തീരുകയും എ. ഡി. ഫ്വന്ന-ൽ യുറാനസു എന്ന ഗ്രഹവുമായി ഈ ഉൽക്കൂട്ടത്തിനുണ്ടായ സാമീപ്യം ഹേതുവായി അതിന്റെ പന്ഥാവു ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു ദീഘ്വൃത്തമായി തീരുകയും ചെയ്തിട്ടുള്ളതാണു്. ഈ പന്ഥാവിൽക്കൂടി. എ. ഡി. ഫ്വന്ന മുതൽ നാം കൊല്ലത്തിലൊരിക്കൽ വീതം നമ്മെ പ്രദിക്ഷണം വെച്ചശേഷം ഇപ്പോൾ ഈ പന്ഥാവിനേയും അതു തൃജിച്ചിരിക്കുന്നു.



ചില പൂർവ്വസ്മരണകൾ.

ഫാദർ സൈമൺ. സി. ഡി.

ഹാ! അമ്പതുകൊല്ലത്തെ പ്രശസ്തമായ സമുദായസേവനം!! ഇതിൽ പകുതിയിലധികഭാഗവും ഈ വിദ്യാലയമാതാവിനോട് ഓരോ നിലയിൽ അടുത്തുനിന്നു സേവിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ളതിനാൽ പല പൂർവ്വസ്മരണകൾ ഈ അവസരത്തിൽ ബോധത്തിൽ ഉദിക്കുന്നു. അവയിൽ ചിലതു നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചു ധ്രുതിയിൽ കുറിച്ചയയ്ക്കുന്നതാണ്.

* * *

അപ്രേമിയരുടെ അഭിനയകലാചാതുര്യം.

ഇന്നു ലത്തീൻ കത്തോലിക്കസമുദായത്തിലെ ഒരു അഭിവന്ദ്യനേതാവായ ശ്രീമാൻ വി. എ. പാസ്സ്യൽ അവർകൾ ഒരിക്കൽ ഈ വിദ്യാലയത്തിന്റെ പ്രധാനാദ്ധ്യാപകസ്ഥാനം അലംകരിച്ചിട്ടുള്ളതാണല്ലൊ. അദ്ദേഹത്തിന്റെ കാലം മുതൽക്കാണ് നാടകാഭിനയത്തിൽ നമ്മുടെ വിദ്യാലയം ഒരു നല്ല പേരു സമ്പാദിച്ചതു്. അദ്ദേഹത്തെപ്പോലെ തന്നെ അഭിനയവിദ്യയിൽ നിപുണന്മാരായി ഫിലിപ്പുസാർ മുതലായി ഏതാനും അദ്ധ്യാപകന്മാരും അന്നുണ്ടായിരുന്നു. ഓരോ ആണ്ടും നല്ല നല്ല ഏതെങ്കിലും നാടകം ചാതുര്യപൂർവ്വം അഭിനയിക്കുക ഒരു പതിവായിതീർന്നു. മുപ്പത്തഞ്ചുകൊല്ലത്തിനപ്പുറം അന്നു അഭിനയിച്ചുകണ്ട മാർ ക്ലയീസു നാടകത്തിന്റെ സ്മരണ ഇന്നലത്തേപ്പോലെ തോന്നുന്നു. ഒരു മി. നീലകണ്ഠപ്പിള്ളയായിരുന്നു ക്ലയീസുരാജാവിന്റെ ഭാഗം അഭിനയിച്ചതു്. (അദ്ദേഹത്തെപ്പററി അതിൽപ്പിന്നെ യാതൊരറിവുമില്ല. ജൂബിലിഘോഷത്തിനെങ്കിലും വന്നുകണ്ടെങ്കിൽ സന്തോഷമായിരുന്നു.)

കർത്താവേ ഏശുനാഥാ! കുരിശിലടിയനായ് പ്രാണനേത്തന്ന താതാ
ഓർത്താലും വഴ്റാൻസിനേയും രിപുജനനിരയിൽ വിട്ടുപോം പുത്രനേയും—

എന്നു ചൊല്ലി ആ ബാലവിദ്യാർത്ഥി പൊഴിഞ്ഞ കണ്ണുനീർ ഇന്നും സ്മൃതിപഥത്തിലെത്തുന്നു.

വേലുമേനൻ നൽവേല ചെയ്തിട്ടു
ചേർച്ചയാക്കിയ ഗീതത്തെ

അക്കാലത്തുണ്ടായിരുന്നവർ ആരും മറന്നിരിക്കയില്ല. മി. വേലായുധമേനവൻ അന്നത്തെ ഞങ്ങളുടെ ഡ്രിൽമാസ്റ്ററായിരുന്നു. വിദൂഷകവേഷത്തിനു തന്നെ ജനിച്ചതാണോ അദ്ദേഹമെന്നു തോന്നിപ്പോകും. അദ്ദേഹം രംഗത്തു വന്നാൽ സദസ്യർക്കു പിന്നെ മുഷിച്ചിലില്ല.

ഇതെല്ലാം കണ്ടും കേട്ടും പഠിച്ചും വിദ്യാർത്ഥികളിൽ പലർക്കും അഭിനയകലയിൽ അസാമാന്യമായ അഭിരുചി ഉണ്ടായതിൽ അത്ഭുതപ്പെടാനില്ലല്ലോ. കാലക്രമത്തിൽ അപ്രേമ്യരുടെ കൂട്ടത്തിൽ സമർത്ഥന്മാരായ നടന്മാരുണ്ടായി. മി. ആരോഗ്യസ്വാമിപ്പിള്ള ഹെഡ്മാസ്റ്ററായിരിക്കയിൽ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ മോളിയരുടെ "മൈസർ" എന്ന പ്രഹസനം ഒരിക്കൽ അഭ്യസിച്ചു. എം. രാജരാജവർമ്മതമ്പുരാൻ എം. എ. ബി. എൽ. അവർകളായിരുന്നു അന്നത്തെ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചതു്. അദ്ധ്യക്ഷനവർകൾ "മൈസറിന്റെ" നടനസാമർത്ഥ്യത്തെപ്പററി വളരെ പ്രശംസിച്ചതും, ഒരു നല്ല നമ്മാനം കൊടുത്തയക്കാമെന്നു വാഗ്ദാനം ചെയ്തതും മറ്റും പലരും ഇപ്പോഴും ഓർമ്മിക്കുന്നുണ്ടായിരിക്കും. കോട്ടയത്തുനിന്നു വന്നിരുന്ന ചില മാന്യന്മാർ മീററിങ്ങ് കഴിഞ്ഞു് മി. ആരോഗ്യസ്വാമിപ്പിള്ളയ്ക്കു കൈകൊടുത്തുകൊണ്ടു "ഇത്തരത്തിലുള്ള ചില പ്രദർശനങ്ങൾ നടത്തുന്നതിനു ഞങ്ങളെയും നിങ്ങൾ സഹായിക്കണം" എന്നു പ്രസ്താവിച്ചതും

സ്മരണിയംതന്നെ. നമ്മുടെ "ഹെർമെനെജിൽഡ്", മി. മാന്നുവൽ പയ്യട, എൽ. എൽ. ബി., ആരുടെ പ്രശംസയ്ക്കാണ പാത്രീഭവിയ്ക്കാത്തതു്. പരമ്പരാസിദ്ധമായ ഈ പ്രശസ്തി സെൻറ് എഫ്രേംസ് ഇന്നും പാലിച്ചുപോരുന്നുണ്ടെന്നുള്ളതു അഭിമാനജനകം തന്നെ.

* * *

നമ്മുടെ സാഹിത്യസമാജം.

ഹൈസ്കൂളാക്കിയതിൽപ്പിന്നെയുള്ള നമ്മുടെ ഒന്നാമത്തെ ഹെഡ്മാസ്റ്റർ ഗംഭീരശ്രീമാനും ഭരണനിപുണനുമായ പി. ജെ. എബ്രാഹം, ബി. ഏ. എൽ. റ്റി. അവർകളായിരുന്നല്ലൊ. അദ്ദേഹത്തിന്റെ കീർത്തികേട്ട്, കോട്ടയത്തുനിന്നും മറ്റു ദൂരസ്ഥലങ്ങളിൽനിന്നും അകത്തോലിക്കരും ക്രിസ്തീതരന്മാരുമായ ഒട്ടേറെ കുട്ടികൾ ആറാംഫോറത്തിൽ വന്നു ചേർന്നു. അങ്ങനെയാണു ആർപ്പൂക്കരെ ഒരു ഹിന്തുഹോസ്റ്റലും, മാന്നാനത്തുതന്നെ സ്കൂളിനു പുറത്തായി വേറൊരു വിദ്യാർത്ഥിസത്രവും മറ്റും സ്ഥാപിക്കാനിടയായതു്. അതിനു മുമ്പു പ്രായേണ ചെറിയ കുട്ടികൾ മാത്രമുണ്ടായിരുന്ന സെൻറു എഫ്രേംസിൽ ഇങ്ങനെ ഒട്ടധികം മുതിർന്ന കുട്ടികളും വന്നുചേർന്നപ്പോൾ കാര്യങ്ങൾക്കു ആകപ്പാടെ ഒരു ഊർജ്ജിതമായി. ഈ ഔർജിത്യം സർവ്വോപരി പ്രത്യക്ഷപ്പെട്ടതു നവമായി ആരംഭിച്ച സാഹിത്യസമാജത്തിലാണ്. പടിഞ്ഞാറേ അറ്റത്തു സിക്സ്ത്തുഫോറം ക്ലാസ്സിൽ നാലും അഞ്ചും ആറും ഫോറങ്ങളിലെ കുട്ടികളൊന്നിച്ചു, സാഹിത്യസമാജത്തിനും വാദപ്രതിവാദത്തിനുമായി ആഴ്ചയിലൊരിക്കൽക്രൂടുന്ന മീറ്റിങ്ങ് ആഴ്ചവട്ടത്തിലെ ഏറ്റവും പ്രതീക്ഷിതമായ ഒരു ചടങ്ങായിത്തീർന്നു. ഇന്നു പ്രസിദ്ധനായിത്തീർന്നിരിക്കുന്ന ആലപ്പുഴത്തെ മി. ജനാർദ്ദനൻപിള്ള, ഒരു മി. ഇട്ടിച്ചെറിയ, മി. നീലകണ്ഠയ്യർ മുതലായി പല പല ഗണനീയനടന്മാർ ഒന്നിനൊന്നു ആ രംഗങ്ങൾ ക്രൂടുതൽ ക്രൂടുതൽ രസകരങ്ങളാക്കിച്ചെയ്തിരുന്നു. ഈ വക സംഗതികളൊന്നും കണ്ടുപരിചയംപോലുമില്ലായിരുന്ന നാലാംഫോറത്തിലെ ചെറിയ കുട്ടികളായ ഞങ്ങൾക്കു ഇവരുടെ വാദപ്രതിവാദരീതികളുംമറ്റും ആദ്യം കേവലം അത്ഭുതകരമായിത്തോന്നി. ക്രമേണ ഞങ്ങളും പ്ലാറ്റുഫോറത്തിലേക്കു പ്രവേശിച്ചു തുടങ്ങി. ആവക പരിശീലനങ്ങളെല്ലാം ഓരോരുത്തർക്കും എത്ര കണ്ടു പ്രയോജകമായി ഭവിച്ചു എന്നു ഇപ്പോഴല്ലേ അറിയുക.

മി. സൂസയ്യാപ്പിള്ള ബി. ഏ., ബി. എൽ., എൽ. റ്റി. യുടെ കാലത്തു പ്രസംഗാഭ്യസനത്തിനു ക്രൂടുതൽ പ്രാമാണ്യം സിദ്ധിച്ചു. അദ്ദേഹം പേരുകേട്ട ഒരു പ്രാസംഗികനായിരുന്നു. ശിഷ്യഗണങ്ങളായ ഞങ്ങളിൽ ആ അമൂല്യസമ്പത്തു യഥാശക്തി വിതരണംചെയ്യുന്നതിനു അദ്ദേഹം ശ്രമിച്ചുവന്നു. വാഗ്മികയോഗങ്ങളിലും മറ്റും സമാജാംഗങ്ങളേക്കൊണ്ടുതന്നെ പ്രസംഗങ്ങൾ എഴുതിപ്പിച്ചിച്ചു്, തഴക്കി പറയിക്കാൻ തുടങ്ങി. കാണികൾക്കു ഇതു അത്ഭുതാവഹമായിത്തോന്നി. ജഡ്ജി മി. ജോസഫ് തുമ്പശ്ശേരി, മെസ്സേഴ്സ് മാത്യു മുരിക്കൻ, തോമസ് മാക്കീൽ, വി. സി. ജോർജ്ജ് ആദിയായി ബഞ്ചിലും ബാറിലും പ്ലാറ്റുഫോറത്തിലും ഇന്നു പ്രശോഭിക്കുന്ന പല മഹാന്മാർ ഈ പരിശീലനക്കളരിയിൽ നിന്നു പുറപ്പെട്ടിട്ടുള്ളവരാണ്.

* * *

സാഹിത്യപരിശീലനങ്ങൾ.

സാഹിത്യസമാജത്തിൽ നിന്നു വേറേയും പല ഗുണങ്ങൾ സിദ്ധിച്ചിട്ടുള്ളതു ഏവരും കൃതജ്ഞതാപൂർവ്വം എന്നും അനുസ്മരിക്കും. ഇംഗ്ലീഷിലായാലും ശരി മലയാളത്തിലായാലും ശരി വല്ലതും രണ്ടു വാക്കു ചൊല്ലിത്തുടങ്ങുന്നതിനുള്ള ധൈര്യവും മിക്കവർക്കും അവിടെനിന്നാണു ലഭിച്ചിട്ടുള്ളതു്. ദീർഘകാലത്തേയ്ക്കു മി. അഗസ്റ്റസ് സായ്പിനെ നമ്മുടെ സ്കൂളിലേക്കു ലഭിച്ചതു ഈ ശേഖരത്തിൽ വലിയൊരു സമ്പാദ്യമായിരുന്നു. അപ്രേമ്യരുടെ ഇംഗ്ലീഷ് ഭാഷയ്ക്കു് ഇതുനിമിത്തം ഗണ്യമായ ഒരു മേന്മ സിദ്ധിച്ചിട്ടുള്ളതു ഒരുപക്ഷേ നാം മനസ്സിലാക്കിയിട്ടില്ലായിരിക്കാം. കേരളീയരുടെ ഇംഗ്ലീഷ് ഭാഷാശബ്ദത്തെയും പ്രയോഗത്തെയുംപറ്റി വിദേശിയർക്കു പൊതുവേ വലിയ പുച്ഛമുണ്ടു്. എങ്കിലും നമ്മുടെ പൂർവ്വവിദ്യാർത്ഥികൾക്കു അതുതന്നെ ഈ കോട്ടം പറ്റിയിട്ടില്ലെന്നു മംഗല

പുരത്തും മറ്റുമുള്ള അനുഭവംകൊണ്ട് അറിയാൻ ഇടയായിട്ടുള്ളതാകുന്നു. നമ്മുടെ ഡോക്ടർ പി. ജെ. തോമസിന്റെ ഇംഗ്ലിഷ് ഭാഷാസരണി ആംഗ്ലേയരുടെപോലും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണല്ലൊ.

മലയാളഭാഷയ്ക്കും സെൻറു എപ്രേംസിൽ പല അനുകൂല പരിതസ്ഥിതികൾ ഉണ്ടായിട്ടുണ്ട്. വിലപ്പട്ടം, എടമരം മുതലായവരിൽ നിന്നു ലഭിച്ച സഹായങ്ങൾ ചില്ലറയല്ല. സാഹിത്യപരമായ ഒരു അന്തരീക്ഷം തദ്വാരാ സമാഗതമാവാനിടയായി.

പെ. ബ. വലിയ ളൂയീസച്ചനും ബ. ഫിലിപ്പോസച്ചനും ഞങ്ങളുടെ കാലത്തു സ്കൂളിന്റെ സൂര്യചന്ദ്രന്മാരായിരുന്നു. അവരുടെ തിരുനാളാഘോഷാവസരങ്ങളിലും മറ്റുമാണു ഞങ്ങളുടെ സാഹിത്യപ്രദർശനങ്ങൾ പരമാവധിയെ പ്രാപിച്ചിരുന്നതു്.

കീർത്തിയേറിയ ഗോത്രത്തിൽ ധാത്രിയിൽ വന്ന ജാതനായ്
ചീർത്തമോദേന ലോകത്തെ തീർത്തുപേക്ഷിച്ചു പുണ്യവാൻ.
ഏവമുള്ള മഹാത്മാവാം ളൂവീസിൻ നാമമിങ്ങഹോ
ഈവന്ദ്യനിത്ര ചേർച്ചയ്ക്കായ്ത്തെവ്വണ്ണം വന്നുചേർന്നിതോ.

എന്നും മറ്റും മാനേജരുടെ തിരുനാളിനു മംഗളപത്രസമർപ്പണം ചെയ്യുന്നതിനു ഞങ്ങൾക്കു യാതൊരു ക്ലേശവുമുണ്ടായിരുന്നില്ല. സങ്കടനിവേദനങ്ങളും ഇക്രൂട്ടത്തിൽ സമർപ്പിച്ചു നിവൃത്തിമാത്രം ഉണ്ടാക്കിവന്നു.

ഏറുമാനൂരു നിണ്ടൂരും ഏറ്റമങ്ങുള്ള മാഞ്ഞൂരും
മറ്റുമാചെറുവാണ്ടൂരും മാറെഴും കുടമാളൂരും.
ആർപ്പൂക്കരയുമ്പിന്നെ കൈപ്പുഴ,യതിരമ്പുഴ
ഇപ്പോലുള്ള കരേന്നൊക്കെയിപ്പോഴുണ്ടിഹ കുട്ടികൾ.

പ്രതിദിനം നടന്നുവന്ന പഠിച്ചുകൊണ്ടിരിക്കുന്ന ഈ കുട്ടികൾക്കായി ചില റോഡുകൾ, പാലങ്ങൾ കടത്തുവള്ളങ്ങൾ മുതലായവ കിട്ടണമെന്നുള്ളതായിരുന്നു നിവേദനം. മാനേജർ തൽക്ഷണം അതിലേക്കുള്ള ശ്രമങ്ങൾ തുടങ്ങുകയായി. മി. കെ. പി. ശങ്കരമേനോൻ അവർകളായിരുന്നു അന്നു കോട്ടയം പേഷ്കാർ. പേഷ്കാരവർകളെ മാനേജർ ചെന്നു കാണുന്നു. സ്കൂളിലേക്കു ക്ഷണിച്ചുവരുത്തുന്നു. കുട്ടികളുടെ വിഷമതകൾ അദ്ദേഹത്തെ മനസ്സിലാക്കുന്നു.

നാളെ രാവിലെ റോഡിന്നായ് ചിലെന്നുത്തരവിട്ടിടാം
താളമല്ലിതിചൊന്നിട്ടാണാളുപോയതു മേനവൻ.

ഇങ്ങനെ ലഭിച്ചതാണു ഇപ്പോൾ കാണുന്ന മാന്നാനം–അതിരമ്പുഴ റോഡ്. ഈമാതിരി ഞങ്ങളുടെ സാഹിത്യപരിശ്രമങ്ങൾ കുട്ടികൾ ഉരുവിട്ടുകൊണ്ടു നടക്കുന്നതു കേൾപ്പാൻ വളരെ കൌതുകമുണ്ടായിരുന്നു. റവ. ഫാദർ ഫിലിപ്പോസ് അവർകളുടെ മംഗളപത്രത്തിലെ ഒരു ഭാഗംകൂടി ഉദ്ധരിച്ചു ഈ ഭാഗം അവസാനിപ്പിക്കാം.

ബാറ്റ് മിൻറൻ തരസാകളിച്ചുമതിലേ തോറ്റും ജയിച്ചും ഭയം
മാറ്റുംമട്ടു ചൊരിഞ്ഞിടുന്ന ചിരിയാലേറ്റം ലസിച്ചും സദാ
മീറ്റിങ്ങിനു പ്രൈസെടുപ്പുമവിടേ ലെക്ചേഴ്സടിച്ചും മഹാ
ലാറ്റിൻ പ്രൊഫസർ വാഴണം സുചിരമീ ഫിലിപ്പരിയോൻ ധന്യനായ്.

* * *

അഭിമാനകരമായ ഒരു സംഭവം.

അന്നു ഞാൻ ബോർഡിംഗു ക്ലെർക്കായി ജോലി നോക്കുകയായിരുന്നു. ഒരു ദിവസം കുട്ടികളെ ക്ലാസ്സിലേക്കയച്ചിട്ടു പത്രസംബന്ധമായ ചില അത്യാവശ്യകാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കയിൽ കുറേ അകലെയായി ഒരു വലിയ ആർപ്പുവിളി കേട്ടു. അല്പനേരം കഴിഞ്ഞപ്പോഴേക്കും ജനാരവം വള്ളിമുറിത്തു എത്തിക്കഴിഞ്ഞു. പുറത്തിറങ്ങിനോക്കിയപ്പോൾ ഇതാ പത്തുമുന്നൂറു പേരട

ങ്ങിയ ഒരു ജനക്കൂട്ടം ആർത്തുവിളിച്ചുകൊണ്ടു പള്ളിക്കൂടത്തിലേക്കു കയറിവരുന്നു. മി. രാഘവയ്യാ യുടെ കാലത്തെ വിദ്യാർത്ഥിബഹളത്തിൽ കോട്ടയത്തുനിന്നു മാന്നാനത്തേയ്ക്കു പ്രവഹിച്ച വിദ്യാർത്ഥി സൈന്യമായിരുന്നു അതു്.

അരിവമ്പടയും പടയും പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽനടുകൊടിയും കൊടിയും പരിവശ്യസുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും

എന്നു പുനം നംപൂതിരി പാടിയതാണു ആ വമ്പട കണ്ടപ്പോൾ ഓമ്മയിൽ വന്നതു്. എട്ടും ഒൻപതും വയസ്സുള്ള കുട്ടികൾപോലും ആ ക്രൂരത്തിലുണ്ടായിരുന്നു. എന്തു മുണ! എന്തു പ്രസരിപ്പു!! തിരുവിതാംകൂർ മുഴുവൻ അവക്കു കീഴ്പ്പെട്ടുപോയി എന്നുള്ള തരത്തിലാണു സൈന്യം മുമ്പോട്ടു പായുന്നതു്. ക്രമലുക്രടാതെ അവർ നമ്മുടെ സ്കൂൾഹാളിലേക്കു പ്രവേശിച്ചു. കുട്ടികൾ പരീക്ഷയ്ക്കു എഴുതിക്കൊണ്ടിരിക്കയായിരുന്നു. നമ്മുടെ കുട്ടികളിൽ യാതൊരുത്തരും സ്ഥലം വിട്ടുപോകരുതെന്നു ശിക്ഷാശാസ്ത്രനിപുണനായ ഹെഡ്മാസ്റ്റർ മി. കെ. ജെ. അബ്രാഹം ആജ്ഞാപിച്ചിരുന്നു. ചിലരുടെ പരീക്ഷക്കടലാസുകളും മഷിക്കുപ്പികളും പ്രതിയോഗികൾ കൈവശമാക്കി. സഹപക്ഷത്തിൽ ചേരുന്നതിനു ആരുമില്ലെന്നു കണ്ടപ്പോൾ ഇളിഭ്യരായി പിന്നോക്കംമാറുവാൻ തുടങ്ങി. പറമ്പിലേയ്ക്കിറങ്ങിയതെങ്ങു്, നാരകം മുതലായ വയോടെല്ലാം ഒരു ആക്രമണം നടത്തി. ഒരാൾ തെങ്ങിൽനിന്നു താഴെ വീണു കാലൊടിഞ്ഞതായിട്ടാണു കേട്ടതു്. ഏതായാലും അയാളെ ഒരു ചാക്കിൽ കെട്ടിയെടുത്താണു തിരികെ കൊണ്ടുപോയതു്. ഇതിനിടയിൽ ആശ്രമത്തിലേക്കു പ്രവേശനം കൊടുക്കാതെ ആശ്രമവാതിലുകളെല്ലാം ബന്ധിച്ചുകഴിഞ്ഞിരുന്നു. ഉച്ചഊണു കിട്ടിയേ പോകയുള്ളു എന്നു ശാഠ്യം തുടങ്ങി. ബോർഡേഴ്സിനു വിളമ്പിയിരുന്ന ഉച്ചഭക്ഷണം എടുത്തു കഴിച്ചുകളയുമെന്നുള്ള ദിക്കായി. അതിനാൽ ഊട്ടുമുറി വാതിലുകളും പൂട്ടി കാവൽ നിറുത്തി. പരീക്ഷയും കഴിഞ്ഞു വന്നെത്തിയ എന്റെ കുട്ടികളെല്ലാം വിശ്വസ്തഭടന്മാരെപ്പോലെ എന്റെ പിന്നിലായി സ്ഥലംപിടിച്ചു. താളങ്ങളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടതിനാൽ ഒടുവിൽ ശത്രുസൈന്യം പിന്മാറുകതന്നെ ചെയ്തു. മുരുക്കത്തിൽ രണ്ടുമണി കഴിഞ്ഞേ കുട്ടികൾക്കു ഭക്ഷണംകൊടുക്കുന്നതിനും, ആശ്രമത്തിലേക്കു കടന്നു എനിക്കു വല്ലതും കഴിക്കുന്നതിനും സാധിച്ചുള്ളുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ബഹളക്കാർ ചെന്നു ആഘോഷവിളി നടത്തിയ സ്ഥലങ്ങളിലെല്ലാം തന്നെ അവിടത്തെ കുട്ടികളും അവരോടു ചേരുകയാണു ഉണ്ടായിട്ടുള്ളതു്. എന്നാൽ ആജ്ഞാനുവർത്തികളായ നമ്മുടെ കുട്ടികൾ ഈ അവസരത്തിൽ പ്രദർശിപ്പിച്ച വിശ്വസ്തത അഭിമാനസമേതം എക്കാലത്തും അനുസ്മരിക്കപ്പെടേണ്ട ഒരു സംഭവമാണെന്നുള്ളതിനു സംശയമില്ല.

* * *

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്.

കേരളകാളിദാസനായ ഈ തിരുമേനിയുടെ ഒരു വലിയ ഛായാപടം സ്കൂൾഹാളിൽ പ്രധാന സ്ഥാനത്തു സ്ഥിതിചെയ്യുന്നതിന്റെ ചരിത്രം ഇപ്പോഴുള്ള കുട്ടികളിൽ അധികംപേർക്കും നിശ്ചയമുണ്ടെന്നു തോന്നുന്നില്ല. മുപ്പതോ മുപ്പത്തഞ്ചോ കൊല്ലത്തിനപ്പുറമാണു്. തിരുമേനി ഒരിക്കൽ മാന്നാനത്തേയ്ക്കു എഴുന്നള്ളി. അത്യാഹ്ലാദപൂർവ്വം സ്വീകരിക്കപ്പെട്ടു. സ്കൂളിന്റെ രണ്ടാംനിലയുടെ മദ്ധ്യത്തിൽ സ്ഥാപിച്ചിരുന്ന പ്ലാറ്റുഫോമത്തിൽ മഹാമഹിമശ്രീമാനായ ആ തിരുമേനി ആസനസ്ഥനായതും വില്ലായിട്ട ശിപായിമാർ ഇരുവശവും അകമ്പടിസേവിച്ചു നിന്നതും മറ്റും ഇന്നലത്തേപ്പോലെ സ്മരണയിലുദിക്കുന്നു. വന്ദ്യദിവ്യശ്രീ നിധീരിയ്ക്കൽ മാണിഅച്ചൻ അവർകൾ ഒരു മംഗളാശംസ പ്രസംഗം ചെയ്തു. അന്നു തിരുമനസ്സുകൊണ്ടു സ്കൂളിന്റെ രക്ഷാധികാരം സദയം സ്വീകരിച്ചു. ആശ്രമവും മറ്റും സന്ദർശിച്ചു സംതൃപ്തനായി തിരികെ എഴുന്നെള്ളിയശേഷം അയച്ചുതന്ന പടമാണു ഇന്നു നാം കാണുന്നതു്. തിരുമനസ്സിലേക്കു മാന്നാനത്തോടുള്ള ബന്ധം മനസ്സിലാക്കുന്നതിനു ആദ്യകാലങ്ങളിലെ 'നസ്രാണിദീപിക' എടുത്തുനോക്കിയാൽ മതി. മാന്നാനത്തെയും

ആശ്രമത്തേയും, പത്രത്തെയും പ്രകീർത്തിച്ചുള്ള തിരുമനസ്സിലെ വല പദ്യങ്ങൾ കാണാം. പെ. ബ. മിഷ്യനറി അപ്പസ്തോലിക്കാ വലിയചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും തിരുമനസ്സിലെ ആപ്തമിത്രങ്ങളായിരുന്നു. ആറിങ്ങൽ തമ്പുരാട്ടിമാർ ചെറുപ്പമായിരിക്കയിൽ ഈ തപോവൃദ്ധന്റെ അനുഗ്രഹം തിരുമേനി അവർക്കു പ്രാപിച്ചുകൊടുത്തിട്ടുള്ളതും പ്രസ്താവ്യമാണ്. "വലിയചാണ്ടിക്കത്തനാർ ഇങ്ങോട്ടു ഇറങ്ങാമെന്നുവച്ചതുതന്നെ വലിയ അനുഗ്രഹം" എന്നാണു തിരുവനന്തപുരത്തുവച്ചു കണ്ടുമുട്ടുമ്പോൾ തിരുമേനി പറയാറുണ്ടായിരുന്നതു്.

* * *

പൂർവ്വവിദ്യാർത്ഥിസംഘം.

സപ്തതിജൂബിലിയിലെത്തിയിട്ടും സെൻറു എപ്രേംസിനു് ഒരു പൂർവ്വവിദ്യാർത്ഥിസംഘമില്ലല്ലൊ എന്നു ചിലർ ഖേദിക്കുന്നതു കേട്ടിട്ടുണ്ടു്. ഇല്ലെന്നു പറയാൻ പാടില്ല. ഫൻഫഠ–ലെ സ്കൂൾഡെ ആഘോഷം സ്മരണയിലെത്തുന്നു. വെറി റവ. ഫാദർ സ്റ്റീഫൻ മാനേജരായിരുന്നു. ഫാദർ വെട്ടിയ്ക്കാപ്പള്ളി മുതലായ പൂർവ്വവിദ്യാർത്ഥി പ്രമുഖന്മാർ സന്നിഹിതരായിരുന്നു. ഫാദർ വെട്ടിക്കാപ്പള്ളിയുടെ ഉജ്ജ്വലത്തായ ഒരു പ്രസംഗം അന്നു സ്കൂൾഹാളിൽ മുഴങ്ങി. പൂർവ്വവിദ്യാർത്ഥിസംഘത്തിന്റെ ആവശ്യകതയും അന്നത്തെ സമ്മേളനത്തിൽ പ്രതിപാദിക്കപ്പെട്ടു. സമ്മേളനാനന്തരം പൂർവ്വവിദ്യാർത്ഥികളുടെ ഒരു കാര്യാലോചനായോഗം നടക്കുകയും ഒരു Former Pupils' Association രൂപവൽക്കരിച്ചു ഭാരവാഹികളെ തെരഞ്ഞെടുക്കുകയുമുണ്ടായി. അന്നത്തെ യോഗത്തിൽ പ്രത്യക്ഷപ്പെട്ട ആ ഉന്മേഷം അതു വേഗം അസ്തമിക്കുമെന്നു ആരും കരുതിയിരിക്കയില്ല. പിറേറക്കൊല്ലം ഒരു സമ്മേളനം നടക്കുകയുമുണ്ടായി. പിന്നീടു എന്തു സംഭവിച്ചു എന്നറിയാറില്ല. കേരളീയരുടെ ജന്മസിദ്ധമായ ആ ഗുണം അവിടെയും പ്രത്യക്ഷപ്പെട്ടെങ്കിൽ ഒട്ടും അത്ഭുതപ്പെടാനില്ലെന്നു സമാധാനിക്കുകതന്നെ. അതല്ലെങ്കിൽ തിശ്ശിനാപ്പള്ളി സെൻറു ജോസഫ്സിലേയും മറ്റും പൂർവ്വവിദ്യാർത്ഥിസംഘങ്ങൾ ഇപ്പോഴും നടന്നുപോകുന്നതെങ്ങനെയെന്നു സമാധാനം പറയേണ്ടിവരും.

ന ദൈവമിതിസഞ്ചിന്ത്യ ത്യജേദുദ്യോഗമാത്മനഃ
അനുദ്യമേന കസ്തൈലം തിലേഭ്യഃ പ്രാപ്തു മർഹതി.

അതായതു, ദൈവഹിതംപോലെ വരട്ടെയെന്നു കരുതി, നാം ചെയ്യാനുള്ള ശ്രമം ചെയ്യാതിരിക്കരുതു്. എള്ളിൽ നിന്നു എണ്ണയെടുപ്പാൻ ശ്രമംകൂടാതെ കഴിയുമോ?

* * *

ഒരു വിജയരഹസ്യം

കൂടി പരസ്യമാക്കിയിട്ടു് ഈ പൂർവ്വസ്മരണകൾ സമാപിപ്പിച്ചുകൊള്ളാം. പ്രഥമദൃഷ്ട്യാ നമ്മുടെ വിദ്യാലയത്തിനു പല അസൌകര്യങ്ങളെ തരണംചെയ്യേണ്ടതായിട്ടുണ്ടെന്നു പ്രത്യക്ഷത്തിൽ കാണാം. എങ്കിലും അതിനെ എല്ലാം ജയിച്ചു അതു മുന്നണിയിൽ നടകൊള്ളുന്നു. പരീക്ഷാഫലത്തിൽ ഒരിക്കലും പിന്നോക്കം പോയിട്ടില്ല; കുട്ടികളുടെ സംഖ്യയും ക്രമേണ കുറയുന്നില്ല. എന്തുകൊണ്ടുനോക്കിയാലും പുരോഗമനമല്ലാതെ കാണുന്നില്ല. ഈ വിജയരഹസ്യം എന്താണെന്നു പലരും പലപ്പോഴും അത്ഭുതപ്പെടാറുണ്ടു്. പരേതനായ ഡോക്ടർ മാത്യു മാക്കീൽ തിരുമനസ്സുകൊണ്ടു ഒരു സമ്മാനദാനാവസരത്തിൽ അദ്ധ്യക്ഷത വഹിച്ചപ്പോൾ ഇതേ പരാമർശിച്ചു ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "... The very atmosphere of this institution is rich in all those elements of morality which I should like every pupil to inhale freely. Piety, obedience, and perseverance— these I consider to be

the cardinal virtues which must characterise the life of every individual, for where these exist, the other necessary virtues are sure to follow."

പരമപാവനമായ ഒരു അന്തരീക്ഷം പൂർവ്വപിതാക്കന്മാരുടെ പരിശ്രദ്ധതയാൽ ഈ കുന്നിൽ സംസ്യഷ്ടമായിട്ടുണ്ട്. സർവ്വോപരി അതാണ് ഏതാവൽപ്പുയ്ന്തമുള്ള നമ്മുടെ മാതൃവിദ്യാലയത്തിന്റെ വിജയത്തിനു നിദാനമായി ഭവിച്ചിട്ടുള്ളതെന്ന് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അതുണ്ടാകുമ്പോൾ മറ്റു സകലതും ഉണ്ടായിക്കൊള്ളുമെന്ന സംപൂജ്യനായ അദ്ധ്യക്ഷൻ നിർണ്ണയിച്ചതു യുക്തിപൂർവ്വംതന്നെ— അനുഭവവും അതിനെ സ്ഥിരീകരിക്കുന്നു. യോഗാർത്ഥികളുടെ ഡയറക്ടരായിരിക്കയിൽ ഈ വാസ്തവം എനിക്കു പൂർവ്വാധികം അനുഭവവേദ്യമായിട്ടുള്ളതാണ്. അതു ബുദ്ധിക്രമ്മതയുള്ളവരല്ലാത്ത കുട്ടികൾപോലും യോഗാർത്ഥിഭവനത്തിലേക്കു കടന്നുകഴിഞ്ഞാൽ ക്ലാസ്സിൽ അനല്പമായ വ്യത്യാസം പഠനവിഷയത്തിൽ കാണുക പതിവാണെന്നു അദ്ധ്യാപകന്മാർ തന്നെ സന്തോഷപൂർവ്വം പറയാറുണ്ട്. ഏകാഗ്രചിത്തതയുടെ ഒരു അന്തരീക്ഷം അവർ ശ്വസിക്കുന്നതാണ് അതിനു കാരണം. അവർ നിമിത്തം ക്ലാസിലേക്കും അതു സംക്രമിപ്പാൻ ഏറക്കുറെ ഹേതുവാകുന്നു. ഇതു് അദ്ധ്യാപകന്മാരുടെ ശ്രമത്തെ അത്യന്തം ലഘൂകരിക്കുന്നു; വിജയപദ്ധതി സുഗമമാക്കിത്തീർക്കുന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ പൂർവ്വസ്മരണകൾ വളരെ ദീർഘിക്കും.

ഇക്കായ്മെല്ലാമൊരുനാൾ നിനച്ചാ—
ലുൾക്കാമ്പിലപ്പോതരമോദമുണ്ടാം.

എന്നു വേർജിൽ മഹാകവിയോടുകൂടി പാടി അവസാനിപ്പിക്കട്ടെ. Hace olim meminisse juva bet.

ഒരു സൂചനം.

ജോസഫ് മാളിയേക്കൽ, ബി. എ., ബി. എൽ.

ക്രൈസ്തവ വിദ്യാലയങ്ങളെ സംബന്ധിച്ച് എന്റെ ചിന്തയിൽ മുന്നിട്ടു നില്ക്കുന്ന ഒരു സംഗതി രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു വിചാരിക്കുന്നു.

മലയാളം സംസാരിക്കുന്നവരിൽ വർഗ്ഗവ്യത്യാസമനുസരിച്ചു ഭാഷാനൈപുണ്യത്തിലും അഭിരുചിയിലും വ്യത്യാസമുള്ളതായി ഇപ്പോൾ കാണുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. മലയാളം ഒരു പ്രത്യേക ഭാഷയായി വളർന്നുവന്ന ഘട്ടങ്ങളിൽ ഭാഷയെ ശാസ്ത്രീയമായും പ്രായോഗികമായും ക്രൂടുതൽ പോഷിപ്പിച്ചിട്ടുള്ളതു് ക്രൈസ്തവരാണെന്നും ഭാഷാനിപുണന്മാർ എല്ലാക്കാലത്തും ക്രൈസ്തവരിൽ തുടച്ചയായി ഉണ്ടായിരുന്നുവെന്നും അഭിമാനപൂർവ്വം സ്മരിക്കുന്ന ക്രൂട്ടത്തിൽ ഭാഷാസാഹിത്യത്തിൽ ഇടക്കാലത്തു ക്രൈസ്തവർ പൊതുവെ പിന്നോക്കമായി എന്നും അവരുടെ അധസ്ഥിതാവസ്ഥ ഇനിയും നീങ്ങിട്ടില്ലെന്നുംക്രൂടി പ്രസ്താവിക്കുന്നതു പരമാർത്ഥമാണ്. ആ അവസ്ഥയ്ക്കു പല കാരണങ്ങളും ചരിത്രാന്വേഷകർ കണ്ടുപിടിച്ചേക്കാം. മലയാള ഭാഷയ്ക്കു സംസ്കൃതത്തോടുള്ള ബന്ധം അതി ദൃഢമായിത്തീരുകയും അതിനനുസരണമായ സംസ്കൃതഭാഷാജ്ഞാനം ക്രൈസ്തവർക്കില്ലാതിരിക്കുകയും ചെയ്തതു് ഒരു പ്രധാന കാരണമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ കുറവിനെ പരിഹരിക്കാനുള്ള പ്രധാന പദ്ധതി സംസ്കൃത ഭാഷാഭ്യസനംതന്നെയാണ്.


സംസ്കൃതം പഠിക്കുവാൻ വേണ്ടത്ര സൗകര്യം ക്രൈസ്തവർക്കു ലഭിക്കുന്നില്ല. സംസ്കൃതം ഹൈസ്കൂൾകളിൽ ഉപഭാഷായായി അഭ്യസിപ്പിക്കുവാൻ പാഠപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ക്രൈസ്തവ വിദ്യാലയങ്ങൾ ഈ വിഷയത്തെ തീരെ അവഗണിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ സംസ്കൃതം പഠിപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു ക്രൈസ്തവ വിദ്യാലയം മാത്രമേ എനിക്കറിവുള്ളൂ. ചില വിദ്യാലയങ്ങളിൽ, ഏതാനുംനാൾ പരീക്ഷിച്ചിട്ട്, വിദ്യാർത്ഥികൾക്ക് അഭിരുചിയില്ലെന്നുള്ള കാരണംപറഞ്ഞു നിറുത്തൽചെയ്തതായും അറിയാം. നിവൃത്തിയുള്ളപക്ഷം അന്യമതസ്ഥരുടെ വിദ്യാലയങ്ങളിൽ ചേർന്നു പഠിച്ചുകൂടെന്നു ചില ക്രൈസ്തവ വിഭാഗങ്ങൾക്കു നിർബന്ധമായ നിഷ്കർഷയുണ്ട്. ക്രൈസ്തവ വിദ്യാലയങ്ങളിൽ ന്യായമായ എല്ലാ സൗകര്യങ്ങളും നൽകുവാൻ ഈ കാരണത്താൽ, അധികൃതന്മാർക്കു പ്രത്യേകമായ കടമയും ഉണ്ട്. പ്രസ്തുത കടമയെ അവഗണിക്കുവാനോ നിർവ്വഹിക്കാതിരിക്കുവാനോ മതിയായവിധം സാധീകരിക്കുവാൻ യാതൊരു സമാധാനവും അവർക്കുണ്ടായിരിക്കാവുന്നതല്ല. വിദ്യാർത്ഥികൾ അഭിരുചി പ്രദർശിപ്പിക്കുന്നില്ലെങ്കിൽ, അവർക്കു പ്രത്യേക താല്പര്യം ജനിപ്പിക്കേണ്ടതായ ചുമതലയും അധികാരികൾക്കുണ്ട്. ക്രൈസ്തവ വിദ്യാലയങ്ങൾ ഈ വിഷയത്തിൽ പ്രദർശിപ്പിക്കുന്ന അനാസ്ഥ യാതൊരു ന്യായത്താലും സാധൂകരിക്കാവുതല്ല.

വിദ്യാലയാധികൃതന്മാരുടെ ഈ മുമതല മറെറാരു കാരണത്താൽ ഗൗരവതരമായിത്തീർന്നിട്ടുണ്ട്. ഉദ്യോഗസന്നിധിയിൽ നാലിലൊരു ഭാഗം അഭ്യസനംമാത്രം നടക്കുന്നുവെന്നു നീതിസാരകർത്താവു വിവക്ഷിക്കുന്നു. സംസ്കൃത ഭാഷാഭ്യസനത്തിൽ ഹിന്ദുക്കൾക്ക് ഇപ്രകാരം ഒരംശം മതിയാകുന്നതാണ്. അവരുടെ മതഗ്രന്ഥങ്ങൾ സംസ്കൃതത്തിലാണല്ലൊ. കവിതാരൂപത്തിൽതന്നെ

ഭാഷാന്തരപ്പെട്ടത്തിട്ടുള്ള പ്രസൂത ഗ്രന്ഥങ്ങൾ അവരുടെ കുടുംബങ്ങളിൽ നിത്യം ഉപയോഗിക്കുന്നതു് കുട്ടിക്കാലംമുതൽക്കേ അവക്കു പരിചയപ്പെടുകയും അദ്ധ്യയനവേളയിലും പിന്നീടും ഈ പരിചയം അവരുടെ സംസ്കൃതഭാഷാജ്ഞാനത്തെ വളരെ സഹായിക്കുകയും ചെയ്യുന്നുണ്ടു്. ക്രൈസ്തവാനികളുടെ അനുഭവം അതിനു വിപരീതമാണു്. അവരുടെ മതഗ്രന്ഥങ്ങൾ വിദേശഭാഷകളിൽനിന്നു ഗദ്യത്തിൽ രചിച്ചിട്ടുള്ളവയാണു്; ആരാധനയ്ക്കുപയോഗിക്കുന്നതും ഗദ്യംതന്നെ. കവിത അവരുടെ ആരാധനയിൽ വരുന്നതു സംഗീതമായിട്ടാകുന്നു. അതു വിദേശഭാഷയിലും വിദേശരീതിയിലും ആയിരിക്കും. നാട്ടുഭാഷയിൽ വല്ല സംഗീതവും അവർ ഉപയോഗിക്കുന്നെങ്കിൽ അതും വിദേശരീതിയിലോ, ഭാരതീയരീതിയുടെ ഒരു പ്രാകൃതരൂപത്തിലോ മാത്രമാണു്. ശൈശവം മുതല്ക്കേയുള്ള ഈ അനുഭവം അവരുടെ ഭാഷാഭിവൃദ്ധിയെ സഹായിക്കുന്നില്ലെന്നതന്നെയല്ല, അവരിൽ അന്തർമ്മുഖമായി വല്ല കാവ്യപ്രതീതിയും ഉണ്ടെങ്കിൽ അതിനെ പാടേ ഹനിക്കുകയും ചെയ്യുന്നു. അവർ വല്ലതും കുറെ അഭ്യസിച്ചാൽത്തന്നെയും, ഇപ്രകാരമുള്ള അനന്തരാനുഭവങ്ങൾ അതിനെ വളരെ ദുർബ്ബലപ്പെടുത്തുന്നു. ആ സ്ഥിതിക്കു്, ക്രൈസ്തവാനികൾക്കു വിദ്യാലയങ്ങളിൽ നൽകുന്ന സംസ്കൃതഭാഷാപരിശീലനം മറ്റുള്ള വിദ്യാലയങ്ങളിലെ തോതിനെ അപേക്ഷിച്ചു് വളരെ കൂടുതലായിരിക്കണം.

സംസ്കൃതഭാഷാഭ്യസനത്തിന്റെ ആവശ്യവും തൻമൂലമുള്ള ഭാഷാഭിവൃദ്ധിയുടെ ഉപയോഗവും എന്താണെന്നു് ആരെയും പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. ശരിയായ ഭാഷാനൈപുണ്യം— തത്വത്തിലും പ്രയോഗത്തിലും, പദ്യനിർമ്മാണത്തിലും ഗദ്യരചനയിലും, നിരൂപണത്തിലും മറ്റെല്ലാ ശാഖകളിലും ഉള്ള വൈദുഷ്യം— സംസ്കൃതജ്ഞാനം കൂടാതെ സുസാധമല്ലെന്നും, സംസ്കൃതഭാഷാഭിജ്ഞന്മാരായ കേരളീയർക്കു് മലയാളഭാഷാസാഹിത്യത്തിൽ വളരെ ഉയർന്നിലനിഷ്പ്രയാസം സിദ്ധിക്കുന്നുണ്ടെന്നും ഉള്ള അനുഭവങ്ങൾക്കു ദൃഷ്ടാന്തം ആവശ്യമില്ല. ഉന്നതവിദ്യാഭ്യാസം നാട്ടുഭാഷയിൽതന്നെ നടത്തണമെന്നും കേരളത്തിനു തനിച്ചു ഒരു സർവ്വകലാശാല വേണമെന്നും ഉള്ള സംരംഭങ്ങളുടെ ഫലമായി വളർന്നുവരാവുന്ന സാങ്കേതിക സാഹിത്യത്തിനും സംസ്കൃതംപോലെ 'ധാതു' പൂർണ്ണമായ ഒരു ഭാഷയുടെ സഹായം അത്യന്താപേക്ഷിതമാണു്.

സംസ്കൃതഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ മറ്റു ക്രൈസ്തവവിദ്യാലയങ്ങൾക്കു മാതൃകയായിരിക്കത്തക്ക ഒരു പദ്ധതി ഈ കനകോത്സവഘട്ടത്തിൽ മാന്നാനം ഹൈസ്കൂൾതന്നെ ആരംഭിക്കുന്നതു സമുചിതമായിരിക്കും. മദ്ധ്യകാലങ്ങളിൽ യൂറോപ്പിൽ നാഗരികതയുടെയും, ജ്ഞാനത്തിന്റെയും, ശാസ്ത്രങ്ങളുടെയും ഭണ്ഡാരം സന്ന്യാസിമന്ദിരങ്ങളായിരുന്നു. സന്ന്യാസാശ്രമങ്ങളുടെ ഈ നിലയ്ക്കു പിന്നീടും വലിയ വ്യത്യാസം സംഭവിച്ചിട്ടില്ല. കേരളീയകർമ്മചിത്താസഭ്യർക്കും അപ്രകാരമുള്ള ശ്രേഷ്ഠത ഒട്ടും കുറവല്ല. പ്രസൂത സഭാംഗങ്ങൾക്കും പ്രത്യേക പഠനത്തിനു സൗകര്യമുള്ളതുകൊണ്ടും അവരിൽ പലരും ഇപ്പോൾതന്നെ അപ്രകാരം വൈദഗ്ധ്യം സമ്പാദിച്ചിട്ടുള്ളതുകൊണ്ടും അവരുടെ ഒരു പ്രധാന സ്ഥാപനമായ ഈ ഹൈസ്കൂൾ മറ്റു വിദ്യാലയങ്ങൾക്കു് ഒരു മാതൃകയും തദ്വാരാ സമുദായാഭിവൃദ്ധിക്കു് ഒരുത്തമമാർഗ്ഗവും ആയി പരിണമിക്കുവാൻ യാതൊരു തടസ്സവും ഇല്ല. മാന്നാനം ഹൈസ്കൂളിൽ ഇപ്രകാരം ഒരു പദ്ധതി സമാരംഭിക്കുന്നതായാൽ, മറ്റു വിദ്യാലയങ്ങൾ അതിനെ ഒരു നിബന്ധനിർദ്ദേശമായി സ്വീകരിച്ചുകൊള്ളുമെന്നുകൂടി ഞാൻ ദൃഢമായി വിശ്വസിക്കുന്നു.




PROF. V. J. JOSEPH, M. A.



MR. JOSEPH, MALIEKAL, B. A., B. L.



REV. FR. THOMAS,
KOCHAYAMKANAL.



MR. P. C. DEVASIA, M. A.

നാസ്തികവാദവും യുവജനകൃത്യവും.

ഫാദർ തോമ്മസ് കൊച്ചുപ്പുങ്കാനാൽ.

നമ്മുടെ ഹൈസ്കൂളിന്റെ കനകജൂബിലിയാഘോഷം സംബന്ധിച്ചു പ്രസിദ്ധീകരിക്കുവാനിരിക്കുന്ന പുസ്തകത്തിൽച്ചേർക്കുന്നതിനു സന്ദർഭോചിതമായ ഏതെങ്കിലും വിഷയത്തെക്കുറിച്ചു് ഒരു ലേഖനമെഴുതി അയയ്ക്കുണമെന്നു തൽഭാരവാഹികൾ ആവശ്യപ്പെട്ടതു് വിദൂരത്തു താമസിക്കുന്ന എന്നെപ്പോലെയുള്ളവരുടെ ഔചിത്യബുദ്ധിയുടെ ഒരു പരീക്ഷക്രുടെ നടത്തുവാനായിരിക്കാം. വളരെക്കാലത്തെപ്പരിശ്രമഫലമായി ഈയുള്ളവരെ ജീവിതായോധനത്തിനു സന്നദ്ധന്മാരാക്കി അനുഗ്രഹിച്ചു പറഞ്ഞയച്ച ഭാരവാഹികൾ ഈ സ്വാതന്ത്ര്യം പ്രയോഗിച്ചിരിക്കുന്നതിനെ അപലപിപ്പാനും പാടില്ല. പുണ്യശ്ലോകനായ വലിയചാണ്ടിയച്ചൻ തുടങ്ങിയുള്ള മഹാശയന്മാരുടെ ഇത്തരം അനേക പരീക്ഷകൾക്കും ഉപദേശങ്ങൾക്കും വിധേയനായതിന്റെ ഫലമൊന്നു മാത്രമാണ് ഈയുള്ളവൻ ഇപ്പോൾ ആയിരിക്കുന്ന നിലയിലെത്തുവാനിടയായതെന്നും ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു. സന്ദർഭം നോക്കിച്ചെയ്യുന്ന പരീക്ഷണങ്ങളും ഉപദേശങ്ങളും ഫലിക്കാതിരിക്കയില്ല. അതുകൊണ്ടാണു നാനാജാതിമതസ്ഥരുടെ വകയായ ഈ പുസ്തകത്തിൽ ചേർക്കുന്നതിനു പറ്റിയപുമായ ഒരു വിഷയം "നാസ്തികവാദവും യുവജനകൃത്യവു"മായിരിക്കുമെന്നു ഞാൻ കരുതിയതു്. സർവ്വരുടേയും സമാശ്രയമായിരിക്കേണ്ട സർവ്വേശ്വരനെ പരാമർശിക്കുന്ന ഒരു വിഷയം അസ്ഥാനത്തായിപ്പോയെന്നോ ആസന്നഭൂതമായ യൗവനസ്മരണകളെ സ്മൃതിപഥത്തിൽ വരുത്തുവാൻ ആരംഭിച്ചിരിക്കുന്ന ഒരുവൻ യുവജനങ്ങളുടെ കൃത്യമെന്തെന്നു നിർദ്ദേശിക്കുന്നതു് അപ്രകൃതമായിപ്പോയെന്നോ വരികയില്ലെന്നു വിശ്വസിച്ചുകൊണ്ടു വിഷയത്തിലേക്കു പ്രവേശിച്ചുകൊള്ളുന്നു.

ന=ഇല്ല; അസ്തി=ഉണ്ടു്; നാസ്തി=ഇല്ല; നാസ്തികൻ=ഇല്ലെന്നുപറയുന്നവൻ. എന്തില്ലെന്നു പറയുന്നവനെന്നു ചോദിച്ചാൽ, നാസ്തിപരലോകസുൽ സാധനമുട്ടപ്പോവാ: പരലോകമെന്നൊരു സാധനം ഉണ്ടായിരിക്കുകയോ കാണപ്പെടുകയോ ചെയ്തിട്ടില്ലെന്നു പറയുന്നവൻ എന്നാണു നിരുക്തികാരന്മാർ ഇപ്പദത്തിനു വ്യുൽപത്തി കല്പിക്കുന്നതു്. നാസ്തികന്മാർ അങ്ങനെ പറഞ്ഞുകൊണ്ടു നടന്നുകൊള്ളട്ടെ; അതിനെക്കുറിച്ചു നമുക്കിവിടെ ചിന്തിപ്പാനെന്തവകാശമാണുള്ളതെന്നു ചോദിക്കുന്നെങ്കിൽ, ഇന്നു ജീവിച്ചിരിക്കുന്ന രാഷ്ട്രിയ ധുരന്ധരന്മാരും സമുദായസ്നേഹികളും അതിനു് എത്രയും വലിയ പ്രാധാന്യം കല്പിച്ചുകൊണ്ടു് അതിനെ സന്മാർഗ്ഗലോകത്തിലേ ഒരു പകർച്ചവ്യാധിയെന്നു സംബോധനംചെയ്യുന്നതിനു യാതൊരു സങ്കോചംപോലും പ്രദർശിപ്പിക്കാതെ, കഴിയുമെങ്കിൽ അതിന്റെ ഉൻമൂലനാശം വരുത്തുവാൻക്രുടെ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതുതന്നെ നമ്മുടേയും അവകാശമെന്നു സമാധാനം. പണ്ടൊരിക്കലും സിദ്ധിച്ചിട്ടില്ലാത്ത സംസ്കാരവും പരിഷ്കാരവും ഇപ്പോൾ ലോകത്തിനു വന്നിട്ടുണ്ടെന്നു നാം അഭിമാനിക്കുന്നു. ഇവയെ എല്ലാം തല്ലിത്തകർക്കുന്നതിനു മതിയായതാണത്രേ പ്രസ്തുത വാദം. അതേ, ഇതു പ്രചരിച്ചിട്ടുള്ളടത്തെല്ലാം സാഹോദര്യം നശിക്കുന്നു. ധർമ്മനിർവ്വഹണം ശൂന്യമാകുന്നു. അക്രമം വർദ്ധിക്കുന്നു. വിവാഹബന്ധം ശിഥിലമാകുന്നു. കുഞ്ഞുങ്ങൾ അനാഥരാകുന്നു. സമുദായം അധഃപതിക്കുന്നു. ഇതിൽ പരം ദോഷങ്ങളെന്താണ് ഊഹിക്കാനുള്ളതു്? ഇത്രയധികം നാശങ്ങളുടെ കാരണമായ ഒരു വാദത്തെ മനുഷ്യർ പുറപ്പെടുവിക്കുമോ എന്നുപോലും മാന്യാനം ഹൈസ്കൂളിലേ പരിശീലനം സിദ്ധിച്ചവർ ശങ്കിച്ചേക്കാം. എന്നാൽ വസ്തുതയ്ക്കു തിരായ യുക്തി പുറപ്പെടുവിച്ചതുകൊണ്ടു യാതൊരു ഫലവുമില്ല. ചരിത്രങ്ങളും ഇന്നത്തെ വൃത്താന്തപത്രങ്ങളുമാണ് അവയ്ക്കു സാക്ഷ്യംവഹിക്കുന്നതു്.

അവയെ വിശ്വസിക്കയേ തരമുള്ളൂ. അവയെ നിഷേധിക്കുന്നതിനു തുനിയുന്നവർ നാസ്തികന്മാരുടെ ഒരു വകഭേദമായ യുക്തിമാത്രവാദികളുടെ ഗണത്തിൽ ഉൾപ്പെട്ടുപോകും. നാസ്തികവാദത്തെ ജ്ഞാനമാർഗ്ഗങ്ങളായ ശ്രുതികൊണ്ടാകട്ടെ, യുക്തികൊണ്ടാകട്ടെ, അനുഭവംകൊണ്ടാകട്ടെ ഇതുവരെ സ്ഥാപിച്ചിട്ടുണ്ടെന്നോ, സ്ഥാപിക്കുവാൻ കഴിയുമെന്നോ ശങ്കിക്കയും വേണ്ട. അതുകൊണ്ടല്ലയോ ഈ വാദം അതതുകാലങ്ങളിൽ ആരംഭിക്കുകയും താനെ തകർന്നുപോകയും ചെയ്യുവാനിടയായതു്. ഇനി ഇതിന്റെ ഉത്ഭവത്തിനു് അഭിജ്ഞന്മാർ കൊടുക്കുന്ന ഏതാനും ചില കാരണങ്ങൾ പ്രസ്താവിക്കാം.

ഉൽകൃഷ്ടസൃഷ്ടിയായ മനുഷ്യന്റെ ധിശക്തിയുടെ പരിധി ഇത്രയെന്നു നിശ്ചയിക്കുവാൻ ഒരു മനുഷ്യനെക്കൊണ്ടും സാധിക്കയില്ല. നവംനവങ്ങളായ പലരെ പലരെ കണ്ടുപിടിത്തങ്ങൾ അതിബുദ്ധിമാന്മാർ സാധിച്ചു കഴിഞ്ഞിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ പ്രകൃതിയിൽ അന്തർലീനങ്ങളായിരിക്കുന്ന രഹസ്യങ്ങളിൽ ഏതാനും ചിലതു് അറിയാമെന്നവച്ചു് എല്ലാം അറിയണമെന്നു ശഠിച്ചാൽ അതു സാധിക്കയില്ല. അങ്ങനെ വരുമ്പോൾ തങ്ങളുടെ ശക്തിരാഹിത്യത്തെ പ്രഖ്യാപനം ചെയ്യുന്നതിനു പകരം സകലത്തേയും അശേഷം നിഷേധിച്ചുകളയുന്നതിനുള്ള ഗർവ്വിൽ ചെന്നാണു ചിലർ പര്യവസാനിക്കുക. ഇത്തരക്കാരെക്കുറിച്ചാകുന്നു "യദാകിംചിജ്ഞോഹം ദ്വിപ ഇവ മദാന്ധ സമുത്ഭവം– തദാ സർവ്വജ്ഞോസ്മീത്യ ഭവ ദവലിപ്തം മമമന:" എന്നു ഭർതൃഹരി പറഞ്ഞിട്ടുള്ളതു്. മറെറാരു കാരണം സർവ്വജ്ഞപീഠം കയറുവാനുള്ള മോഹം ഹേതുവാൽ, വലിയ വലിയ ശ്രമക്ലേശം സഹിച്ചു പഠിച്ചിറിയേണ്ട തത്ത്വവേദശാസ്ത്രങ്ങളിലേ അതിഗഹന തത്ത്വങ്ങളെക്കുറിച്ചു്, പ്രകൃതിശാസ്ത്രത്തിൽ വെറും മൂന്നാംക്ലാസുകാരായ ചില ശാസ്ത്രജ്ഞന്മാർ യാതൊരു ചർച്ചയും നടത്താതെ തങ്ങളുടെ അഭിപ്രായം നിർവ്വിശങ്കം തട്ടിവിടുവാനൊരുമ്പെടുന്നുവെന്നുള്ളതാണു്. ശരീരലാലസകളെ മൃഗീയമാംവണ്ണം തൃപ്തിപ്പെടുത്തുന്നതിനു തക്കംനോക്കിയിരിക്കുന്ന അധർമ്മികൾ, ദൈവമില്ല, മതമില്ല, തപസ്സുവേണ്ട, പ്രായശ്ചിത്തംവേണ്ട എന്നു കേൾക്കുമ്പോൾ നാസ്തിക പ്രബോധനങ്ങളെ കൊട്ടിഘോഷിക്കുവാൻ എത്തിക്കൂടുകയും ചെയ്യുന്നു. അസത്യപ്രസ്താവനകൾകൊണ്ടു തങ്ങളുടെ നിലയുറപ്പിക്കാൻ ശ്രമിച്ചിട്ടുള്ള നാസ്തികന്മാരുടെ സംഖ്യയും തുച്ഛമല്ലെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. അറിയപ്പെട്ടിട്ടുള്ള ഏതെല്ലാം ശാസ്ത്രവകുപ്പുകളുണ്ടോ അവയിലെല്ലാം നിഷ്ണാതന്മാരായ മഹാപണ്ഡിതന്മാരുടെ പ്രബോധനങ്ങളെക്കുറിച്ചു നാസ്തികന്മാർ ചിന്തിക്കുകയും ചെയ്യുന്നില്ല. വിജ്ഞാനംകൊണ്ടും വിശുദ്ധികൊണ്ടും പ്രഖ്യാതി നേടിയ ലോകമഹാദിപങ്ങളായ അഗസ്തിനോസ്, തോമസ് അകിനാസ് മുതലായവർ, ഈ ഉപരിപ്ലവബുദ്ധികൾ തേടിപ്പിടിച്ചുകൊണ്ടുവരുന്നതിലധികം പൂർവ്വപക്ഷങ്ങൾ അവതരിപ്പിക്കുകയും അവയ്ക്കുതക്ക സമാധാനം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അവരുടെ അത്തരം യുക്തികളോടു നേരിട്ടുനിന്നു് എതിരിടുന്നതിനു സാധിക്കയില്ലെന്നു കാണുമ്പോഴാകുന്നു സമത്വം, സ്വാതന്ത്ര്യം, സാധുജനപരിപാലനം മുതലായവയുടെ പേരുംപറഞ്ഞുകൊണ്ടു് അജ്ഞന്മാരായ ദരിദ്രന്മാരേയുംമറും വശീകരിക്കുവാൻ അവർ പുറപ്പെടുന്നതു്. ആദിമനുഷ്യരെ സാത്താൻ വശീകരിച്ചതു് നന്മയുടെ പേരുംപറഞ്ഞുകൊണ്ടാണെന്നു് ഇക്കൂട്ടർ നേരത്തെ ധരിച്ചുവച്ചിട്ടുണ്ടു്. ഈ നയം പ്രയോഗിച്ചുകൊണ്ടു് സാമ്പത്തികാധഃപതനം നിമിത്തവും തൊഴിലില്ലായ്മമൂലവുംമറും വിഷമിച്ചിരിക്കുന്ന സാധുക്കളെ സ്തോഭജനകമായ അതിവർണ്ണനകൾകൊണ്ടു് എളുപ്പം ആകർഷിക്കാൻ അവർക്കു സാധിക്കുന്നു. ഇതാ അത്തരം വർണ്ണനകളിൽ ചിലതു കാണുക. "ചിലർ തിന്നുകുടിച്ചു മണിമേടകളിൽ സസുഖം വസിക്കുമ്പോൾ മറു ചിലർ അലഞ്ഞുപൊരിഞ്ഞു ചെറുകുടിലുപോലുമില്ലാതെ കഴിച്ചുകൂട്ടുന്നു. ചിലർ ഉന്നതസ്ഥാനമാനങ്ങളാൽ അലംകൃതരായി, ബഹുമാനനീയരായി ഐശ്വര്യപ്രഭാവത്തോടെ വാഴുമ്പോൾ മറു ചിലർ നിരന്തരദുരിതങ്ങളാൽ പീഡിതരായി, പരിത്യക്തരായി, ദാരിദ്ര്യപാരവശ്യത്തിലകപ്പെട്ടു നട്ടംതിരിയുന്നു. ചിലർ ബുദ്ധിപ്രകർഷംകൊണ്ടു് എന്തും ചെയ്യാമെന്നവച്ചു വാണുകൊണ്ടു നടക്കുമ്പോൾ മറു ചിലർ അന്ധന്മാരെപ്പോലെ, എന്തുചെയ്യേണ്ടുവെന്നറിയാതെ ചുറ്റിക്കുറങ്ങിത്തുലഞ്ഞുപോകുന്നു." ഇത്തരം സ്ഥിതിവ്യത്യാസങ്ങൾ ലോകത്തിൽ സുലഭങ്ങളാണെങ്കിലും,

മാനവസമുദായത്തിന്റെ സുസ്ഥിരതയ്ക്ക് ഇവ ആവശ്യമാണെന്നും, ഇവ കൂടാതെ സമുദായത്തിലേ വ്യക്തികളുടെ പരസ്പരബന്ധം പാലിക്കപ്പെടുകയില്ലെന്നും എത്ര യുക്തികൾ വെളിപ്പെടുത്തിക്കൊടുത്താലും നാസ്തികന്മാർ അവയ്ക്ക് ചെവികൊടുക്കുകയില്ല. സമ്പന്നൻ ദരിദ്രനെ വേലയ്ക്കായി ആശ്രയിക്കണം. ദരിദ്രൻ പ്രതിഫലത്തിനുവേണ്ടി സമ്പന്നനെ ആശ്രയിക്കണം. ബലവാൻ ബലഹീനനെ സഹായിക്കണം. ബലഹീനൻ ബലവാനിൽ ആലംബം കണ്ടെത്തണം. അധികാരികൾ അധഃകൃതരെ ഭരിക്കണം. അധഃകൃതർ അധികാരികളെ അനുസരിക്കണം. ബുദ്ധിപ്രകർഷമുള്ളവർ മന്ദബുദ്ധികളെ ഉപദേശിക്കണം. മന്ദബുദ്ധികൾ ഉപദേശം സ്വീകരിച്ചു പഠിക്കണം. ഇവ്വിധം സമുദായത്തിൽ അന്യോന്യസ്നേഹം, പരസ്പര ബഹുമാനം മുതലായ സദ്ഗുണങ്ങൾ പ്രചരിക്കുകയും, സമുദായബന്ധം സുദൃഢമാകുകയും ചെയ്യും. സ്ഥിതിവ്യത്യാസമില്ലാതെ പരിശ്രമശീലമോ, ഉൽകർഷേച്ഛയോ, അഭിവൃദ്ധിയോ ആശിക്കുപോലും വയ്യാ. മനുഷ്യരെല്ലാം ഒരേവിധത്തിലുള്ള പൗരുഷം, സൗന്ദര്യം, ബുദ്ധിപ്രഭാവം, ശരീരബലം എന്നിവയോടുകൂടിയവരാണെങ്കിൽ അങ്ങനെയുള്ള ഏകതാനതമൂലം അലസതയിൽ ആണ്ടുപോകുകയും, ഉൽകർഷേച്ഛ നശിക്കുകയും, സംസ്കാര പരിഷ്കാരങ്ങൾ ശൂന്യമാകുകയും, സുഖസൗഭാഗ്യങ്ങൾ ക്ഷയിക്കുകയും ചെയ്യും. ഇവയിലെല്ലാറ്റിലും പ്രധാനമായി മനുഷ്യന് ഒരാത്മാവുണ്ടെന്നും, അതു് മരണംമൂലമുള്ള വേർപാടിനു ശേഷം അതിജീവിക്കുമെന്നും, അതിന്റെ ഉദ്ദേശ്യം നിശ്രേയസം പ്രാപിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നും, ആ ഉദ്ദേശ്യപ്രാപ്തിക്ക് ഉതകത്തക്ക വിധത്തിലാണ് സ്രഷ്ടാവ് നമ്മേയും നമ്മെ സംബന്ധിച്ചവയേയും നിയന്ത്രിച്ചിരിക്കുന്നതെന്നുമുള്ള യുക്തികളെപ്പറ്റി അവർ ചിന്തിച്ചാലല്ലാതെ അറിയുമോ? ഈലോക വസ്തുക്കളുടേയും നമ്മുടേയും ഉൽപത്തിയെക്കുറിച്ച് പൗരാണിക കാലങ്ങളിൽ നാസ്തിക കാഹളം മുഴക്കിയ ആ ചിന്തകന്മാർ തുടങ്ങി ഇപ്പോഴും അതിന്റെ പ്രതിധ്വനി പുറപ്പെടുവിക്കുന്നവർവരെയുള്ളവരെല്ലാം, ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നു ജല്പിക്കുന്നതല്ലാതെ ആരും തങ്ങളുടെ വാദത്തെ ഇതുവരെ സമർത്ഥിക്കുകണ്ടിട്ടില്ല. ആസ്തികന്മാരോ എന്നാൽ, തങ്ങളുടെ വാദത്തെ യുക്തിയുക്തമായി സ്ഥാപിക്കയും ചെയ്യുന്നുണ്ട്.

യാഥാർത്ഥ്യം ഇവ്വിധമെല്ലാമായിരുന്നിട്ടും നാസ്തികവാദത്തിന്റെ ഉൽപത്തിയുടെ കാരണത്തെപ്പറ്റി അന്വേഷിക്കുന്നെങ്കിൽ രണ്ടു കാരണങ്ങളേ കാണുവാനുള്ളു. അവ, ലോകത്തിൽ കാണപ്പെടുന്ന മറവുള്ള അബദ്ധ വാദങ്ങളുടേയും, അടിക്കടിയുള്ള കലഹങ്ങളുടേയും കാരണങ്ങളായ ഗർവ്വും, ദുസ്സ്വാതന്ത്ര്യപ്രിയവും അല്ലാതെ വേറൊന്നുമല്ല. അല്പജ്ഞന്മാരായ ചില പ്രകൃതിശാസ്ത്രജ്ഞന്മാരും, സുഖലോലുപന്മാരായ ചില പണ്ഡിതന്മന്യന്മാരും വല്ല തത്ത്വശകലവും യാദൃച്ഛികമായി കണ്ടുപിടിക്കുകയോ, തങ്ങളുടെ പരിമിതമായ ബോധത്തിൽ കടത്തിവിടുകയോ ചെയ്യുകഴിഞ്ഞാൽ അതു് ഒരു അദ്വൈതമായിട്ടുപോലും, പോരാ, ഒരു സിദ്ധാന്തമായിട്ടുതന്നെ എല്ലാവരും സ്വീകരിച്ചുകൊള്ളണമെന്ന ശാഠ്യം പിടിക്കയായി. അങ്ങനെ ചെയ്യുന്നതിനു വേണ്ട തെളിവില്ലെന്നോ, യുക്തിക്കും അനുഭവത്തിനും വിരുദ്ധമാണെന്നോ വല്ലവരും പറഞ്ഞുകഴിഞ്ഞാൽ അവക്കെതിരായി തങ്ങളുടെ വാദത്തെ പ്രബലപ്പെടുത്തുവാനും പ്രചരിപ്പിക്കുവാനുമുള്ള പരിശ്രമം ആരംഭിക്കുന്നു. കുറെ അനുയായികളെങ്കിലും ഇല്ലാത്തവരായി ആരും ഉണ്ടായിരിക്കയുമില്ല. അവരേയും കൂട്ടുപിടിച്ച്, ഗഹനതത്ത്വങ്ങളെക്കുറിച്ചു ചച്ചുചെയ്ത് സ്വാഭിപ്രായം പ്രകടിപ്പിക്കുന്നതിനു സൗകര്യമില്ലാത്ത ഏതാനും ചില മാന്യന്മാരുടെ മൗനത്തെ ആശ്രയിച്ച്, കുത്സാന്തരബാഹുല്യം നിമിത്തം വ്യഗ്രചിത്തന്മാരായ ശാസ്ത്രജ്ഞന്മാരുടെ അവഗണനയെ കായ്മയിക്കരുതി, തങ്ങളുടെ വാദങ്ങളെ തുച്ഛവിലയ്ക്ക് അച്ചടിച്ചു പ്രസിദ്ധീകരിപ്പാനൊരുങ്ങിയിരിക്കുന്ന പ്രസ്സുകാരുടെ സഹായവും തേടി നാസ്തികന്മാർ പാമരന്മാരായ സാധുക്കളെ കബളിപ്പിച്ചുപോരുന്നു. പണ്ടൊങ്ങാണ്ടു ചാവ്കന്മാരെന്നൊരുക്രൂരൻ ആളുകൾ ഇൻഡ്യയിലെവിടെയോ ഉണ്ടായിരുന്നെന്നു ചില ചരിത്രരേഖകളുള്ളതല്ലാതെ, നാസ്തികന്മാരോ നിരീശ്വരന്മാരോ നമ്മുടെ കേരളത്തിലുണ്ടായിരുന്നതായി അടുത്തു പ്രസിദ്ധപ്പെടുത്തിയ സെൻസസ് റിപ്പോർട്ടുകളിലെങ്ങും കാണുന്നില്ല. എന്നാലിപ്പോൾ, പല നല്ല ഗുണങ്ങളുമുള്ള പാശ്ചാത്യപരിഷ്കാരത്തിന്റെ അനേക ദോഷാംശങ്ങളിൽ ഒന്നായ ഈ

വാദവും, ഇവിടെ സ്ഥലംപിടിച്ചിരിക്കുന്നതായിക്കാണുന്നു. ഇതിനിപ്പോൾ ഒരു വളമായിത്തീർന്നിട്ടുള്ളതു് മതപരമല്ലാത്ത ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയും, സപ്തമതങ്ങളും നല്ലതാണെന്നു സമ്മതിച്ചുകൊടുക്കുവാനുള്ള ഹിന്ദുക്കളുടെ സന്നദ്ധതയും, ജാതിവ്യത്യാസംമൂലം ഹിന്ദുമതത്തോടുള്ള അധഃകൃതരുടെ വെറുപ്പും ആണ്. സപ്തമതങ്ങളും നല്ലതാണെന്നു പറയുന്ന മതക്കാരുടെ അഭിപ്രായം അബദ്ധമാണെന്നു പഠിപ്പിക്കുന്ന മതത്തിന്റെ പ്രബോധനംകൂടെ ശരിവച്ചുകൊടുക്കുന്ന വിശാലമനസ്കന്മാരുടെ മൗഢ്യത്തെക്കുറിച്ചു ചിന്തിക്കുവാനോ, ചില മതങ്ങളിൽ നീചങ്ങളായ ആചാരങ്ങളും, ഗർഹ്യങ്ങളായ ഉപദേശങ്ങളും ഉണ്ടെങ്കിലും, സത്യമായ തത്ത്വാചാരങ്ങളെ സംഗ്രഹിക്കുന്ന വേറെ ഏതെങ്കിലും ഒരു മതമുണ്ടോ എന്ന് അന്വേഷിക്കുവാനോ, അവർ സന്നദ്ധരാകാത്തതു കഷ്ടമെന്നല്ലാതെ എന്തുപറയേണ്ടു. ഈ നില തുടർന്നുകൊണ്ടുപോകുന്നെങ്കിൽ നാസ്തികവാദത്തിനു പ്രചാരംലഭിക്കുകയും, ധർമ്മം ക്ഷയിക്കുകയും, അധർമ്മം വർദ്ധിക്കുകയും ചെയ്യും, വ്യക്തികൾക്കുമാത്രമല്ല, റഷ്യ തുടങ്ങിയുള്ള സ്ഥലങ്ങളിൽ അനുഭവപ്പെട്ടിട്ടുള്ളതുപോലെ കേരളീയരായ നമ്മുടെ സമുദായത്തേയും ഒന്നാകെ അധഃപതിപ്പിച്ചുകളയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതുകൊണ്ടു നാസ്തികവാദമെന്തെന്നും, അതിന്റെ ഉത്ഭവത്തിന്റേയും പ്രചാരത്തിന്റേയും കാരണങ്ങൾ ഏവയെന്നും, അതുകൊണ്ടു വരാവുന്ന ദോഷഫലങ്ങളെന്തെന്നും വായനക്കാരായ യുവജനങ്ങൾ ഏതാണ്ടു ഗ്രഹിച്ചിരിക്കുമെന്നു വിചാരിച്ചുകൊണ്ട് വിഷയത്തിന്റെ രണ്ടാംഭാഗമായ യുവജനകൃത്യമേതെന്നു നിർദ്ദേശിക്കാം.

സ്വദേശാഭിമാനികളും, സ്വരാജ്യസ്നേഹികളും, സമുദായഭ്രഷ്ണകാംക്ഷികളുമായ യുവജനങ്ങളുടെ കൃത്യം ഇപ്പോൾ ഒരു ധർമ്മസമരത്തിനുള്ള ഒരുക്കമാണെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. സമരം നേരിടുമ്പോളൊക്കെയും വിഘ്നപരാക്രമങ്ങളുള്ള പടയാളികളെയാണ് ആവശ്യമുള്ളതെന്നും, അത്തരക്കാർ യുവജനങ്ങളുടെ ഇടയിലേ കാണപ്പെടുകയുള്ളുവെന്നും എല്ലാവർക്കും അറിയാമല്ലോ. ആകയാൽ, ആസന്നമായിരിക്കുന്ന ഈ സമരത്തിൽ, പോരാ, ഈ കൃത്യനിർവ്വഹണത്തിൽ യുവജനങ്ങളെല്ലാവരും താല്പര്യമുള്ളവരായിരിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെ. ഈ സമരത്തിനുവേണ്ടി സംഭരിക്കേണ്ട ആയുധങ്ങൾ യുക്തിയും, സ്നേഹവും, പ്രബോധനവുമാണെന്നും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. സമരം നടത്തുന്നതു് എല്ലായ്പ്പോഴും ശത്രുക്കളുടെ ആക്രമണം നിരോധിപ്പാനും രാജ്യത്തിന്റെ പ്രാബല്യം വർദ്ധിപ്പിക്കുവാനുമാണ്. നമ്മുടെ സമരമോ എന്നാൽ നമ്മെ സൃഷ്ടിച്ചു രക്ഷിച്ചുവരുന്ന സർവ്വേശ്വരന്റെ അവകാശം സ്ഥാപിക്കുവാനും അവിടുന്നു പ്രദാനംചെയ്തിരിക്കുന്ന വിശിഷ്ട സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിക്കുന്ന അവിടുത്തെ ശത്രുക്കളെ നിരോധിപ്പാനുമാണെന്നുള്ള ബോധം യുവജനങ്ങളുടെ പൗരുഷത്തെ ഉത്തേജിപ്പിക്കട്ടെ. ലൗകികരാജാക്കന്മാരെ സേവിച്ചാൽ വിജയം സിദ്ധിച്ചില്ലെന്നും, അർഹിക്കുന്നവിധം സമ്മാനിക്കപ്പെട്ടില്ലെന്നും വന്നേക്കാം. എന്നാൽ, സർവ്വത്തിന്റേയും ഈശ്വരൻ, എന്നുപറഞ്ഞാൽ, നന്മയായിട്ടുള്ള സകലത്തിന്റേയും ഉടമസ്ഥൻ എന്ന പദംകൊണ്ടുതന്നെ അർത്ഥം സ്ഫുരിപ്പിക്കുന്ന സർവ്വേശ്വരനെയാകുന്നു ഈ ധർമ്മഭടന്മാർ സേവിച്ചു്, തങ്ങളുടെ കൃത്യം നിർവ്വഹിക്കുവാൻ പോകുന്നതെന്നു ധരിച്ചു്, വിജയത്തേയും സമ്മാനത്തേയുംകുറിച്ചു യാതൊരു ശങ്കയുംകൂടാതെ സുപ്രതീക്ഷയോടെ എല്ലാവർക്കും സമാശ്വസിക്കാം. രക്ഷയും ശിക്ഷയും, എന്നുവേണ്ട, നമ്മുടെ സർവ്വസ്വവും ആശ്രയിച്ചിരിക്കുന്ന സർവ്വേശ്വരന്റെ അസ്തിക്യംപോലുമല്ലയോ നാസ്തികന്മാരായ മനുഷ്യവിശേഷങ്ങൾ നിഷേധിപ്പാൻ മുതിരുന്നതു്. രാജാക്കന്മാരെ നിന്ദിക്കുകയോ, പ്രഭുക്കന്മാരെ ആക്ഷേപിക്കുകയോ ചെയ്യുന്നവരെ നിയന്ത്രിപ്പാൻ പ്രസ്സ്ലോയും ഗവർമ്മേന്റു നിയമങ്ങളും ഉണ്ടു്. സൃഷ്ടിച്ചു രക്ഷിക്കുന്ന ദൈവത്തിന്റെ അസ്തിക്യം ക്രൂടെയും നിഷേധിക്കുന്നവരെ നിയന്ത്രിക്കുവാൻ അത്തരം നിയമങ്ങൾ ഇനി ഉണ്ടായിവരണം പോലും. യുവജനങ്ങളുടെ കൃത്യത്തെക്കുറിച്ചു് ഇത്രയുംമാത്രം പ്രസ്താവിക്കുവാനേ സ്ഥലം അനുവദിക്കുന്നുള്ളു. നമ്മുടെ മാതൃവിദ്യാമന്ദിരത്തിൽ പഠിച്ച യുവജനങ്ങളുടെ കൃത്യബോധത്തെത്തട്ടിയുണർത്തുവാൻ ഇതിൽക്കുറച്ചും മതിയാകുമെന്നറിയാവുന്നതുകൊണ്ടു് പ്രതീക്ഷിതമായ സമരത്തിൽ സർവ്വവിജയങ്ങളും ആശംസിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

സഹനം.

വിടപാൻ ക്രക്കറേറം സ്ക്കറിയാ ഡീക്കൻ.

1. ഇഹമർത്ത്യനിസഗ്രദുർല്ലഭത്വം
നിഹനിച്ചാത്മവിശുദ്ധിമൂലമാക്കും
മഹദുന്നതിനിത്യമേറിടുന്നാ–
സഹനം സർവ്വവിലോഭനീയമത്രെ.

2. ജനകൻ പരമേശനിങ്ങുപൈത്രം
ധനമായ് ശോകഗണങ്ങൾ ജീവിതത്തിൽ
ജനനംമുതൽ വിത്തനാഥനും നി–
ർദ്ധനനും തുല്യവിധത്തിലേകിടുന്നു.

3. പലരും സഹനത്തെ ദുർവ്വഹത്വം
കലരും തൻനിലയോർത്തു തള്ളിടുന്നു.
കലഭാഷിതസാരമാധിയുണ്ടോ
ചലവഗ്രം നുകരുന്ന ബുദ്ധിഹീനർ.

4. സ്ഥിരഭാവമതുല്യധൈര്യമാശ്രീ
കരമുത്സാഹസഹിഷ്ണുതാദ്യനേകം
പരമുന്നതസൽഗുണൌഘരത്നാ–
കരമാണിഹരുശീലമോർത്തുകണ്ടാൽ

5. സകലോന്നതിയും ജഗത്തിൽ മർത്ത്യ–
പ്രകരത്തിന്നിതുമൂലമെത്തിടുന്നു
പകലോൻകരമേകിടാതെ പുഷ്പം
വികചശ്രീഭരമാവതെപ്രകാരം.

6. ധരണീതലമാന്നിടുന്ന നാനാ–
തരമാം നൂതനശാസ്ത്രസഞ്ചയങ്ങൾ
ചിരകാലമഹോദ്യമ പ്രസൂനോൽ–
ക്കരമെന്നാരിഹ സംവദിച്ചിടാതെ.

7. പുകവണ്ടി, വിമാനമാദിപാരം
പുകളേറും പല നവ്യയന്ത്രമൂലം
അകതാരുരുകിസ്സുധീധ്യരിങ്ങാ–
പ്പകലും രാത്രിയുമാന്നയതനമല്ലോ.

8. പലരുണ്ടിഹരമ്യകീർത്തിചന്ദ്ര–
ക്കലയാൽ ഭ്രഷിതരായിടും മഹാന്മാർ
തുലയറെഴമീവരിഷ്ടരാന്നാ–
നിലതൻസേവദസമുത്ഥസൽഫലംതാൻ.

9. മഹിതം സഹനക്കലാലയത്തിൽ–
വിഹിതാംഗോദിതവീരപുത്രരെന്യേ
മഹിയിൽ പ്രഥപെറുസൌഖ്യസമ്പൽ–
സഹിതം വാണവരാരുമില്ല ചൊല്ലാൻ.

10. കനകം ദഹനാഭിയോഗമാന്നാ–
ലനഘശ്രീയുതമായ് ഭവിച്ചിടുമ്പോൽ
ഘനകൽമഷ മർത്ത്യദേഹിശോഭാ–
ധനമാമീസഹനാഗ്നിയാൽ വിശിഷ്യ.

11. ക്ഷിതിതന്നിലനേകനാൾ യഥാർത്ഥ–
സ്ഥിതിതെല്ലും ഗ്രഹിയാ,തിതുൽകരുന്നിൽ
അതിയായി വെറുത്തുപാർത്തു, രക്ഷാ–
പതിയാമേശുവരുംവരെയ്ക്കു മർത്ത്യർ.

12. അടിനൽകിടുവോനുടൻ തിരിച്ച–
ല്പടിതന്നേ പ്രതികാരമെന്ന നേമം
മുടിവച്ചവനുപൻതുടങ്ങി മൂഢ–
ത്തടിയൻതാനുമിഹാചരിച്ചുവന്നു.

13. നരരക്ഷകനേശുവന്നു ലോകോ–
ത്തരമുല്ല്യം സഹനത്തിനേറിമുറ്റും
സുരലോകസുഖാവഹം സുപുണ്യോൽ–
ക്കരകേദാരവിശേഷമാക്കിമോദാൽ.

14. പലപോംവഴിപാക്കിൽ മർത്ത്യരക്ഷാ–
സുലഭം ക്രീസുവിയന്നിരുന്നുപക്ഷേ
തുലയറെറാരു ശോകമൃത്യുതാൻ നി–
ശ്ചലഹസ്തത്തോടിഹ കൈവരിച്ചു താതൻ

15. പരിപാവനവേദമന്ത്രമോത്താ–
ലരിയോരീസഹനാശ്രമവിസ്തരത്തിൽ
പരിചോടടിയുന്നിടുന്ന സവ്വോ–
പരിയാംവസ്തുതയാരറിഞ്ഞിടാതെ.

16. മതമാദിമുതൽക്കു പീഡസവ്വം
സതതം ദൈവപദാംബുജത്തിൽ മത്സ്യർ
ധൃതമോദമണച്ചു പുണ്യപൂരോ–
ന്നതരാവാനുപദേശമേകിടുന്നു.

17. ഇതിനിഷ്ഠയൊടാചരിച്ചു സിദ്ധോ–
ന്നതിയാജ്ജിച്ചുപവിത്രതാരകൌഘം
ശ്രുതിപെട്ട സഭാന്തരീക്ഷമെങ്ങും
ദ്യുതിവഷ്ചിച്ചു വിളങ്ങിടുന്നസംഖ്യം.

18. പുരുപീഡകളാകയാൽ ഭവിക്കും
തരുണത്തിൽ രുജയാന്നു മത്സ്യരേ! ഭോ!
മരുവാനതു സവ്വനാഥനേകു–
ന്നരുഭവ്യോദയമായ് നിനച്ചുകൊൾവിൻ.

19. മനതാരിലതിവതൃഷ്ണചേരും
ജനമോടീബ്ഭവിമംഗലാത്മനീശൻ
ഘനപാപവിമോചനാത്മമേതൽ–
സുനയം താനുരരീകരിച്ചിടുന്നു.

20. സുതസഞ്ചയമായനാമശേഷം
ഹിതമോടിദ്ദശസങ്കടങ്ങളെല്ലാം
സതതം ശിരസാവഹിച്ചു ശുദ്ധീ
കൃതമാം ജീവിതമൊന്നു പാത്തിടേണം.

21. രക്ഷയ്ക്കുള്ള പഥംവെടിഞ്ഞു നിതരാം ദുഷ്കമ്മനിഷ്കഷ്ടയാൽ
ശിക്ഷയ്ക്കർഹതയാന്മത്സ്യനികരം ശുദ്ധാത്മരായിട്ടുവാൻ
ത്രുക്ഷതപം കലരുന്ന പീഡകൾ വഹിപ്പാനാസ്ഥയേകുന്നതാ–
മക്ഷയ്യപ്രഭയൊത്ത ദിവ്യ "സഹനം" നിത്യം ജയിച്ചിടണം.

രാഷ്ട്രീയാധികാരം.

ഫാദർ പ്ലാസിഡ്, ഠഠി. ഒ. സി. ഡി.

മനുഷ്യൻ ജനനാൽതന്നെ ഒരു സാമുദായിക ജീവിയാണ്. ജനനംമുതൽ മരണംവരെ അവന് അന്യരെ ആശ്രയിക്കേണ്ടതായിട്ടുണ്ട്. ശാരീരികമായും ആത്മീയമായും ഉള്ള അവന്റെ സകല വ്യാപാരങ്ങളേയും പരാശ്രയമാണ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതെന്നു പറയാം. അന്നവസ്ത്രാദികൾക്കും വിദ്യാസമ്പാദനത്തിനും പരാശ്രയം എത്ര ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒന്നാണെന്ന് അനുഭവംതന്നെ വിളിച്ചറിയിക്കുന്നുണ്ടല്ലൊ. ഇങ്ങനെ നോക്കിയാൽ, മനുഷ്യൻ പ്രകൃത്യാതന്നെ ഒരു സാമുദായിക ജീവിയാണെന്ന് സ്പഷ്ടമായി കാണാവുന്നതാകുന്നു.

സാമുദായിക ജീവിയായ മനുഷ്യൻ പ്രകൃത്യാതന്നെ ഒരു സ്വതന്ത്രബുദ്ധിക്കുടിയാണ്. സ്വതന്ത്രബുദ്ധികളായ ഒന്നിലധികം വ്യക്തികൾ സാമുദായികമായി പ്രവർത്തിക്കണമെങ്കിൽ അവരെ സാമുദായികമായി നിയന്ത്രിക്കുന്ന ഒരു ശക്തി അവശ്യമുണ്ടായിരിക്കണം. ഈ ശക്തിയില്ലെങ്കിൽ ഒരോരുത്തനും ഹിതാനുസരണം പ്രവർത്തിക്കുകയും തദ്വാരാ സമുദായത്തിൽനിന്നു ലഭിക്കേണ്ട നന്മകൾ പലതും നഷ്ടീഭവിക്കുകയും ചെയ്യും; സർവ്വപ്രധാനമായ സമാധാനം ആക്കം അനുഭവിക്കുവാൻ സാധിക്കുകയുമില്ല. സമാധാനമില്ലെങ്കിൽ സമുദായത്തിനോ വ്യക്തിക്കോ എന്തു ചെയ്യുവാൻ സാധിക്കും? സമുദായത്തെ നിയന്ത്രിക്കുന്ന പ്രസ്തുത ശക്തിയാണ് അധികാരം.

രാഷ്ട്രം ഒരു പ്രത്യേകതരം സമുദായമാകയാൽ രാഷ്ട്രീയാധികാരത്തിന്റെ പ്രകൃതിയേയും ഉദ്ദേശ്യത്തേയുംപറ്റി കൂടുതലായി യാതൊന്നും പ്രസ്താവിക്കേണ്ടതായിട്ടില്ല. ലൌകികമായ ഐശ്വര്യത്തെ ലാക്കാക്കി പ്രയത്നിക്കുക എന്നതു് മനുഷ്യസഹജമാണ്. ഈ പ്രയത്നമാകട്ടെ ഒരു സമുദായത്തിന്റെ സഹായത്തോടെ നടക്കേണ്ടതാണെന്ന് മനുഷ്യസഹജമായ സാമുദായിക വാസന വിളിച്ചറിയിക്കുന്നു. രാഷ്ട്രത്തിന്റെ ഉദ്ദേശ്യം ഏറ്റവും ഉന്നതരീതിയിലുള്ള ലൌകികൈശ്വര്യമാകയാൽ, രാഷ്ട്രം മനുഷ്യന്റെ സാമുദായിക പ്രകൃതിയുടെ ഒരു സ്വാഭാവിക പൂർത്തീകരണമാണെന്നു സമ്മതിക്കേണ്ടതാണ്. രാഷ്ട്രീയാധികാരത്തിന്റെ പ്രകൃതിയും ഉദ്ദേശ്യവും ഇതിൽ നിന്നു വിശദമാകുന്നുണ്ടല്ലൊ.

രാഷ്ട്രീയാധികാരം എവിടെനിന്നുത്ഭവിക്കുന്നു? മനുഷ്യൻ പ്രകൃത്യാതന്നെ ഒരു സാമുദായിക ജീവിയാകയാലും, രാഷ്ട്രം അവന്റെ സാമുദായിക പ്രകൃതിയുടെ ഒരു സ്വാഭാവിക പൂർത്തീകരണമാകയാലും മനുഷ്യസ്വഭാവം എവിടെ നിന്നോ അവിടെനിന്നുതന്നെ ആയിരിക്കണം രാഷ്ട്രീയാധികാരവും. മനുഷ്യസ്വഭാവമാകട്ടെ ദൈവത്തിൽ നിന്നാകുന്നു. ആകയാൽ രാഷ്ട്രീയാധികാരവും ദൈവത്തിൽ നിന്നുതന്നെ ആകാതെ തരമില്ല. സാമുദായിക പ്രകൃതിയുള്ള മനുഷ്യസ്വഭാവത്തെ സൃഷ്ടിച്ചതോടെ അതിന്റെ സ്വാഭാവിക പൂർത്തീകരണമായ രാഷ്ട്രത്തേയും തദധികാരത്തേയും ദൈവം ഏർപ്പെടുത്തുകയുണ്ടായി. ഇങ്ങനെ മനുഷ്യസ്വഭാവം മുഖേനയല്ലാതെ, രാഷ്ട്രീയാധികാരത്തെ തനിച്ചു ദൈവം നേരിട്ടു ഏർപ്പെടുത്തിയിട്ടില്ല. എങ്കിലും അതു് ദൈവികവും ദൈവത്തിൽനിന്നുള്ളതും ആകുന്നു.

ബഹുജനങ്ങൾക്കു് രാഷ്ട്രീയാധികാരം പ്രയോഗിക്കുവാൻ സാധിക്കാത്തതിനാൽ, ഒന്നോ ഒന്നിലധികം വ്യക്തികളോ, അഥവാ കുറെ വ്യക്തികളുടെ ഒരു സംഘടനയോ ഈ അധികാരം പ്രാപിച്ചിരിക്കേണ്ട ആവശ്യം നേരിടുന്നു. ഇപ്രകാരമുള്ള അധികാരസ്ഥാനം ഏതുതരമുള്ളതായിരിക്കണമെന്നു പ്രകൃതിയിൽ യാതൊരു വ്യവസ്ഥയും കാണാത്തതിനാൽ, ഭരണക്രമം ഏതുതര

മെന്നു നിശ്ചയിക്കുവാനുള്ള അവകാശം ജനങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇങ്ങനെ രാഷ്ട്രീയാധികാരം ഏകനിലോ, പലരിലോ, പലരുടെ സമൂഹത്തിലോ നിക്ഷേപിക്കപ്പെടാവുന്നതാണ്.


ഭരണക്രമം ക്ലിപ്തപ്പെടുത്തുമ്പോൾ ജനങ്ങൾ തങ്ങളിൽ സ്ഥിതി ചെയ്തിരുന്നതും, എന്നാൽ തങ്ങൾ വച്ചുകൊണ്ടിരിക്കേണ്ടതല്ലാത്തതും ആയ അധികാരം അതിനു വിട്ടുകൊടുക്കുന്നു എന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. ജനങ്ങൾ ഭരണക്രമം ഏർപ്പെടുത്തുന്ന ക്ഷണത്തിൽ പ്രകൃതിയിൽനിന്നതന്നെ അധികാരം അതിൽ നിക്ഷേപിക്കപ്പെടുന്നു എന്നാണു് വേറൊരു അഭിപ്രായം. ഈ അഭിപ്രായത്തിനു് ഇപ്പോൾ കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ടു്.

രാഷ്ട്രീയാധികാരി പൊതുഹിതത്തെ ലാക്കാക്കി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കണം. അധികാരദുഷ്പ്രയോഗത്താൽ പൊതുഹിതത്തിനു സാരമായ ഹാനി തട്ടുന്നപക്ഷം ഭരണീയർക്കു അധികാരിയേയും ഭരണക്രമത്തെതന്നെയും മാറ്റുവാൻ അവകാശമുണ്ടു്. ഈ അവകാശം ഭരണീയരിൽ സ്ഥിതിചെയ്യുക നിമിത്തം, രാഷ്ട്രീയാധികാരികളുടെ ഔദ്യോഗികപ്രവൃത്തികളെപ്പറ്റി ന്യായമായവിധത്തിൽ പരസ്യവിമർശനം ചെയ്യുവാൻ അവർക്കു പാടുണ്ടു്. ഈദൃശവിമർശനങ്ങൾ ഫലപ്പെടാതിരിക്കയും, അധികാരം അടിക്കടി ദുഷ്പ്രയോഗിക്കപ്പെടുകയും, തദ്വാരാ പൊതുഹിതം സാരമായി ഹനിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ അധികാരിയേയോ ഭരണക്രമത്തേയോ മാറ്റുവാൻ ജനങ്ങൾക്കു പാടുള്ളു. മറ്റു് അവസരങ്ങളിലെല്ലാം വ്യവസ്ഥാപിതഭരണത്തിനു് അവർ വിധേയരായിരിക്കണം.

ന്യായമായോ അന്യായമായോ ഒരാൾ രാഷ്ട്രീയാധികാരം പ്രാപിച്ചു എന്നുവരാം. എന്നാൽ ആരെങ്കിലും സമാധാനപരമായ ഭരണം ആരംഭിക്കുന്നതോടെ, അയാൾ അന്യായമായി അധികാരം പ്രാപിച്ചവനാണെങ്കിലും, അയാളുടെ ഭരണം വ്യവസ്ഥാപിതമായിതീരുന്നു. രാഷ്ട്രീയാധികാരത്തിന്റെ ഉദ്ദേശ്യം സമാധാനാനുഭവത്തെ ആശ്രയിച്ചുള്ള ലൌകികൈശ്വര്യമാകുന്നു എന്നതാണു് ഇതിന്റെ കാരണം. അധികാരപ്രാപ്തിക്കുവേണ്ടി അന്യായമായി പ്രവർത്തിക്കുന്നവരുടെ പ്രവൃത്തി പാപകരമല്ലെന്നല്ല ഇതിന്റെ അർത്ഥം. ആ പ്രവൃത്തി പാപകരമാകയാൽ ദൈവം അതിനുതക്ക ശിക്ഷ നൽകുന്നതായിരിക്കും.

വ്യവസ്ഥാപിതഭരണം നടത്തുന്നവർ ദൈവത്തിൽനിന്നുള്ള അധികാരം പ്രയോഗിക്കുന്നവരാകയാൽ നാം അവരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണം. അവർ ഏതുമതത്തിലും ഏതുജാതിയിലും പെട്ടവരായാലും ഇപ്രകാരം ചെയ്യുവാൻ നാം കടപ്പെട്ടവരാണു്. കാരണം, അവർ പ്രയോഗിക്കുന്ന അധികാരം ദൈവത്തിൽനിന്നുള്ളതാകുന്നു. അവരോടു പ്രദർശിപ്പിക്കുന്ന നിന്ദ ദൈവനിന്ദയാകുന്നു. വ്യക്തിപരങ്ങളായ അവരുടെ ന്യൂനതകൾ ഈ കടമയിൽനിന്നു നമ്മെ വിമുക്തരാക്കുന്നില്ല. ആ ന്യൂനതകളെ വിമർശിക്കുവാനോ, അവയെ പരസ്യമാക്കുവാനോ സന്മാർഗ്ഗദൃഷ്ട്യാ നമുക്കു പാടുള്ളതുമല്ല. ഒരു മനുഷ്യൻ എത്ര അധമ്മിയാണെങ്കിലും മനുഷ്യപ്രകൃതി അവനു നഷ്ടപ്പെടുന്നില്ല. രാഷ്ട്രം മനുഷ്യപ്രകൃതിയുടെ ഒരു സ്വഭാവിക പൂർത്തീകരണമാകയാൽ തദധികാരം ഏതുമനുഷ്യനിലും വ്യവസ്ഥാപിതമായി സ്ഥിതി ചെയ്യുവാൻ പാടുണ്ടു്. ഇപ്രകാരം അധികാരപ്രാപ്തിനെ അവന്റെ വ്യക്തിയിൽനിന്നു വ്യത്യാസപ്പെടുത്തുവാൻ നമുക്കു സാധിക്കുന്നു. അധികാരസ്ഥനേയും വ്യക്തിയേയും ഇങ്ങനെയാണു് നാം വീക്ഷിക്കേണ്ടതു്. വ്യക്തിയുടെ വ്യക്തിപരങ്ങളായ പ്രവൃത്തികൾ അവനു സ്വന്തമാകയാൽ അവ നമ്മുടെ വിമർശന പരിധിയിൽ പെടുന്നില്ല. അവ രഹസ്യമായിതന്നെ ഇരിക്കേണ്ടവയും ആണു്. അധികാരസ്ഥന്റെ പ്രവൃത്തികളാകട്ടെ (ഔദ്യോഗിക പ്രവൃത്തികൾ) നമ്മേയും ബാധിക്കുന്നുണ്ടു്. അവ നമ്മുടെ ന്യായമായ ഹിതത്തിനു അനുസരണമായിരിക്കേണ്ടതുമാണു്. ആകയാൽ അവ നമ്മുടെ ന്യായമായ വിമർശനങ്ങൾക്കു വിഷയീഭവിക്കുന്നു.

[രാഷ്ട്രീയാധികാരംപോലെയല്ല സഭാധികാരം മനസ്സിലാക്കപ്പെടേണ്ടതെന്നു് പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു.]



THE PASSION PLAY AT OBER AMERGAU.

വിശേഷാത്തരമായ പീഡാനുഭവാഭിനയം. *

(പി. സി. ദേവസ്യാ, എം. എ.)

നാടകഭ്രമം നാടെങ്ങും മുത്തിരിക്കുന്ന ഇക്കാലത്തു് വിശ്വവിശ്രുതമായ ഒരു നാടകാഭിനയത്തേക്കുറിച്ചുള്ള പ്രതിപാദനം പ്രകൃതത്തിൽ അനുചിതമാകയില്ലല്ലൊ. നാടകങ്ങളുടെ ഉൽപ്പത്തി ഏതുദേശത്തും ഏതുഭാഷയിലും മതപരമാണ്. ക്രിസ്തുമതവും നാടകങ്ങളുടെ ജന്മത്തിനും വളർച്ചയ്ക്കും ഉയർച്ചക്കും വളരെ സഹായിച്ചിട്ടുണ്ടെങ്കിലും കാലാന്തരത്തിൽ നാടകവേദികൾ സാമ്പത്തികമായി അധഃപതിച്ചുപോയതിനാൽ മതാധികാരികൾ നാടകദർശനത്തെ നിരോധിക്കുകയോ, മുരടിച്ചപക്ഷം പ്രോത്സാഹിപ്പിക്കാതിരിക്കുകയോ, ചെയ്യാനിടയായിട്ടു്. എന്നാൽ കുറഞ്ഞൊരിടയായി ക്രിസ്തീയനാട്യകലയ്ക്കൊരു പുനരുദ്ധാരണമുണ്ടായിട്ടുണ്ടെന്നു പറയാം. നാടകവേദികളുടെ സാമ്പത്തിക പരിക്ഷുരണത്തിനു് ക്രിസ്ത്യാനികൾ പരിശ്രമിക്കുന്നതിനും, മതാദ്ധ്യക്ഷന്മാർ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ദൃഷ്ടാന്തങ്ങൾ നമ്മുടെ മലയാളത്തിൽത്തന്നെ ദുർല്ലഭമല്ലല്ലൊ. പ്രസിദ്ധമായ ഒബർഅമർഗോവിലൊ പീഡാനുഭവനാടകത്തിന്റെ നിദർശനം ഈ വിഷയത്തിൽ വല ദേശക്കാർക്കും പ്രേരകമായിട്ടുണ്ടെന്നു സമ്മതിക്കണം. ഏതൻമൂലം പ്രസ്തുത നാടകത്തിന്റെ സ്വാതിവിസ്തരമായ ഒരു സ്വരൂപം വായനക്കാർക്കു നൽകുവാൻ ഇവിടെ ഉദ്യമിച്ചുകൊള്ളട്ടെ.

പീഡാനുഭവനാടകത്തിന്റെ ഉത്ഭവം.

1631-ൽ ബവേറിയയിൽ ഒബർഅമർഗോവിന്റെ പരിസരഗ്രാമങ്ങളിൽ ഭയാനകമായ പ്ലേഗ് ആരംഭിച്ചു. ഒന്നിനു പുറകെ മറെറാന്നായി ഗ്രാമങ്ങളെയെല്ലാം സംഹരിച്ചുകൊണ്ടു നടമാടിയ ഈ മഹാമാരി രണ്ടുകൊല്ലത്തേക്കു് ഒബർഅമർഗോവിൽ പ്രവേശിച്ചില്ല. പ്രസ്തുത ഗ്രാമവാസികൾ പരിസരഗ്രാമീണരുടെ നേരെ പ്രയോഗിച്ച സമ്പൂർണ്ണനിരോധന നയമായിരുന്നു ഈ രക്ഷക്കു കാരണം. രണ്ടുകൊല്ലം ഈ ഭീതിക്കൂടാതെ കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ, രോഗാക്രാന്തമായ കുഗ്രാമങ്ങളിലൊന്നിൽ കൂലിപ്പണി ചെയ്തിരുന്ന കാസ്പർഷീലർ എന്നൊരു സാധുവിനു സ്വദേശമായ ഒബർഅമർഗോവിലേക്കു മടങ്ങി സ്വകളത്രപുത്രാദികളെ ദർശിക്കണമെന്നു് കലശലായ ഒരാഗ്രഹമുദിച്ചു. മരണത്തിന്റെ ചൂണ്ടുവിരൽ തന്റെനേക്കു നീട്ടിയിരിക്കുന്നതു് പക്ഷെ ഈ സാധു അന്തർദൃഷ്ട്യാ കണ്ടുവെന്നു വരാം; അഥവാ അയാൾ തന്റെ വാത്സല്യഭാജനങ്ങൾ വല്ലതും ആഗ്രഹിക്കുന്നുണ്ടോ എന്നറിവാനുദ്യമിച്ചതായിരിക്കാം. എങ്ങനെയുമാവട്ടെ. 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?' നിരോധനനിയമങ്ങളെ ലംഘിച്ചു് അയാൾ സ്വഗൃഹത്തിലെത്തി. അടുത്ത ദിവസംതന്നെ അയാൾക്കു പ്ലേഗ് പിടിപെട്ടു. മൂന്നു ദിവസം തികഞ്ഞില്ല, കാസ്പർഷീലർ ലോകരംഗത്തുനിന്നു മറഞ്ഞു. അയാൾ അറിയാതെ വിതച്ച വിത്തു് നിഷ്ഫലമായില്ല. ഒരു മാസത്തിനുള്ളിൽ ഒബർഅമർഗോവാസികളിൽ എൺപത്തിനാലുപേരെ ഈ മഹാരോഗം ഗ്രസിച്ചുകളഞ്ഞു.

---

* From 'The New Review', by Kind permission of the Editor.

ഗ്രാമവാസികളെല്ലാം സംഭ്രമിച്ചു വശായി. സമർത്ഥമായ നിവാരണോപായങ്ങൾ പ്രയോഗിച്ചില്ലെങ്കിൽ മരിച്ചവരെ സംസ്കരിക്കാൻപോലും ആളുണ്ടാവുകയില്ലെന്നായി. ആരുടെ നേരെയാണിനി സന്താപത്തിന്റെ ദുഷ്ടികൾ ഉയർത്തുക? അവർ ഒന്നറച്ചു. പ്ലേഗ് ശമിക്കുന്നപക്ഷം, പത്തുകൊല്ലത്തിലൊരിക്കൽ, ലോകരക്ഷകന്റെ പീഡാനുഭവം അഭിനയിക്കാമെന്നൊരു ശപഥത്തോടെ അവർ ദൈവത്തോടു കേണപേക്ഷിച്ചു. അവരുടെ അഭ്യർത്ഥന ദൈവം സ്വീകരിച്ചു. പ്ലേഗിന്റെ ക്രൂരാട്ടവും നിലച്ചു.

മഹാമാരിയുടെ ആക്രമണത്തിൽനിന്ന് ഇങ്ങനെ വിമുക്തരായപ്പോൾ ഒബർ അമർഗോ നിവാസികൾ ശപഥപാലനത്തിനുള്ള ശ്രമമായി. 1634-ൽ പീഡാനുഭവാഭിനയം നടന്നു. അതു പ്രഥമാഭിനയമോ, അതോ, ഇടക്കാലത്തു നിന്നുപോയ ഒരഭിനയകലയുടെ പുനരുദ്ധാരണമോ എന്നു തീർച്ചപറഞ്ഞുകൂടാ.

തൃതീയ ശതാബ്ദദിനം.

കഴിഞ്ഞകൊല്ലം നടന്ന പീഡാനുഭവാഭിനയം തൽപ്രസ്ഥാനത്തിന്റെ തൃതീയ ശതാബ്ദദിനം സംബന്ധിച്ചതായിരുന്നു. ഏതൽസ്മാരകമായി പ്രസിദ്ധം ചെയ്തിട്ടുള്ള ഔദ്യോഗികപത്രികയിൽ തൽപ്രണേതാക്കൾ ഇങ്ങനെ പറയുന്നു. "ഞങ്ങൾ പീഡാനുഭവ നാടകത്തിന്റെ മൂന്നാം ശതാബ്ദദിനം ആഘോഷിക്കുന്നതു ഔദ്ധത്യപൂർവ്വമായൊരു മനോഭാവത്തോടെയല്ല, പ്രത്യുത, സർവ്വഥാ സംശുദ്ധമായ ഒരു കലാപ്രകടനം അർഹിക്കുന്ന ഉത്തരവാദിത്വബോധത്തോടുകൂടിയത്രെ" അവരുടെ ഉദ്ദേശപരിശുദ്ധി ഇതിൽനിന്നു സ്പഷ്ടമാണ്. എന്തെന്നാൽ കേവലമൊരു കലാപ്രകടനമെന്നതിനുപരിയായി ഒരു ഭക്തകർമ്മമായും പ്രസ്തുതാഭിനയത്തെ അവർ പരിഗണിക്കുന്നു.

എന്നാൽ പുരോഭാഗികളുടെ നിശിതവിമർശനങ്ങളെയും നിരായുധമാക്കുന്ന കലാചാതുരിയാണ് അവിടത്തെ നടന്മാർ പ്രദർശിപ്പിക്കുന്നതു്. ഇതിവൃത്തത്തിന്റെ ദിവ്യത്വം, അനുകാരികളുടെ ആത്മാർത്ഥമായ ഭക്ത്യാദരങ്ങൾ എന്നിവ സാമാന്യ നാടകങ്ങളിൽനിന്ന് അതിനെ ഉയർത്തിക്കാട്ടുന്നു. അവരുടെ അഭിനയകൗശലത്തിന്റെ മഹിമാതിശയം നിമിത്തം കലാനിരൂപകന്മാരായ കാണികൾപോലും തങ്ങളെത്തന്നെ മറന്ന് സന്ദർഭത്തിൽ ഗാഢഗാഢം ലയിച്ചുപോകും.

പൂർവ്വരംഗങ്ങൾ. *

ഫാദർ ഡെയിസൻ ബെർഗർ (Father Daisenberger) എന്ന ദേഹമാണ് ഇതിന്റെ കർത്താവു്, ചില പൊടിക്കൈകൾ മൂലം, ഒരഭിനവചൈതന്യം വരുത്തിയതു്. "നാടകാഭിനയം വഴിക്കു് എന്റെ ജനങ്ങളെ അഭ്യസുവിദ്യരാക്കിത്തീർക്കണമെന്നേ എനിക്കുദ്ദേശമുള്ളൂ" എന്നദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ഇതിവൃത്തഘടനയ്ക്കൊരു വിശേഷമുണ്ടു്. കേവലം സുവിശേഷസംഭവങ്ങൾ മാത്രമല്ല നാം അവിടെ ദർശിക്കുന്നതു്. പഴയനിയമത്തിലെ സദൃശസംഭവങ്ങൾകൂടി ഇടയ്ക്കിടയ്ക്കു ഘടിപ്പിച്ചിരിക്കുന്നതായിക്കാണാം. സുവിശേഷസംഭവങ്ങളുടെ ആദ്ധ്യാത്മികമായ ആശയം, അവയ്ക്കു പൂർവ്വകഥയോടുള്ള ബന്ധം, അവ പ്രവചനങ്ങളുടെ നിർവ്വഹണം സാധിക്കുന്നവിധം– ഇവയുടെയെല്ലാം അവബോധമായിരിക്കണം നാടകക്കാരൻ ഉദ്ദേശിക്കുന്നതു്. ഉദാഹരണമായി, ക്രിസ്തു ബഥനിയിൽവെച്ചു് സ്വമാതാവുമായി വേർപിരിയുന്ന ഭാഗം കാണിക്കുന്നതിനു മുൻപുള്ള രംഗത്തിൽ 'പാട്ടുകളുടെ പാട്ടി'ലെ (Canticle of Canticles) വിരഹവ്യഥിതയായ കന്യകയുടേയും, റപ്പായേൽ മാലാഖയുമൊരുമിച്ചു പുറപ്പെടുന്ന വേളയിൽ സ്വമാതാപിതാക്കന്മാരോടു് യാത്രപറയുന്ന തോബിയാസിന്റെയും നിശ്ചലചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു. അതുപോലെ 'അന്ത്യഭോജനം' (Last Supper) അഭിനയിക്കുന്നതിനു

---

* 'പൂർവ്വരംഗം' എന്ന സംജ്ഞയാൽ നാടകീയമായ സാങ്കേതികാർത്ഥമല്ല, കേവലം വാച്യാർത്ഥമാണിവിടെ വിവക്ഷിക്കുന്നതു്. 'അങ്കമുഖ'വുമായി ഇതിനു ചില സാധർമ്യങ്ങളില്ലെന്നില്ല.

മുൻപുള്ള രംഗത്തിൽ മരുഭൂമിയിലെ 'മന്നാ'യുടെ പ്രദർശനമുണ്ടായിരിക്കും. യൂദാസ് ക്രിസ്തുവിനെ മുപ്പതു വെള്ളിക്കാശിനു വില്ക്കുന്ന രംഗത്തിനു മുൻപു് പൂവ്വ് യൗസേപ്പിനെ സഹോദരന്മാർ ഇരുപതു വെള്ളിക്കാശിനു വില്ക്കുന്ന ഭാഗം കാണിക്കും. ക്രിസ്തു കുരിശു ചുമന്നുകൊണ്ടു പോകുന്നതിനു മുൻപുള്ള രംഗത്തിൽ ഈസഹാക്കു് യജ്ഞോന്ധനവുമേന്തി മലമുകളിലേക്കു പോകുന്ന കഥ പ്രദർശിപ്പിക്കും. ക്രൂശാരോഹണത്തിനു മുൻപാവട്ടെ, പിച്ചളസ്സൂപ്പിന്റെ ഉത്ഥാപനവും ഉണ്ടായിരിക്കും. ഇങ്ങനെ മിക്ക രംഗങ്ങൾക്കും സമാനസാരങ്ങളായ പൂവ്വ്ചരിത്രരംഗങ്ങളുമുണ്ടായിരിക്കും.

ഗായകസംഘം.

ഒരു രംഗം കഴിഞ്ഞു് തിരശ്ശീല വീണാലുടൻ നാടകവേദിയുടെ ഇരുപാർശ്വങ്ങളിൽ നിന്നും "കാവൽമാലാഖമാരുടെ ഗായകസംഘം" സാവധാനം, സഗാംഭീര്യം രംഗത്തേക്കു വരും. ഇവരുടെ നേതൃത്വം വഹിക്കുന്നതു് മനോഹര വസനങ്ങളണിഞ്ഞ ഒരു ഗായകപ്രധാനനത്രെ. ഇത്ര ഗംഭീരവും അനുദ്ധതവുമായ ഒരു ഗായകസംഘത്തെ ആക്കം ഉത്ഭാവനം ചെയ്യാൻ കഴിയുന്നതല്ല. ഓരോ ഗായകനും പാദംവരെ നീണ്ടുകിടക്കുന്ന ഓരോ ശുഭ്രകഞ്ചുകവും, വിവിധ വർണ്ണാങ്കിതമായ പുറംകുപ്പായവും അണിഞ്ഞിരിക്കും. രണ്ടു ഘട്ടങ്ങളിൽമാത്രം ഉജ്ജ്വലവർണ്ണങ്ങളായ ഈ വസ്ത്രങ്ങൾക്കു പകരം കൃഷ്ണകഞ്ചുകങ്ങൾ ധരിച്ചു് അവർ പ്രത്യക്ഷരാകുന്നു: ക്രൂശാരോഹണാഭിനയത്തിനു മുൻപും പിൻപുമാണതു്.

ഗായകസംഘത്തിൽ രണ്ടു പേരുണ്ടു്. ഗായകപ്രധാനന്റെ ഇരുവശങ്ങളിലുമായി അർദ്ധവൃത്താകാരത്തിൽ നിരന്നതിനുശേഷം അദ്ദേഹം പാടുന്ന ആമുഖഗാനത്തെ തുടർന്നു് ആസന്നമായ പൂവ്വരംഗത്തിന്റെ കഥ അവർ ഭംഗിയായി പാടിക്കേൾപ്പിക്കുന്നു. അമ്പതോളം സംഗീതോപകരണങ്ങളുടെ സരസസമ്മേളനത്തോടെയാണിതു നടക്കുന്നതു്. ഇതു കഴിഞ്ഞാൽ അവർ ഇരുവശങ്ങളിലേക്കും ഒതുങ്ങിക്കൊടുക്കുകയും, തൽക്ഷണം പിന്നിലുള്ള തിരശ്ശീല നീങ്ങി പൂവ്വരംഗം പ്രത്യക്ഷമാവുകയും ചെയ്യുന്നു. ഉജ്ജ്വലവർണ്ണങ്ങളുടെ സമുചിതസമ്മിശ്രണം, മോഹനരൂപങ്ങളുടെ ക്രമാനുചിതപ്രദർശനം, നിസ്തുലഗാനങ്ങളുടെ സരസാലപനം!— ആകപ്പാടെ കണ്ണിനും കാതിനുമൊന്നാന്തരമുത്സവം!! തിരശ്ശീല വീഴുന്നു, പൂവ്വരംഗം മറയുന്നു, ഗായകന്മാർ ഇരുവശങ്ങളിലൂടെ തിരോധാനം ചെയ്യുന്നു, സാക്ഷാൽ കഥയാരംഭിക്കുന്നു— ഇങ്ങനെയാണു് ആദ്യന്തമുള്ള നടവടി.

നടന്മാർ.

നടന്മാരുടെ അഭിനയകുശലതയേപ്പറ്റിപ്പറഞ്ഞാൽ അതു കേവലം അനുപമമെന്നു് അനവധി മഹാന്മാർ ഏകകണ്ഠം സമ്മതിച്ചിട്ടുള്ളതാണു്. "പല നാടകശാലകളിലും ഞാൻ പോയിട്ടുണ്ടു്," ഒരു പ്രേക്ഷകൻ ഒരിക്കൽപ്പറയുകയുണ്ടായി, "എന്നാൽ ഇത്ര ആശ്ചര്യാവഹമായ അഭിനയം മറെറാരിടത്തും ഞാൻ കണ്ടിട്ടില്ല." തുടർച്ചയായി നാലുമണിക്കൂർ നേരം— അങ്ങനെ ദിവസം രണ്ടു പ്രാവശ്യം— നിങ്ങളെ ലവലേശം മുഷിപ്പിക്കാതെ, നിങ്ങളുടെ ഏകാഗ്രമായ ശ്രദ്ധയെ ആവഞ്ജിക്കുവാൻ കഴിയുന്ന ഒരു നാടകാഭിനയം, അതേകാരണത്താൽത്തന്നെ, വിശേഷതമമെന്നു വിധിച്ചുകൂടെ? പീഡാനുഭവത്തിന്റെ ഉദ്വേഗജങ്ങളായ ഭാഗങ്ങൾ അഭിനയിക്കപ്പെട്ടപ്പോൾ നിങ്ങൾ സ്ഥലവും കാലവും നിങ്ങളെത്തന്നെയും മറന്നു്, ഏൻപത വത്സരങ്ങൾക്കു മുൻപു നടന്ന ദുരന്തനാടകത്തെ സാനുകമ്പം വീക്ഷിക്കുന്ന ക്രിസ്തുഭക്തനായി സ്വയം സങ്കല്പിച്ചുപോകാതിരിക്കയില്ല.

ക്രിസ്തു.

അലോയ് ലാങ് (Alois Lang) എന്ന ദേഹമാണു് ക്രിസ്തുവിന്റെ ഭാഗം അഭിനയിച്ചതു്. ശാരീരികവും മാനസികവുമായി എത്തെല്ലാം സങ്കടങ്ങൾ ഒരു മനുഷ്യനുണ്ടാകാമോ അതു

കളുടെയെല്ലാം യാജ്യവസ്തുവായും സദ്ഗുണങ്ങളുടെയും ഉൽകൃഷ്ടനിദർശനമായുമത്രെ അദ്ദേഹം പ്രത്യക്ഷനാകുന്നത്. കഴുതപ്പുറത്തു കയറി, ഉച്ചത്തിൽ 'ഹോശാന'ലാപം മുഴക്കുന്ന ജനതതിയാൽ വലയിതനായി, ഓർശലേമിലേക്കു പ്രവേശിക്കുമ്പോൾ അദ്ദേഹത്തെ ശാന്തതയുടെ അവതാരമൂർത്തിയായി നാം കാണുന്നു. ദിവ്യമായ അമർഷത്തോടെ കച്ചവടക്കാരെയും ക്രൂരേയും ദേവാലയത്തിൽനിന്ന് അടിച്ചോടിക്കുമ്പോൾ അദ്ദേഹത്തെ തന്റെ പൂർണ്ണശക്തിയിലും പ്രൗഢതയിലും നാം ദർശിക്കുന്നു. ശിമയോന്റെ ഗൃഹത്തിൽവെച്ച് തന്റെ സൗജന്യവും യൂദാസിന്റെ നേരെയുള്ള സഹിഷ്ണുതയും പ്രകാശിക്കുന്നു. യൂദാസ് പാവങ്ങളോട് അനുകമ്പ നടിച്ചു സംസാരിക്കുമ്പോൾ ക്രിസ്തു പ്രശാന്തനായി പറയുന്നു: "പാവങ്ങൾ എപ്പോഴും നിന്നോടുകൂടെയുണ്ട്; ഞാനോ എപ്പോഴുമുണ്ടായിരിക്കയില്ല." അപഥചാരിയായ ഈ ശിഷ്യന്റെ അപരിചയഭാവത്തിലുള്ള വ്യഥയും നിവിടെ സ്ഫുരിക്കുന്നത്. അവന്റെ ധനദുർമ്മോഹം അവനെ നശിപ്പിക്കുമെന്ന് അദ്ദേഹം മുൻകൂട്ടിക്കാണുന്നു.

യൂദാസ്.

യൂദാസിന്റെ ഭാഗമാണ് അഭിനയിക്കുവാൻ ഏറ്റവും വിഷമം; എന്നാൽ അത്ഭുതമെന്നയാണത്രെ സർവ്വോപരി താദാത്മ്യത്തോടെ അവിടെ അഭിനയിക്കപ്പെട്ടതും. ഹാൻസ് സ്വിൻക് (Hans Zwink) എന്ന നടനാണ് ഈ ഭാഗം സമർത്ഥമായി നിർവ്വഹിച്ചത്. ചില ഘട്ടങ്ങളിൽ യൂദാസിന്റെ ഭാഷ അതുൽക്കടമെങ്കിലും സാമാന്യമായി അയാൾ വാക്കിലും ക്രിയയിലും ഒരു മാതിരി നിയന്ത്രണം ആചരിക്കുന്നുണ്ട്. രാക്ഷസീയനായ ഒരു യൂദാസിനെയല്ല, പാപിയായ യൂദാസിനെയാണു നാം അവിടെ കാണുന്നത്. അവസാനത്തെ വഞ്ചനവരെ അവൻ സഹൃദയവിനെറകുടെ മടിശ്ശീലക്കാരനായി എപ്പോഴുമുണ്ട്. ക്രിസ്തു തന്റെ ഭവിഷ്യത്തായ വിയോഗത്തെയും മരണത്തെയും കുറിച്ചു സൂചിപ്പിക്കുന്നത് അവൻ പലപ്പോഴും കേട്ടിട്ടുണ്ട്. തൻമൂലം ദാരിദ്ര്യഭീതി അവനെ ബാധിക്കുന്നു. എന്താണതിനു പ്രതിവിധി? പ്രീശേന്മാരുടെ ദുരാലോചന കേട്ട് മുപ്പതു വെള്ളിക്കാശിനു തന്റെ ഗുരുവിനെ ഒറിക്കൊടുക്കാമെന്ന് യൂദാസ് ഏല്ക്കുന്നു. അങ്ങനെ ഒറിക്കൊടുക്കുന്നു. അതിൽ യാതൊരപകടവും അവൻ കാണുന്നില്ല. ശത്രുക്കളിൽനിന്നു സ്വയം രക്ഷ നേടാനുള്ള പാടവം തന്റെ ഗുരുവിനുണ്ടല്ലൊ എന്നാണവന്റെ ആശ്വാസം.

അനന്തരമുള്ള രണ്ടു രംഗങ്ങളിൽ യൂദാസിനു തന്റെ പാപത്തിന്റെ ഗുരുത്വം അനുഭവപ്പെട്ടു തുടങ്ങുന്നു. തന്റെ ഗുരുനാഥൻ മരിക്കണമെന്നോ? ഇങ്ങനെയൊരു സന്നിപാതം താൻ പ്രതീക്ഷിച്ചിരുന്നില്ല. പരിഭ്രാന്തനായി അവൻ ആലോചനാസംഘത്തിലേക്കോടിച്ചെന്ന്, ക്രിസ്തുവിനെ മരണശിക്ഷയ്ക്കു വിധിച്ചുവെന്നു കേട്ടതു പരമാർത്ഥമോയെന്നു ചോദിക്കുന്നു. "ക്രിസ്തു മരിക്കുതന്നെവേണം" എന്നവർ പറയുന്നു. കഠിനമായ നൈരാശ്യത്തോടെ അവൻ നിലവിളിക്കുകയാണ്: "ഹാ, ശപിതനായ ഞാൻ! ആ നീതിമാനെ ഞാൻ വഞ്ചിച്ചു! രക്തപ്രിയന്മാരായ ന്യായാധിപന്മാരെ! ആ നിർമ്മലനെ നിങ്ങൾ വഞ്ചിച്ചു!" കായിഫാസ് അവന്റെ വാശ്ചാനം അവനെ അനുസ്മരിപ്പിക്കുകയും വേണമെങ്കിൽ ക്രൂശതൽ ധനം നൽകാമെന്നു പറയുകയും ചെയ്യുന്നു. "വേണ്ട! എനിക്കുവേണ്ട! ഈ ലജ്ജാകരമായ വിക്രയം ഇനി വേണ്ട! ആ നിഷ്കളങ്കനെ വിട്ടുകളയണം! എനിക്കു വിട്ടുതരണം! എനിക്കവന്റെ രക്തത്തിൽ പങ്കില്ല!" "എടാ, നിർല്ലജ്ജനായ ദ്രോഹി!", ഒരു പ്രീശേൻ പറയുന്നു, "നിയാണോ ഞങ്ങളെ ഉപദേശിക്കാൻ? നിന്റെ ഗുരു മരിക്കുകതന്നെ ചെയ്യും! നിയാണതിനു കാരണക്കാരൻ!" യൂദാസ് വിഭ്രാന്തിപൂണ്ട് "അവൻ മരിക്കും! ഞാൻ നശിക്കും!!" എന്നു നിലവിളിച്ചുകൊണ്ട് പുറത്തേക്കോടുന്നു. "രക്തപ്രിയരായ ദുഷ്ടന്മാരെ! ഇതാ, നിങ്ങളുടെ രക്തനാണയം! . . . എന്റെ ആത്മാവു നശിക്കും നിങ്ങൾ . . . ('മിണ്ടരുതു്! കടക്കു പുറത്തു്!' എന്നു പ്രീശേന്മാർ) . . . നിങ്ങൾ എല്ലാവരും എന്നോടൊന്നിച്ചു നരകത്തിൽ പതിക്കും!' ഇതോടുകൂടി അവൻ ഭ്രാന്തനേപ്പോലെ ഓടി മറിവിട്ടുപോകുന്നു.

ഒരിക്കൽക്കൂടി മാത്രം യൂദാസ് പ്രത്യക്ഷനാകുന്നു. സംഭ്രമജനകമായ ആ ഘട്ടം എങ്ങനെയാണു വർണ്ണിക്കുക? സഹൃദയന്മാരുടെ സഹതാപസിരകൾക്കു തീവ്രചലനമുണ്ടാക്കുന്ന ആ കാഴ്ച, അഹോ, ഭയാനകം! കർട്ടൻ നീങ്ങുമ്പോൾ നാടകവേദിക്കുള്ളിലായി വിജനമായ ഒരു ഭൂവിഭാഗം കാണാറാകുന്നു. ഉന്നതങ്ങളായ ശിലകളുടെ മധ്യേ ആകാശത്തിലേക്കു നീണ്ടുനില്ക്കുന്ന ഒരു ശുഷ്കമായ വൃക്ഷശാഖയും ദൃശ്യമാകുന്നു. ശൂന്യതയുടെ നൃത്തരംഗമായ ഇവിടേയ്ക്കാണ് യൂദാസ് വരുന്നതു്. അവന്റെ അസ്വസ്ഥതയും വിഭ്രാന്തിയും അപരാദ്ധമനസ്സിന്റെ തീവ്രയാതനയെ വിളിച്ചറിയിക്കുന്നുണ്ട്. എങ്ങോട്ടാണ് പോകേണ്ടതെന്നു് അവനറിഞ്ഞുകൂടാ. അവനു് ഒളിക്കുവാൻ തക്കവണ്ണം ഒരു സ്ഥലവും അതു ശൂന്യമോ തമോമയമോ അല്ല. ലക്ഷ്യമില്ലാതെ അവൻ അങ്ങുമിങ്ങും തിണ്ടാടുന്നു. ഒടുവിൽ ഒരു കരിങ്കല്ലിന്റെ മീതെ ചെന്നിരുന്നു്, കൈകൾ രണ്ടുവശത്തേക്കും തളർത്തിയിട്ടു്, കുനിഞ്ഞു്, തല മുട്ടിനുമീതെ വെച്ചുകൊണ്ടു്— കഷ്ടതയുടെ ഒരു ദയനീയ ചിത്രം!— ഇങ്ങനെ പ്രലപിക്കുന്നു: "ഹാ, ഭൂമിപിളർന്നു് എന്നെ വിഴുങ്ങിയിരുന്നെങ്കിൽ!— ശപ്തമായ ദുരാഗ്രഹമേ! നീയെന്നെ അന്ധനും ബധിരനുമാക്കിയല്ലോ. കഷ്ടം! ഇനി ഞാൻ ശിഷ്യഗണത്തിൽ ഒരുവനല്ല; സഹോദരന്മാരുടെ മുഖത്തു് ഇനി ഞാനെങ്ങനെ നോക്കും? ഞാൻ ഭ്രഷ്ടൻ, സർവരാലും നിന്ദിതൻ, എന്നെ പ്രലോഭിപ്പിച്ചവരാൽപോലും 'ദ്രോഹി!' എന്നു വിളിക്കപ്പെടുന്നവൻ! ഹാ, എന്റെ ഗുരുവിന്റെ മുഖം ഒരിക്കൽക്കൂടി കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ അദ്ദേഹത്തെ വിട്ടുപിരിയാതെ തന്നോടു പററിച്ചേർന്നു നില്ക്കുമായിരുന്നു! . . . എന്നാൽ, കഷ്ടം! അദ്ദേഹം കാരാഗൃഹത്തിലാണു കിടക്കുന്നതു്. പക്ഷെ ശത്രുക്കൾ തന്നെ ഇപ്പോൾ വധിച്ചിരിക്കണം. അയ്യോ! ഇതെന്റെ കുറ്റം! എന്റെ പാപം! ശപിക്കപ്പെട്ട മനുഷ്യകീടമേ, നിനക്കിനി രക്ഷയും ശരണവും ഇല്ല! നിന്റെ പാപം അതു കഠിനം! അതിന്നൊരു പ്രായശ്ചിത്തവുമില്ല; എന്തെന്നാൽ അവൻ മരിച്ചു! . . . നീയാണവന്റെ ഘാതകൻ!" തന്നെ സ്വമാതാവു പ്രസവിച്ച മുഹൂർത്തത്തെപ്പോലും അവൻ ശപിക്കുന്നു. ഇങ്ങനെ വീണ്ടും അസ്വസ്ഥനായി ഉഴലുമ്പോൾ പാറക്കെട്ടിനിടക്കുള്ള ശുഷ്കമായ വൃക്ഷശാഖ കണ്ടെത്തുന്നു. പെട്ടെന്നവിടെ നിന്നിട്ടു് ആ വൃക്ഷശാഖയെ അവൻ ഉറ്റുനോക്കുന്നു. ദുരിതപൂർണ്ണനായ തനിക്കു് അഭയം നൽകുവാൻ അതു കൈകൾ നീട്ടുന്നതായി അവനു തോന്നി. ഇനി സഹിക്കാൻ നിവൃത്തിയില്ല. എല്ലാറ്റിനും ഒരവസാനം കാണണം. അവൻ അന്ത്യവചനങ്ങൾ ഉച്ചരിക്കുന്നു: "ഇനി ഒരടി മുന്നോട്ടില്ല. ശപിക്കപ്പെട്ട ജീവിതമേ! നിന്നെ ഇപ്പോൾ ഒടുക്കിയേക്കാം." (ഏടക്കെട്ടിൽ പിടിച്ചുകൊണ്ടു്) 'അല്ലയോ സമ്പ്രമേ, ഈ വഞ്ചകന്റെ കഴുത്തിൽ മുറുക്കിപ്പിണഞ്ഞു് ഇവനെ ഞെക്കിക്കൊന്നുകളയുക!" ഇതു പറഞ്ഞു തീരുന്നതോടുകൂടി അസാമാന്യ വേഗത്തിൽ തന്റെ ഏടക്കെട്ടു് വലിച്ചെടുത്തു് കഴുത്തിനുചുറ്റും മാരകമായ ആ കുടുക്കു് വീഴ്ത്തുകയായി. പാറപ്പുറത്തു കയറി ചരടിന്റെ മറെറ അറ്റം മരക്കൊമ്പിലേക്കു് എറിയുന്നതോടുകൂടി കർട്ടൻ വീഴുന്നു.

ഇങ്ങനെയാണു് യൂദാസിന്റെ ദാരുണമായ ദുരന്തം. യെരുശലേം പ്രവേശം, പീലാത്തോസിന്റെ വിസ്താരം, മാതാവിന്റെ വ്യാകുലം മുതലായ പല ഘട്ടങ്ങളും ഇതുപോലെ ആകർഷകങ്ങളത്രെ. അറുനൂറുമുതൽ എഴുനൂറുവരെ ആളുകൾ പ്രസ്തുത രംഗങ്ങളിൽ പാർട്ടെടുക്കും. എല്ലാ രംഗത്തിലും കലാപരമായ ഒരു പൂർണ്ണിമ കാണാം. വിജ്ഞാനപുനരുദ്ധാരണകാലത്തെ മഹാ ചിത്രകാരന്മാർ, വിശിഷ്യ ഇത്താല്യരും ഇസ്പാന്യക്കാരും, തങ്ങളുടെ ചിത്രങ്ങൾ വഴിയായി നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റേയും ശിഷ്യന്മാരുടേയും സമകാലികന്മാരായ മറുള്ളവരുടേയും സ്വഭാവങ്ങൾ വിലേഖനം ചെയ്തിട്ടുണ്ടു്. ആ സ്വഭാവങ്ങളൊക്കെത്തന്നെയാണു് പീഡാനുഭവാഭിനയം കാണുമ്പോൾ നമുക്കു ഗോചരീഭവിക്കുന്നതു്. ഏതെങ്കിലുമൊരു പാത്രം രംഗത്തുവന്നാൽ അതു് ഇന്നയാളാണെന്നു് ആരും നിങ്ങൾക്കു് പറഞ്ഞുതരേണ്ട. ടിഷ്യന്റെയോ (Titian) റാഫേലിന്റെയോ (Raphael) ചിത്രങ്ങളിൽ നിങ്ങളവരെ മുൻപു കണ്ടിട്ടുണ്ടാവും.

നാടകം കഴിഞ്ഞു് എന്താണെ തനിക്കുണ്ടായ അനുഭവമെന്നു് ഒരാൾ തന്നോടുതന്നെ മനസാ ചോദിക്കുന്നപക്ഷം ഒരു ചിത്രത്തെയോ, പ്രസംഗത്തെയോ, ധ്യാനത്തെയോകാൾ സജീവമായി ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ഈ നാടകം പ്രേക്ഷകഹൃദയത്തിന്നനുഭൂതമാക്കുന്നുണ്ടെന്നുള്ള സമാധാനവും അയാൾക്കു് ക്ഷണേന തോന്നുന്നതാണു്. എത്രയെത്ര ഘട്ടങ്ങളിലാണു് നാം കരഞ്ഞുപോവുക! പീഡകളനുഭവിക്കുന്ന ക്രിസ്തുവിനുവേണ്ടി എത്രയെത്ര ദീർഘനിശ്വാസങ്ങളും അടക്കിപ്പിടിച്ച രോദനങ്ങളുമാണു് കാണികളിൽനിന്നുൽഗമിക്കുക! മുരുക്കിപ്പുറത്താൽ നാടകദർശനം കഴിഞ്ഞു് ലേശമെങ്കിലും ഒരിളക്കംതട്ടാതെ, മാനസാന്തരം ഭവിക്കാതെ, ഏതു ശിലാഹൃദയനും ഒബർ അമർഗോവിൽനിന്നു മടങ്ങുവാൻ സാധിക്കുന്നതല്ല.

മുന്നൂറു വത്സരങ്ങളായിട്ടും ശപഥപാലനവ്രതത്തിനു ഭംഗം വരുത്താതെ സഭയേയും സമുദായത്തെയും സേവിച്ചു ജീവിച്ചുപോരുന്ന ഈ കലാകുശലന്മാക്കു്— ഭക്താഗ്രണികളായ ഒബർ അമർഗോ നിവാസികൾക്കു— സർവ മംഗളങ്ങളും ഭവിക്കട്ടെ!



Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam, 1937.